പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി I

# (SUBJECT COMMITTEE I)

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

## (AGRICULTURE, ANIMAL HUSBANDRY AND FISHERIES)

**ആനുകാലിക റിപ്പോർട്ട്**

**(2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ളത്)**

**(PERIODICAL REPORT FROM 1st APRIL 2016 TO 31st MARCH 2017)**

**[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239(1) പ്രകാരമുള്ളത്]**

**[Under Rule 239(1) of the Procedure and Conduct of Business in the Kerala Legislative Assembly]**

**2017 ആഗസ്റ്റ് 22-ാം തീയതി സമർപ്പിച്ചത്**

**(Presented on August 22, 2017)**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2017

SECRETARIAT OF THE KERALA LEGISLATURE

THIRUVANANTHAPURAM

2017

**പതിനാലാം കേരള നിയമസഭ**

(FOURTEENTH KERALA LEGISLATIVE ASSEMBLY)

**സബ്ജക്റ്റ് കമ്മിറ്റി I**

**(SUBJECT COMMITTEE I)**

**കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും**

**(AGRICULTURE, ANIMAL HUSBANDRY AND FISHERIES)**

**ആനുകാലിക റിപ്പോർട്ട്**

**(2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ളത്)**

**(PRERIODICAL REPORT FROM 1st APRIL 2016 TO 31st MARCH 2017)**

[കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239(1) പ്രകാരമുള്ളത്]

[Under Rule 239(1) of the Procedure and Conduct of Business in the Kerala Legislative Assembly]

1247/2017.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 31 |

# സബ്ജക്ട് കമ്മിറ്റി I

## കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും

## (2016-2018)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. വി. എസ്. സുനിൽ കുമാർ,

കൃഷി വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u> :

ശ്രീ. കെ. രാജു,

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി.

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ,

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u>:

ശ്രീ. പാറക്കൽ അബ്ദുല്ല, എം.എൽ.എ.

ശ്രീ. എ. പി. അനിൽ കുമാർ, എം.എൽ.എ.

ശ്രീ. ചിറ്റയം ഗോപകുമാർ, എം.എൽ.എ.

ശ്രീ. കെ. കുഞ്ഞിരാമൻ, എം.എൽ.എ.

ശ്രീ. എം. നൗഷാദ്, എം.എൽ.എ.

ശ്രീ. എസ്. ശർമ്മ, എം.എൽ.എ.

ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

ശ്രീ. കെ. വി. വിജയദാസ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. എസ്. പ്രസന്നകുമാർ, അഡീഷണൽ സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജയശ്രീ, എം., അണ്ടർ സെക്രട്ടറി.

# അവതാരിക

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ 2016 ഏപ്രിൽ 1 മുതൽ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (i)-ാം ഉപചട്ടപ്രകാരം ഞാൻ സമർപ്പിക്കുന്നു.

14-ാം കേരള നിയമസഭയുടെ 2016 ജൂലൈ 7-ാം തീയതിയിലെ 26-ാം നമ്പർ ബുള്ളറ്റിൻ—ഭാഗം 2 പ്രകാരം 2016 ജൂലൈ 5 പ്രാബല്യത്തിൽ രൂപീകരിച്ച 2016-2018 കാലയളവിലെ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I, 1-4-2016 മുതൽ 31-3-2017 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

റിപ്പോർട്ട് കാലയളവിൽ സമിതി 27-7-2016, 3-8-2016, 10-8-2016, 7-9-2016, 20-10-2016, 21-12-2016, 22-2-2017, 22-3-2017, 28-3-2017 എന്നീ തീയതികളിലായി ഒൻപത് യോഗങ്ങൾ ചേരുകയുണ്ടായി. ഇവയിൽ 27-7-2016, 3-8-2016 എന്നീ തീയതികളിൽ 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന നടത്തുന്നതിനും 10-8-2016-ന് 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്റെ കരടും 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരടും പരിഗണിക്കുന്നതിനും 20-10-2016-ന് 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 7-9-2016-ന് സമിതിയുടെ വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിഗണിക്കുന്നതിനും 21-12-2016, 22-2-2017 എന്നീ തീയതികളിൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം235(1)(iii) പ്രകാരം യഥാക്രമം റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ, വരൾച്ച മൂലമുള്ള കാർഷികമേഖലയിലെ പ്രശ്നങ്ങൾ എന്നീ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും 22-3-2017, 28-3-2017 എന്നീ തീയതികളിൽ 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന നടത്തുന്നതിനുമാണ് സമിതിയോഗങ്ങൾ ചേർന്നത്.

യോഗങ്ങളിലെ ശരാശരി ഹാജർനില 61% ആയിരുന്നു.

ഈ റിപ്പോർട്ട് നാല് ഭാഗങ്ങളായിട്ടാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടെ വിവരങ്ങളും രണ്ടാം ഭാഗത്തിൽ ചട്ടം 235(1)(iii) പ്രകാരം ചേർന്ന യോഗങ്ങളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു.

മൂന്നാം ഭാഗത്ത് ചട്ടം 236 (5) പ്രകാരമുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സർക്കാർ യഥാസമയം സമിതിക്ക് സമർപ്പിക്കുന്നതിനുള്ള കാലതാമസം നേരിട്ടതിനുള്ള കാരണം കാണിക്കുന്ന സ്റ്റേറ്റ്മെന്റുകളുടെ വിവരങ്ങളും ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷികപ്രവർത്തന റിപ്പോർട്ടുകളുടെ വിവരങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. നാലാം ഭാഗത്തിൽ സമിതി പരിഗണിച്ച ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മുൻവർഷങ്ങളിലെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലും സമിതിയുടെ മറ്റു റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലും സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകളും ഉൾപ്പെടുത്തിയിരിക്കുന്നു. യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായും ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 21-8-2017-ന് ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

വി. എസ്. സുനിൽ കുമാർ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി I.*

തിരുവനന്തപുരം,
2017 ആഗസ്റ്റ് 21.

## റിപ്പോർട്ട്

### <u>ഭാഗം I</u>

### സഭയിൽ സമർപ്പിച്ച സമിതി റിപ്പോർട്ടുകൾ

1. സബ്ജക്ട് കമ്മിറ്റി I-ന്റെ 2016-17 സാമ്പത്തികവർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് 2016 സെപ്റ്റംബർ മാസം 26-ാം തീയതി സഭയിൽ സമർപ്പിച്ചു.

2. സമിതിയുടെ 1-4-2015 മുതൽ 31-3-2016 വരെയുള്ള ആനുകാലിക റിപ്പോർട്ട് 21-10-2016-ന് സഭയിൽ സമർപ്പിച്ചു.

3. 2015-16 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 21-10-2016-ൽ സഭയിൽ സമർപ്പിച്ചു.

### <u>ഭാഗം II</u>

### ചട്ടം 235 (1) (iii) പ്രകാരം സമിതി നടത്തിയ ചർച്ച

ചട്ടം 235(1)(iii) പ്രകാരം, റബ്ബർ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ എന്ന വിഷയം സംബന്ധിച്ച് 21-12-2016-നും വരൾച്ചമൂലമുള്ള കാർഷിക മേഖലയിലെ പ്രശ്നങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി 22-2-2016-നും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി.

### <u>ഭാഗം III</u>

### ചട്ടം 236(5) പ്രകാരം സഭയുടെ മേശപ്പുറത്തുവച്ച സ്റ്റേറ്റ്മെന്റുകൾ

1. 2011-12 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 1-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 17-ലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതിക്ക് സമർപ്പിക്കുവാൻ കാലതാമസം ഉണ്ടായത് സംബന്ധിച്ച വിശദീകരണം അടങ്ങുന്ന സ്റ്റേറ്റ്മെന്റ് 12-7-2016-ന് സഭയുടെ മേശപ്പുറത്ത് വച്ചു.

2. 2013-14 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക 9-ലെയും ഖണ്ഡിക 28-ലെയും ഖണ്ഡിക 4, 6 എന്നിവയിലെയും ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതിക്ക് സമർപ്പിക്കുവാൻ കാലതാമസം ഉണ്ടായത് സംബന്ധിച്ച വിശദീകരണം അടങ്ങുന്ന സ്റ്റേറ്റ്മെന്റ് യഥാക്രമം 12-7-2016, 17-10-2016, 8-3-2017 എന്നീ തീയതികളിൽ സഭയുടെ മേശപ്പുറത്ത് വച്ചു.

3. 2014-15 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ഖണ്ഡിക 2, 3, 7, 8, 9, 27 എന്നിവയിലെയും ഖണ്ഡിക 36 മുതൽ 42 വരെയും 56 മുതൽ 58 വരെയും ഖണ്ഡിക 24, 25,43, 44, 45, 46, 48, 49, 50, 51, 52, 53, 54, 55-ലെയും, ഖണ്ഡിക 28-ലെയും ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് സമിതിക്ക് സമർപ്പിക്കുവാൻ കാലതാമസം ഉണ്ടായത് സംബന്ധിച്ച വിശദീകരണം അടങ്ങുന്ന സ്റ്റേറ്റ്മെന്റുകൾ യഥാക്രമം 12-7-2016, 17-10-2016, 8-11-2016, 8-3-2017 എന്നീ തീയതികളിൽ സഭയുടെ മേശപ്പുറത്തു വച്ചു

## ചട്ടം 236(6) പ്രകാരം സഭയുടെ മേശപ്പുറത്തുവച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

| ക്രമ നമ്പർ | വാർഷികപ്രവർത്തന റിപ്പോർട്ട് | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|
| (1) | (2) | (3) |
| 1 | കേരള കാർഷിക സർവ്വകലാശാലയിലെ 2014-15-ലെ വാർഷിക പ്രവർത്തന റിപ്പോർട്ട് | 13-7-2016 |
| 2 | ക്ഷീരവികസന വകുപ്പിന്റെ 2014-15 സാമ്പത്തിക വർഷത്തെ വിവിധ ശീർഷകങ്ങളിലെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ | 13-7-2016<br>18-7-2016<br>19-7-2016 |
| 3 | മൃഗസംരക്ഷണ വകുപ്പിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷികപ്രവർത്തന റിപ്പോർട്ട് | 19-10-2016 |
| 4 | സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ കേരളയുടെ 2015-16-ലെ വാർഷികപ്രവർത്തന റിപ്പോർട്ട് | 9-10-2016 |
| 5 | കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്ററിന്റെ 2015-16-ലെ വാർഷികപ്രവർത്തന റിപ്പോർട്ട് | 19-10-2016 |
| 6 | കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡിന്റെ 2015-16-ലെ വാർഷികപ്രവർത്തന റിപ്പോർട്ട് | 19-10-2016 |
| 7 | മണ്ണുപര്യവേഷണ സംരക്ഷണ വകുപ്പിന്റെ 2015-16-ലെ വാർഷിക പ്രവർത്തന റിപ്പോർട്ട് | 19-10-2016 |
| 8 | മൃഗസംരക്ഷണ വകുപ്പിന്റെ 2015-16-ലെ വാർഷിക പ്രവർത്തന റിപ്പോർട്ട് | 19-10-2016 |

| (1) | (2) | (3) |
|---|---|---|
| 9 | ക്ഷീരവികസന വകുപ്പിന്റെ 2014-15-ലെ വാർഷിക പ്രവർത്തന റിപ്പോർട്ട് | 19-10-2016 |
| 10 | മത്സ്യബന്ധന വകുപ്പിന്റെ 2015-16-ലെ വാർഷിക പ്രവർത്തന റിപ്പോർട്ട് | 9-3-2017 |
| 11 | കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 2014-15-ലെ വാർഷിക പ്രവർത്തന റിപ്പോർട്ട് | 9-3-2017 |
| 12 | കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 2015-16- ലെ വാർഷികപ്രവർത്തന റിപ്പോർട്ട് | 9-3-2017 |
| 13 | കേരള കാർഷികസർവ്വകലാശാലയുടെ 2015-16-ലെ വാർഷികപ്രവർത്തന റിപ്പോർട്ട് | 9-3-2017 |
| 14 | ക്ഷീരവികസന വകുപ്പിന്റെ 2015-16-ലെ വാർഷിക പ്രവർത്തന റിപ്പോർട്ട് | 23-5-2017 |
| 15 | കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ 2013-14-ലെ വാർഷിക പ്രവർത്തന റിപ്പോർട്ട് | 23-5-2017 |

## ഭാഗം IV

**എ. സബ്ജക്ട് കമ്മിറ്റി I-ന്റെ വിവിധ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ, റിപ്പോർട്ട് കാലയളവിൽ സമിതി പരിഗണിച്ച സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ**

**1. 2009-10-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്**

സബ്ജക്ട് കമ്മിറ്റി I-ന്റെ 2009-10-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 4-ാമത് റിപ്പോർട്ടിലെ 23-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് 26-11-2014-ലെ സമിതി യോഗത്തിൽ പരിഗണിക്കുകയും കേരള സംസ്ഥാന ഹോർട്ടികൾച്ചറൽ പ്രൊഡക്ട് ഡെവലപ്മെന്റ് കോർപ്പറേഷന് 50 ലക്ഷം കൂടി വകയിരുത്തണമെന്ന സമിതി ശിപാർശ പ്രകാരമുള്ള പ്രൊപ്പോസൽ ഒന്നുകൂടി സമർപ്പിക്കുന്നതിന് സമിതി നിർദ്ദേശിക്കുകയും ചെയ്തു.

(ഖണ്ഡിക 23 അധികനിർദ്ദേശം)

<u>സ്വീകരിച്ച നടപടി</u>

2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിൽ തുകയൊന്നും ഹോർട്ടികോർപ്പിന് അനുവദിച്ചിരുന്നില്ലെങ്കിലും 2014-15 ഡിസംബറിലെ ഉപധനാഭ്യർത്ഥനയിൽ 25 ലക്ഷം രൂപ ഹോർട്ടികോർപ്പിന് വകയിരുത്തിയിരുന്നു. കൂടാതെ 2015-16 സാമ്പത്തിക വർഷം 25 ലക്ഷം രൂപ ബജറ്റിൽ ഹോർട്ടികോർപ്പിന് അനുവദിച്ചിട്ടുണ്ട്.

**2. 2011-12 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്**

<u>ശിപാർശ</u>

2401-00-110-94 <u>കാലാവസ്ഥ അടിസ്ഥാന ഇൻഷ്വറൻസ്</u>

2008-09-ൽ സംസ്ഥാനത്ത് കാലാവസ്ഥയെ അടിസ്ഥാനപ്പെടുത്തിയുള്ള ഇൻഷ്വറൻസ് പൈലറ്റ് പദ്ധതിക്ക് രൂപം നൽകുകയുണ്ടായി. നെല്ല്, കശുമാവ്, മാവ് എന്നീ വിളകൾക്കാണ് പദ്ധതി ഏർപ്പെടുത്തിയത്. 2009-10-ൽ ഇത് കുരുമുളകിന് കൂടി വ്യാപിപ്പിച്ചു. ഈ പദ്ധതിയുടെ തുടർ നടത്തിപ്പിനായിട്ടാണ് 2011-12-ൽ 25 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുള്ളത്. പ്രസ്തുത തുക അപര്യാപ്തമായതിനാൽ അധികമായി 25 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

<u>സ്വീകരിച്ച നടപടി</u>

സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2011-12 സാമ്പത്തിക വർഷത്തിൽ കാലാവസ്ഥാധിഷ്ഠിത ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് 100 ലക്ഷം രൂപ അനുവദിക്കുകയും ആയത് പൂർണ്ണമായി വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

<u>ശിപാർശ</u>

2402-00-101-90 <u>മേഖലാ മണ്ണ് പരിശോധനാ ലബോറട്ടറി സ്ഥാപിക്കലും കോന്നിയിൽ നിലവിലുള്ള ലബോറട്ടറി ശക്തിപ്പെടുത്തലും</u>

ഈ സാമ്പത്തികവർഷം രാസഭൗതിക പരിശോധനകൾ ഉൾപ്പെടെ 17000 മണ്ണ് സാമ്പിളുകളുടെ പരിശോധനകൾ നടത്താൻ ഉദ്ദേശിക്കുന്നു. മണ്ണിന്റെ രാസഭൗതിക പരിശോധനകൾ നടത്താനാവശ്യമായ രാസവസ്തുക്കൾ, ഗ്ലാസ്വെയറുകൾ, മെൽസുചിപ്പിച്ച പരീക്ഷണശാലകൾക്ക് ആവശ്യമായ ഉപകരണങ്ങൾ തുടങ്ങിയവ വാങ്ങുന്നതിനായി തുക വിനിയോഗിക്കുന്നു. കൂടാതെ സംസ്ഥാനത്തെ മണ്ണിന്റെ ഡേറ്റാബേസിന്റെ വികസനത്തിനുവേണ്ടിയും വിഹിതം ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അനുവദിച്ച തുക അപര്യാപ്തമാകയാൽ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

<u>സ്വീകരിച്ച നടപടി</u>

**സമിതി ശിപാർശ ചെയ്ത തുക അനുവദിക്കുകയുണ്ടായില്ല**

<u>ശിപാർശ</u>

കൃഷി ഭവനുകളിൽ ക്ലറിക്കൽ ജോലി ചെയ്യുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥരില്ലാത്തതിനാൽ സാങ്കേതിക ജോലികൾ നിർവ്വഹിക്കുന്നതിനായി നിയമിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥർ നിലവിൽ എല്ലാത്തരം ക്ലറിക്കൽ ജോലികളും മറ്റനുബന്ധ ജോലികളും ചെയ്യേണ്ടിവരുന്നു. തന്മൂലം കാർഷിക പദ്ധതികൾ നടപ്പിലാക്കേണ്ട ഉദ്യോഗസ്ഥർക്ക് തങ്ങളിൽ അർപ്പിതമായ ജോലി നിർവ്വഹിക്കാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്. ഇത് പരിഹരിക്കാനായി സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളിലും അഗ്രികൾച്ചർ അസിസ്റ്റന്റുമാരെയും ക്ലർക്കുമാരെയും നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

<u>സ്വീകരിച്ച നടപടി</u>

സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളിലും അഗ്രികൾച്ചറൽ അസിസ്റ്റന്റുമാരുടെ തസ്തിക നിലവിലുണ്ട്. എല്ലാ കൃഷിഭവനുകളിലും ഒരു ക്ലറിക്കൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിച്ചിട്ടില്ല. (1076 തസ്തികകൾ)

<u>ശിപാർശ</u>

4405-00-800-78 <u>ആലപ്പുഴ വടക്ക് അന്ധകാരനഴി പാലം നിർമ്മാണം</u>

വിഹിതം : ഇല്ല

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 67-ലെ ശിപാർശയിന്മേലുള്ള നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും കൃഷിയെ ബാധിക്കുന്ന വിഷയമായതിനാൽ പാലം നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കേണ്ടതാണെന്ന് അഭിപ്രായപ്പെടുകയും പ്രസ്തുത പ്രവർത്തിക്കായി അടിയന്തരമായി ഫണ്ട് അനുവദിക്കണമെന്ന് ശിപാർശ ചെയ്യുകയും ചെയ്തു.

(ഖണ്ഡിക 67 സംബന്ധിച്ച അധിക നിർദ്ദേശം)

<u>സ്വീകരിച്ച നടപടി</u>

'4450-00-800-78 ആലപ്പുഴ വടക്ക് അന്ധകാരനഴി പാലം നിർമ്മാണം (പ്ലാൻ)' എന്ന ശീർഷകത്തിൽ 446 ലക്ഷം രൂപ അനുവദിക്കുന്നതിനായി 2013-14-ലെ രണ്ടാം

ഉപധനാഭ്യർത്ഥനയിൽ പ്രൊപ്പോസൽ നൽകിയിരുന്നു. എന്നാൽ ഉപധനാഭ്യർത്ഥന, ധനപുനർവിനിയോഗം എന്നിവ മുഖേന ആകെ 159.67 ലക്ഷം രൂപ അനുവദിക്കുകയും ടി തുക പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തു.

<u>2014-15</u>

ടി ശീർഷകത്തിൽ 2014-15 വർഷത്തിൽ തുകയൊന്നും അനുവദിച്ചിട്ടില്ല.

<u>2015-16</u>

2015-16 വർഷത്തിൽ ടി ശീർഷകത്തിൽ 112.99 ലക്ഷം രൂപ ഉപധനാഭ്യർത്ഥനയിൽ അനുവദിക്കുകയും പ്രസ്തുത തുക പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

**3. 2013-14-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ട്**

<u>ശിപാർശ</u>

2401-00-113-83 <u>കാർഷികസേവന കേന്ദ്രവും സേവനം എത്തിക്കലും</u>

കർഷകർക്ക് മികച്ച സേവനം നൽകുന്നതിനും വിജ്ഞാനവ്യാപന പ്രവർത്തനം നിർവ്വഹിക്കുന്നതിനുമുള്ള സ്ഥാപനങ്ങളായി കൃഷിഭവനുകളെ സജ്ജമാക്കുന്ന പദ്ധതി വിഭാവനം ചെയ്യുന്നതിനാൽ സാങ്കേതികവിദ്യ കൈമാറ്റത്തിനും സേവനം സേവനവിതരണത്തിനും മറ്റു തുടർപ്രവർത്തനങ്ങൾക്കുമായി 2013-14 സാമ്പത്തികവർഷത്തിൽ ഈ ശീർഷകത്തിൽ അധികമായി 805 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

<u>സ്വീകരിച്ച നടപടി</u>

'കാർഷികസേവന കേന്ദ്രവും സേവനം എത്തിക്കലും' എന്ന പദ്ധതിക്ക് ശിപാർശ ചെയ്ത അധികതുകയായ 805 ലക്ഷം രൂപ '4401-00-113-98' എന്ന ശീർഷകത്തിൽ അനുവദിക്കുകയും ആയതിൽ 729.19 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

<u>ശിപാർശ</u>

2401-00-119-85 - <u>സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ -കൃഷിവകുപ്പ് മുഖേനയുള്ള പച്ചക്കറി വികസനം</u>

സംസ്ഥാനത്തെ എല്ലാ സർക്കാർ/എയ്ഡഡ് സ്കൂളുകളിലും ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി ഈ ശീർഷകത്തിൽ 2500 ലക്ഷം രൂപ ഒറ്റത്തവണ സഹായമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

**സ്വീകരിച്ച നടപടി**

2013-14 വർഷത്തിൽ അധികതുക ആവശ്യപ്പെട്ടിരുന്നെങ്കിലും തുക അനുവദിച്ചില്ല. എന്നാൽ 2014-15 സാമ്പത്തിക വർഷം സംസ്ഥാനത്തെ 3825 സ്കൂളുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി 514.04 ലക്ഷം രൂപ '2401-00-109-71 (പ്ലാൻ)' എന്ന ശീർഷകത്തിൽ അനുവദിക്കുകയും ആയത് വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

**ശിപാർശ**

2415-05-277-99 - **കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ്**

കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയ്ക്കുള്ള പ്ലാൻ ഫണ്ട് അലോക്കേഷനിലെ പ്രത്യേക നിബന്ധനമൂലം സർവ്വകലാശാലയ്ക്ക് അക്കാദമിക് കൗൺസിൽ അംഗീകരിച്ച പുതിയ 8 കോഴ്സുകൾ തുടങ്ങുവാൻ നിർവ്വാഹമില്ലാതിരിക്കുന്ന അടിയന്തര സാഹചര്യം സമിതി ചർച്ച ചെയ്തു. 2013-14 സാമ്പത്തികവർഷത്തിൽ ഫിഷറീസ് സർവ്വകലാശാല പുതിയ കോഴ്സുകളോ വകുപ്പുകളോ പ്ലാൻ ഫണ്ടിന്റെ സഹായത്തോടെ തുടങ്ങുവാൻ പാടില്ലെന്നും 2012-13-ൽ ആരംഭിച്ച ഐ.സി.എ.ആർ. പാഠ്യപദ്ധതി അനുസരിച്ചുള്ള കോഴ്സുകൾക്ക് മാത്രമേ പദ്ധതി വിഹിതം ഉപയോഗിക്കുവാൻ പാടുള്ളൂ എന്നുമുള്ള പ്ലാൻ ഫണ്ട് അലോക്കേഷനിലെ നിബന്ധന യൂണിവേഴ്സിറ്റിയുടെ സ്വാതന്ത്ര്യാധികാരത്തിന് വിരുദ്ധമാണെന്ന് സമിതി വിലയിരുത്തി. സർവ്വകലാശാലയ്ക്ക് സ്വതന്ത്രമായി പ്രവർത്തിക്കുവാൻ മേൽപ്പറഞ്ഞ നിബന്ധനകൾ നീക്കം ചെയ്യണമെന്നും ടി പദ്ധതിയനുസരിച്ചുള്ള 8 പുതിയ കോഴ്സുകൾ തുടങ്ങുവാൻ അടിയന്തരമായി അനുമതി നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

ഖണ്ഡിക 19-ലെ ശിപാർശ പ്രകാരം അധിക തുക അനുവദിക്കുന്നതിനായി കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷൻ സ്റ്റഡീസ് സമർപ്പിച്ചിരുന്ന പ്രൊപ്പോസൽ വീണ്ടും സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു

(അധിക നിർദ്ദേശം)

**സ്വീകരിച്ച നടപടി**

കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല ആയതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും കഴിഞ്ഞ സാമ്പത്തിക വർഷം തുക അനുവദിച്ചിരുന്നില്ല (2013-14) അധിക ഗ്രാന്റ് അനുവദിച്ചില്ലെങ്കിലും നിലവിലെ ഗ്രാന്റ് പുതിയ കോഴ്സുകൾക്ക് കൂടി ഉപയോഗിക്കുന്നതിന് കഴിയുന്നതാണ്.

**ശിപാർശ**

**2435-01-101-85 – വിലസ്ഥിരതക്കാവശ്യ വിപണിയിൽ ഇടപെടൽ**

അപ്രതീക്ഷിതമായ വിലയിടിവുമൂലം സാമ്പത്തികപ്രതിസന്ധിയിലാകുന്ന കേരകർഷകരെ സഹായിക്കാൻ കൃഷിഭവൻ മുഖേന പച്ചത്തേങ്ങ സംഭരിക്കുന്ന പദ്ധതി 2013-ൽ ഉടക്കമിട്ടു. ഈ പരിപാടി കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിന് ഈ ശീർഷകത്തിൽ 1000 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

**സ്വീകരിച്ച നടപടി**

വിലയിടിവുമൂലം സാമ്പത്തികപ്രതിസന്ധി അനുഭവിക്കുന്ന കേരകർഷകരെ സഹായിക്കുന്നതിനായി കൃഷിഭവൻ മുഖേനയുള്ള പച്ചത്തേങ്ങ സംഭരണ പദ്ധതി കേരഫെഡ് മുഖാന്തിരമാണ് നടപ്പിലാക്കിയിട്ടുള്ളത്. 2013-14 സാമ്പത്തികവർഷം വിഷയനിർണ്ണയ സമിതി ശിപാർശ പ്രകാരം വിലസ്ഥിരതക്കാവശ്യ വിപണി ഇടപെടൽ എന്ന പദ്ധതിയിൻകീഴിൽ 2435-01-101-85 (പ്ലാൻ) എന്ന ശീർഷകത്തിൽ 2500 ലക്ഷം രൂപ 2013-14 ലെ ഉപധനാഭ്യർത്ഥന പ്രകാരം അനുവദിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതിനായി തുകയൊന്നും അനുവദിച്ചിട്ടില്ല. എന്നിരുന്നാലും 2013-14 സാമ്പത്തികവർഷത്തിൽ 1120 ലക്ഷം രൂപ കേരഫെഡിന് അനുവദിക്കുകയും അതുപയോഗിച്ച് 32305 മെട്രിക് ടൺ പച്ചത്തേങ്ങ കർഷകരിൽ നിന്ന് സംഭരിക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ 2014-15 സാമ്പത്തികവർഷം 244.25 ലക്ഷം രൂപ പച്ചത്തേങ്ങ സംഭരണത്തിനായി കേരഫെഡിന് അനുവദിച്ചിട്ടുണ്ട്. ഇതുപയോഗിച്ച് 9900 മെട്രിക് ടൺ പച്ചത്തേങ്ങ സംഭരിക്കുകയുണ്ടായി. 2015-16 സാമ്പത്തികവർഷത്തിൽ പച്ചത്തേങ്ങ സംഭരണ പദ്ധതിക്കായി 10 കോടി രൂപ കേരഫെഡിന് അനുവദിച്ചിട്ടുണ്ട്. 2016-17 സാമ്പത്തികവർഷം നാളിതുവരെ 5 കോടി രൂപ ഈ പ്രവർത്തനത്തിനായി കേരഫെഡിന് അനുവദിച്ചിട്ടുണ്ട്.

**ശിപാർശ**

സംസ്ഥാന നാളികേര കർഷകരെ സഹായിക്കുന്നതിനായി കേരോല്പന്ന വൈവിദ്ധ്യവൽക്കരണം ഉല്പാദനം, വിപണനം എന്നിവ ഏറ്റെടുത്ത് നാളികേര വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തേണ്ടതും ആയതിന് കോർപ്പറേഷന്റെ കൈവശമുള്ള സ്ഥലങ്ങൾ ഉപയോഗപ്പെടുത്തി മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന പദ്ധതികളും ആരംഭിക്കാവുന്നതാണെന്നും പ്രസ്തുത പ്രവൃത്തികൾക്കായി 2013-14 സാമ്പത്തിക വർഷത്തേക്ക് 100 ലക്ഷം രൂപ വകയിരുത്തേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

## സ്വീകരിച്ച നടപടി

സർക്കാരിന് യാതൊരുവിധ സാമ്പത്തിക ബാധ്യതയും ഉണ്ടാവരുത് എന്നും പുനരുദ്ധാരണ പദ്ധതിക്കുള്ള പണം കോർപ്പറേഷന്റെ സ്വന്തം വിഭവങ്ങളിൽ നിന്നും കണ്ടെത്തണം എന്നുമുള്ള നിബന്ധനയോടെയാണ് നാളികേരവികസന കോർപ്പറേഷനെ പുനരുദ്ധരിക്കുവാൻ 4-3-2014 ലെ ജി.ഒ.(എം.എസ്) 65/14/കൃഷി പ്രകാരം ഉത്തരവായത്. സമിതിയുടെ ശിപാർശ പരിശോധിച്ചുവെങ്കിലും സാമ്പത്തിക ബാധ്യതയും വിഭവലഭ്യതയും പരിഗണിച്ച് സമിതി ശിപാർശ ചെയ്ത പ്രകാരം 2013-14 സാമ്പത്തികവർഷം തുക വകയിരുത്താൻ കഴിഞ്ഞില്ല.

## ശിപാർശ

കൃഷിഭവനുകൾ വഴി പച്ചത്തേങ്ങ സംഭരിക്കുന്ന ഒരു പദ്ധതിക്ക് കൃഷിവകുപ്പ് തുടക്കം കുറിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി കൂടുതൽ കൃഷിഭവനുകളിലേക്ക് വ്യാപിപ്പിക്കുന്നതിന് 2500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 36)

## സ്വീകരിച്ച നടപടി

വിലയിടിവുമൂലം സാമ്പത്തികപ്രതിസന്ധി അനുഭവിക്കുന്ന കേരകർഷകരെ സഹായിക്കുന്നതിനായി കൃഷിഭവൻ മുഖേനയുള്ള പച്ചത്തേങ്ങ സംഭരണ പദ്ധതി കേരഫെഡ് മുഖാന്തിരമാണ് നടപ്പിലാക്കിയിട്ടുള്ളത്. 2013-14 സാമ്പത്തികവർഷം വിഷയനിർണ്ണയ സമിതി ശിപാർശ പ്രകാരം വിലസ്ഥിരതക്കുവേണ്ടി വിപണി ഇടപെടൽ എന്ന പദ്ധതിയിൻകീഴിൽ 2435-01-101-85 (പ്ലാൻ) എന്ന ശീർഷകത്തിൽ 2500 ലക്ഷം രൂപ 2013-14-ലെ ഉപധനാഭ്യർത്ഥന പ്രകാരം അനുവദിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതിനായി തുകയൊന്നും അനുവദിച്ചിട്ടില്ല. എന്നിരുന്നാലും 2013-14 സാമ്പത്തികവർഷത്തിൽ 1120 ലക്ഷം രൂപ കേരഫെഡിന് അനുവദിക്കുകയും അതുപയോഗിച്ച് 32305 മെട്രിക് ടൺ പച്ചത്തേങ്ങ കർഷകരിൽ നിന്ന് സംഭരിക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ 2014-15 സാമ്പത്തികവർഷം 244.25 ലക്ഷം രൂപ പച്ചത്തേങ്ങ സംഭരണത്തിനായി കേരഫെഡിന് അനുവദിച്ചിട്ടുണ്ട്. ഇതുപയോഗിച്ച് 9900 മെട്രിക് ടൺ പച്ചത്തേങ്ങ സംഭരിക്കുകയുണ്ടായി. 2015-16 സാമ്പത്തികവർഷത്തിൽ പച്ചത്തേങ്ങ സംഭരണ പദ്ധതിക്കായി 10 കോടി രൂപ കേരഫെഡിന് അനുവദിച്ചിട്ടുണ്ട്. 2016-17 സാമ്പത്തികവർഷം നാളിതുവരെ 5 കോടി രൂപ ഈ പ്രവർത്തനത്തിനായി കേരഫെഡിന് അനുവദിച്ചിട്ടുണ്ട്.

1247/2017.

## <u>ശിപാർശ</u>

**2405-00-103-97 <u>മത്സ്യബന്ധന തുറമുഖങ്ങളുടെ സംരക്ഷണവും നടത്തിപ്പും</u>**

മത്സ്യബന്ധന തുറമുഖങ്ങളിലെ ജീവനക്കാരുടെ വേതനം, തുറമുഖങ്ങളുടെ സംരക്ഷണം എന്നിവയ്ക്കായി ഈ ശീർഷകത്തിൽ 150 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 94)

മത്സ്യബന്ധന തുറമുഖങ്ങളിലെ ജീവനക്കാരുടെ വേതനം മുഴുവനും നൽകിയോ എന്ന് സമിതി ആരാഞ്ഞതിന് നൽകിയെന്ന് ജോയിന്റ് സെക്രട്ടറി അറിയിച്ചു. സമിതി ശിപാർശ ചെയ്ത തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം എന്ന് നിർദ്ദേശിച്ചു.

(അധിക നിർദ്ദേശം)

## <u>സ്വീകരിച്ച നടപടി</u>

2013-14 വർഷത്തിൽ ടി ശീർഷകത്തിൽ മത്സ്യബന്ധന തുറമുഖങ്ങളിലെ ജീവനക്കാരുടെ വേതനത്തിനായി 66 ലക്ഷം രൂപ അധികമായി അനുവദിക്കുകയും ടി തുക പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

## <u>ശിപാർശ</u>

**2405-00-800-82 <u>മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ്, ജനറൽ ഇൻഷ്വറൻസ് കോർപ്പറേഷനുള്ള പ്രീമിയം (50% കേന്ദ്രസഹായം)</u>**

2013-14 സാമ്പത്തികവർഷം മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് തുക 3 ലക്ഷത്തിൽ നിന്നും 5 ലക്ഷമാക്കി വർദ്ധിപ്പിക്കുമ്പോൾ അതിന് ആനുപാതികമായി പ്രീമിയം തുക 150 രൂപയോളം വർദ്ധിക്കുന്ന സാഹചര്യത്തിൽ അതിനായി ഈ ശീർഷകത്തിൽ 65 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 100)

സമിതി ശിപാർശ ചെയ്ത പ്രകാരമുള്ള 65 ലക്ഷം രൂപയിൽ അനുവദിച്ച 34,24,000 രൂപ ഒഴിച്ചുള്ള ബാക്കി തുക കൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

(അധിക നിർദ്ദേശം)

## <u>സ്വീകരിച്ച നടപടി</u>

മത്സ്യത്തൊഴിലാളികൾക്കായുള്ള ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിക്കായി 2013-14 സാമ്പത്തികവർഷം '2405-00-800-82 (Plan)' എന്ന ശീർഷകത്തിൽ 330 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്.

മത്സ്യത്തൊഴിലാളികളിൽ ഒരാൾക്ക് 138 രൂപയും 12.36% സർവ്വീസ് ടാക്സും നിരക്കിൽ ആകെ 3,64,24,000/- രൂപയാണ് ആവശ്യമുണ്ടായിരുന്നത്. ധനകാര്യ വകുപ്പ് 34,24,000 രൂപ അധികമായി മാത്രനൈസേഷനായി അനുവദിക്കുകയും ആകെ 3,64,24,000 രൂപ സർക്കാർ അനുവദിച്ച് ഉത്തരവാകുകയും ടി തുക യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനിക്ക് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. 2013-14-ലെ മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

2405-00-800-76-P(V)<u>സംയോജിത മത്സ്യബന്ധന വികസന പദ്ധതി (100% എൻ.സി.ഡി.സി. സഹായം സംസ്ഥാന വിഹിതം)</u>

ഐ.എഫ്.ഡി.പി. 2011-12 പദ്ധതിയുടെ കാലാവധി 30-6-2014-ന് അവസാനിക്കുന്നതിനാൽ ഈ ശീർഷകത്തിൽ 700 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 101)

സംയോജിത മത്സ്യബന്ധന വികസന പദ്ധതിയ്ക്കുള്ള തുക ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്താൻ ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

(അധിക നിർദ്ദേശം)

<u>സ്വീകരിച്ച നടപടി</u>

ഐ.എഫ്.ഡി.പി. 2011-12 പദ്ധതിയുടെ കാലാവധി എൻ.സി.ഡി.സി. 30-11-2014 വരെ ദീർഘിപ്പിച്ചിരുന്നു. ബഡ്ജറ്റ് വിഹിതം 100 ലക്ഷം രൂപയായിരുന്നു. 664.34 ലക്ഷം രൂപ 2405-00-800-76 എന്ന ശീർഷകത്തിൽ എസ്.ഡി.ജി മുഖേന അനുവദിക്കുന്നതിന് ഫിഷറീസ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും 2013-14 സാമ്പത്തിക വർഷത്തിൽ എൻ.സി.ഡി.സി., ഐ.എഫ്.ഡി.പി. 2011-12 പദ്ധതിയ്ക്കായി തുക അനുവദിച്ചിരുന്നില്ല. തുടർന്ന് 2014-15 വർഷം 553.06 ലക്ഷം രൂപ ജി.ഒ.(ആർറ്റി.) നം.923/2014/എഫ് & പി.ഡി. തീയതി 27-10-2014 പ്രകാരം മത്സ്യഫെഡിന് അനുവദിച്ച് നൽകിയിട്ടുണ്ട്. 100 ലക്ഷം രൂപ ജി.ഒ.(ആർറ്റി.) നം.205/2015/എഫ് & പി.ഡി. തീയതി 24-3-2015 പ്രകാരം അനുവദിച്ചിട്ടുണ്ട്. ആകെ എൻ.സി.ഡി.സി., ഐ.എഫ്.ഡി.പി. 2011-12 പദ്ധതിയ്ക്കായി '2405-00-800-76P(V)' എന്ന ശീർഷകത്തിൽ 653.06 ലക്ഷം രൂപ 2014-15 വർഷം അനുവദിച്ച് നൽകിയിട്ടുണ്ട്.

<u>ശിപാർശ</u>

2405-00-800-29 <u>ബയോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും ഓഷ്യനേറിയവും സ്ഥാപിക്കൽ</u>

കൊച്ചിയിലെ പുതുവൈപ്പിൽ ഒരു ഓഷ്യനേറിയം സ്ഥാപിക്കുന്നതിനും ആയതിന്റെ പരിസ്ഥിതി ആഘാത പഠന ചെലവുകൾക്കായി 500 ലക്ഷം രൂപ അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 105)

സമിതി ശിപാർശ ചെയ്ത തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

(അധിക നിർദ്ദേശം)

<u>സ്വീകരിച്ച നടപടി</u>

ഓഷ്യനേറിയം പദ്ധതി നടപ്പാക്കുന്നതിനായി വിശദമായ പാരിസ്ഥിതിക പഠനം നടത്തുന്നതുമായി ബന്ധപ്പെട്ട് 4.14 ലക്ഷം രൂപ ഫിർമിയുടെ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അനുവദിച്ച് നൽകിയിരുന്നു. [(സ.ഉ. (സാധാ.) നമ്പർ 2719/13/ധന., തീയതി 30-3-2013) (C3/5531/2007 തീയതി 30-3-2013 പ്രൊസീഡിംഗ്സ് പ്രകാരം)] പിന്നീട് 50 ലക്ഷം രൂപ അഡീഷണൽ ഓതറൈസേഷനായി അനുവദിക്കണമെന്ന് ഫിഷറീസ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ധനകാര്യ വകുപ്പ് അനുവദിച്ച് നൽകിയിട്ടില്ല.

<u>ശിപാർശ</u>

2405-00-800-09 <u>വള്ളങ്ങളുടെ ആധുനികവൽക്കരണം (50% കേന്ദ്ര സഹായം)</u>

പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 10 എച്ച്.പി.-ക്ക താഴെയുള്ള ഔട്ട് ബോർഡ് എഞ്ചിനുകൾ മാറ്റിവയ്ക്കാൻ 30,000 രൂപ വരെ സബ്സിഡിയായി നൽകുകയെന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2012-13 സാമ്പത്തികവർഷം ഈ ഇനത്തിൽ വകയിരുത്തിയ തുക എല്ലാ അപേക്ഷകർക്കും സഹായം ലഭ്യമാക്കാൻ അപര്യാപ്തമായതിനാൽ 110 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 108)

സമിതി ശിപാർശ ചെയ്ത തുക ലഭ്യമാക്കാൻ വകുപ്പ് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

(അധിക നിർദ്ദേശം)

<u>സ്വീകരിച്ച നടപടി</u>

2012-13 സാമ്പത്തികവർഷത്തിൽ 40 ലക്ഷം രൂപയാണ് നാടൻ വള്ളങ്ങളുടെ ആധുനികവൽക്കരണം എന്ന പദ്ധതിക്ക് നൽകിയിരുന്നത്. ടി പദ്ധതിക്കായി കൂടുതൽ തുക ആവശ്യപ്പെട്ടിരുന്നുവെങ്കിലും2013-14, 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ ടി പദ്ധതിക്കായി 40 ലക്ഷം രൂപ വീതമാണ് അനുവദിച്ചിട്ടുള്ളത്. 2013 മുതൽ 2015 മാർച്ച് മാസം വരെ ഏകദേശം 1500 ഓളം 10 എച്ച്.പി.-ക്ക് താഴെയുള്ള ഔട്ട് ബോർഡ് എഞ്ചിനുകളാണ് സംസ്ഥാനത്ത് മത്സ്യഫെഡ് വഴി വിൽപ്പന നടത്തിയിട്ടുള്ളത്. ഈ രണ്ട് വർഷക്കാലയളവിൽ സബ്സിഡിക്കായി 700 മത്സ്യത്തൊഴിലാളികളാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. മത്സ്യബന്ധന ഉപകരണങ്ങൾക്കായി ലഭിച്ച തുക

ആശ്വാസമായ ഈ പദ്ധതി ചെലവാക്കേണ്ടിവരുന്ന മത്സ്യത്തൊഴിലാളികൾക്ക് ടി പദ്ധതിയ്ക്കായി സ.ഉ. നടപ്പിലാക്കേണ്ടത് വളരെ അത്യാവശ്യമാണ്. (സാധാ)636/15/മ.തു.വ. തീയതി 3-8-2015 പ്രകാരം 20 ലക്ഷം രൂപ റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. ബാക്കി 20 ലക്ഷം രൂപ റിലീസ് ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ് (CSS).

<u>ശിപാർശ</u>

4405-00-103-98- <u>സംയോജിത മത്സ്യബന്ധന വികസന പദ്ധതി (എൻ.സി.ഡി.സി. സഹായം)</u>

വിഹിതം 50,00,000 രൂപ

30-6-2014-ന് ഐ.എഫ്.ഡി.പി. 2011-12 പദ്ധതിയുടെ കാലാവധി അവസാനിക്കുന്നതെന്നതിനാൽ ഈ ശീർഷകത്തിൽ 650 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 109)

പൂർത്തിയാക്കിയ പ്രോജക്റ്റ് സംയോജിത മത്സ്യബന്ധന വികസനപദ്ധതി ആണെന്നും ഓഹരി മൂലധനമാണ് കിട്ടാനുള്ളതെന്നും മത്സ്യബന്ധന വകുപ്പ് ജോയിന്റ് സെക്രട്ടറി അറിയിച്ചതിനെത്തുടർന്ന് പ്രസ്തുത തുക അനുവദിക്കാൻ വീണ്ടും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

(അധിക നിർദ്ദേശം)

<u>സ്വീകരിച്ച നടപടി</u>

എൻ.സി.ഡി.സി. ഐ.എഫ്.ഡി.പി. 2011-12 പദ്ധതിയുടെ കാലാവധി 30-11-2014 പ്രകാരം 2-7/2011 ഫിഷ് (350) (ആർ.എ. 40344) തീയതി ബഡ്ജറ്റ് വിഹിതം 50,00,000 രൂപയായിരുന്നു. എൻ.സി.ഡി.സി. ദീർഘിപ്പിച്ചിരുന്നു. 28-11-2013, 4-6-2013 620.07 ലക്ഷം രൂപ '4405-00-103-98' എന്ന ശീർഷകത്തിൽ എസ്.ഡി.ജി മുഖേന തീയതികളിലെ ഇ 1/10230/2013 നമ്പർ കത്തുകൾ പ്രകാരം നൽകിയിരുന്നുവെങ്കിലും അനുവദിക്കുന്നതിന് ഫിഷറീസ് ഡയറക്ടർ പ്രൊപ്പോസൽ 2011-12 2013-14 സാമ്പത്തികവർഷത്തിൽ എൻ.സി.ഡി.സി.-ഐ.എഫ്.ഡി.പി. പദ്ധതിയ്ക്കായി തുക സർക്കാർ അനുവദിച്ചിരുന്നില്ല. എന്നാൽ ജി.ഒ. (ആർറ്റി.)നം.923/ 2014/എഫ്&പി.ഡി. തീയതി 27-10-2014 പ്രകാരം 620.07 ലക്ഷം രൂപ മത്സ്യഫെഡിന് അനുവദിച്ച് നൽകിയിട്ടുണ്ട്. 50 ലക്ഷം രൂപ ജി.ഒ. (ആർറ്റി.)നം.302/12/എഫ്&പി.ഡി. തീയതി 30-3-2012 പ്രകാരം അനുവദിച്ചിട്ടുണ്ട്. എൻ.സി.ഡി.സി ഐ.എഫ്.ഡി.പി 2011-12 പദ്ധതിയ്ക്കായി 4405-00-103-98 ശീർഷകത്തിൽ ആകെ 670.07 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## ശിപാർശ

**4405-00-800-80- തീരദേശ റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തൽ**

കൃഷിയും ഭൂസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ഖണ്ഡിക നമ്പർ 119 ആയി ഭരണാനുമതി ലഭിച്ച തീരദേശറോഡുകളുടെ നിലവാരം മെച്ചപ്പെടുത്തൽ പദ്ധതിയിലെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും ടി ഖണ്ഡികയിൽ സമിതി ശിപാർശ ചെയ്ത തുക ലഭ്യമാക്കാനും പുതിയശീർഷകം അനുവദിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

(ഖണ്ഡിക 119 അധികവിവരം)

## സ്വീകരിച്ച നടപടി

2013-14 സാമ്പത്തിക വർഷത്തിൽ 55.45 കോടി രൂപ 4405-80-800-80 തീരദേശറോഡുകളുടെ നിലവാരം മെച്ചപ്പെടുത്തൽ (നോൺപ്ലാൻ) ശീർഷകത്തിൽ വകയിരുത്തിയിരുന്നു. പ്രസ്തുത തുക പൂർണ്ണമായും വിനിയോഗിച്ച് സമിതി ശിപാർശ ചെയ്ത തുകയ്ക്ക് പ്രൊപ്പോസൽ നൽകിയെങ്കിലും അധികതുക അനുവദിച്ചിട്ടില്ല.

## 2014-15

തീരദേശ റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി 2014-15 വർഷത്തിൽ 55 കോടി രൂപ അനുവദിച്ചിരുന്നു. ആയതിൽ 40.46 കോടി രൂപ ചെലവഴിച്ചു. ധനകാര്യ വകുപ്പിൽ നിന്ന് ക്രെഡിറ്റ് രേഖ ലഭിക്കാത്തതിനാൽ 14.54 കോടി രൂപ സറണ്ടർ ചെയ്തു.

## 2015-16

"4405 Capital Outlay on Fisheries-103 Marine Fisheries-94 Upgradation of Coastal Roads" എന്ന പുതിയ ശീർഷകത്തിൽ 2015-16-ൽ 5500 ലക്ഷം ബഡ്ജറ്റ് വിഹിതമായും കൂടാതെ രണ്ടാം ഉപധനാഭ്യർത്ഥനയിൽ 24.73 കോടി രൂപയും ഉൾപ്പെടെ ആകെ 7973 ലക്ഷം അനുവദിച്ചിരുന്നു. കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി ടി തുകയിൽ 7330.44 ലക്ഷം രൂപ ചെലവഴിച്ചു. ധനകാര്യവകുപ്പിൽ നിന്ന് ക്രെഡിറ്റ് രേഖ ലഭിക്കാത്തതിനാൽ 642.56 ലക്ഷം രൂപ സറണ്ടർ ചെയ്തു.

## 2016-17

"4405 Capital Outlay on Fisheries-103 Marine Fisheries-94 Upgradation of Coastal Roads" എന്ന ശീർഷകത്തിൽ 2016-17-ൽ 5500 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയതിൽ ഇതുവരെ 4128.87 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

<u>മത്സ്യബന്ധന തുറമുഖങ്ങളെ യൂറോപ്യൻ നിലവാരത്തിലേക്ക് ഉയർത്തൽ</u>

കേരളത്തിലെ മത്സ്യബന്ധന തുറമുഖങ്ങളുടെ സൗകര്യങ്ങളും കുറവുകളും വിലയിരുത്തി ശുചിയായ രീതിയിൽ മത്സ്യം സൂക്ഷിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും മത്സ്യകയറ്റുമതി രംഗത്തെ നിലവിലുള്ള പ്രതികൂല അവസ്ഥ പരിഹരിക്കുന്നതിനുമായി മത്സ്യബന്ധന തുറമുഖങ്ങളെ യൂറോപ്യൻ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള പദ്ധതിയ്ക്കായും, മത്സ്യബന്ധന തൊഴിലാളികൾക്ക് അവബോധം നൽകുന്നതിനുമായി പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതിന് ഒരു പുതിയ ശീർഷകത്തിൽ 200 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 124)

സമിതി ശിപാർശ ചെയ്ത തുക ലഭ്യമാക്കാനും പുതിയ ശീർഷകം അനുവദിക്കുന്നതിനും ആവശ്യമായ നടപടി വകുപ്പ് സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

(അധിക നിർദ്ദേശം)

<u>സ്വീകരിച്ച നടപടി</u>

കേരളത്തിലെ മത്സ്യബന്ധന തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ യൂറോപ്യൻ നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പദ്ധതികൾക്കും മത്സ്യബന്ധന തൊഴിലാളികൾക്ക് അവബോധം നൽകുന്ന പരിപാടികൾ ആവിഷ്കരിക്കുന്നതിലേയ്ക്കായി 2016-17 വർഷത്തിൽ 1000 രൂപ ടോക്കൺ വിഹിതം അനുവദിക്കുന്നതിനും ഒരു പുതിയ ശീർഷകം തുടങ്ങുന്നതിനും ധനകാര്യവകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

<u>ശിപാർശ</u>

<u>മത്സ്യബന്ധന തുറമുഖങ്ങളുടെ പ്രധാന അറ്റകുറ്റപ്പണികളും വലിയതോതിലുള്ള നിർമ്മാണ പ്രവൃത്തികളും (സ്റ്റേറ്റ് പ്ലാൻ)</u>

നിലവിൽ മത്സ്യബന്ധന തുറമുഖങ്ങളുടെയും, മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളുടെയും, നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നതിനും കമ്മീഷൻ ചെയ്ത മത്സ്യബന്ധന തുറമുഖങ്ങളുടെയും മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളുടെയും പുലിമുട്ടുകളുടെ നീളം കൂട്ടൽ, വാർഫ് നീളം കൂട്ടൽ, റോഡ് നിർമ്മാണം, യാർഡ് നീളം കൂട്ടൽ എന്നീ പ്രവൃത്തികൾക്കും തുക വിനിയോഗിക്കുന്നതിന് ഒരു ശീർഷകം നിലവിലില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ഇപ്രകാരമുള്ള പ്രവർത്തനങ്ങൾക്കായി ഒരു പുതിയ ശീർഷകം അനുവദിക്കണമെന്നും ആയതിലേക്ക് 300 ലക്ഷം രൂപ ഈ സാമ്പത്തികവർഷം വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 125)

സമിതി ശിപാർശ ചെയ്ത തുക ലഭ്യമാക്കാനും പുതിയ ശീർഷകം അനുവദിക്കുന്നതിനും ആവശ്യമായ നടപടി വകുപ്പ് സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

(അധിക നിർദ്ദേശം)

<u>സ്വീകരിച്ച നടപടി</u>

കമ്മീഷൻ ചെയ്ത മത്സ്യബന്ധന തുറമുഖങ്ങളിലെല്ലാം മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളിലെല്ലാം പുലിമുട്ടുകളുടെ നീളം കൂട്ടൽ, വാർഫ് നീളം കൂട്ടൽ, റോഡ് നിർമ്മാണം, യാർഡ് നീളം കൂട്ടൽ എന്നീ പ്രവൃത്തികൾക്ക് തുക വിനിയോഗിക്കുന്നതിന് പുതിയ ഉപശീർഷകം തുടങ്ങുന്നതിന് അടുത്ത വർഷത്തെ (2016-17) ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശം ധനകാര്യ വകുപ്പിന് നൽകിയിട്ടുണ്ട്.

<u>ശിപാർശ</u>

<u>ഓൺഷോർ/ഓഫ്ഷോർ എഞ്ചിനീയറിംഗ് (സ്റ്റേറ്റ് പ്ലാൻ)</u>

മത്സ്യബന്ധന തുറമുഖം, തുറമുഖ നിർമ്മാണം എന്നിവയ്ക്കുപുറമെ തീരദേശത്തെ അടിസ്ഥാന സൗകര്യങ്ങളായ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, കുടിവെള്ള വിതരണം, സ്കൂളുകൾ, ഡിസ്പെൻസറികൾ, ഐസ് പ്ലാന്റുകൾ, നടപ്പാത, ടൂറിസം അനുബന്ധ പ്രവർത്തനങ്ങൾ എന്നിവയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. ആയതിന് ഒരു പ്രധാന ശീർഷകം അനുവദിക്കണമെന്നും ആഴക്കടൽ മത്സ്യബന്ധനം, ഓഷ്യൻ വിന്റ് ഫാം, വേവ് എനർജി പ്ലാന്റുകൾ, തെർമൽ പ്ലാന്റുകൾ, ആഴക്കടൽ റീഫുകൾ, കപ്പൽ ഗതാഗത നിയന്ത്രണ സംവിധാനം എന്നിവയ്ക്കായി ഒരു പുതിയ ശീർഷകം അനുവദിക്കണമെന്നും ടി ശീർഷകത്തിൽ 100 ലക്ഷം രൂപ വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 127)

ഖണ്ഡിക 127-ലെ ഓൺഷോർ/ഓഫ് ഷോർ എഞ്ചിനീയറിംഗ് പദ്ധതിക്ക് പുതിയ ശീർഷകവും തുകയും അനുവദിക്കണമെന്ന സമിതിയുടെ ശിപാർശയനുസരിച്ചുള്ള ആവശ്യമുന്നയിച്ചുകൊണ്ട് വീണ്ടും പ്രൊപ്പോസൽ സമർപ്പിക്കാൻ ബന്ധപ്പെട്ട വകുപ്പിനോട് സമിതി നിർദ്ദേശിച്ചു.

(അധിക നിർദ്ദേശം)

<u>സ്വീകരിച്ച നടപടി</u>

ഓഫ്ഷോർ/ഓൺഷോർ പദ്ധതികളിലെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്കായി അധിക വിഹിതം അടുത്ത വർഷത്തെ (2016-17) ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിന് ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചിട്ടുണ്ട്.

## 4. 2014-15-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

<u>ശിപാർശ</u>

2014-15-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചതും എന്നാൽ ശീർഷകം അനുവദിക്കാത്തതുമായ പദ്ധതികൾ താഴെ ചേർക്കുന്നു:

| *ക്രമ നമ്പർ* | *പദ്ധതി* | *ബജറ്റിൽ പ്രഖ്യാപിച്ച തുക (ലക്ഷത്തിൽ)* |
|---|---|---|
| (1) | (2) | (3) |
| 1 | കർഷകർക്ക് 90 ശതമാനം സർക്കാർ പ്രീമിയത്തോടുകൂടി ഇൻകം ഗാരന്റിയും വിലനിർണ്ണയ അവകാശവും | 5000 |
| 2 | കേരളത്തെ ഹൈ-ടെക് കാർഷിക സംസ്ഥാനമായി രൂപാന്തരപ്പെടുത്തുന്നതിനുള്ള അഗ്രിമിഷൻ രൂപീകരണം | 20000 |
| 3 | കാർഷികോത്പന്ന വിപണനത്തിന് സംഘങ്ങൾക്ക് 5 ലക്ഷം രൂപവരെ പലിശരഹിത വായ്പ | 1000 |
| 4 | കാർഷിക വികസന പദ്ധതികൾക്ക് മുൻതൂക്കം നൽകുന്ന പഞ്ചായത്തുകൾക്ക് മാച്ചിംഗ് ഗ്രാന്റ് | 2500 |
| 5 | അത്യുല്പാദനശേഷിയുള്ള വിത്ത്/തൈ ഉല്പാദന കേന്ദ്രങ്ങൾ | 1500 |
| 6 | പാഴ്‌വസ്തുക്കളിൽ നിന്ന് മൂല്യവർദ്ധിത ഉത്പന്നങ്ങൾ | 100 |
| 7 | വെർട്ടിക്കൽ ഫാമിംഗ് | 100 |
| 8 | ന്യായവില നൽകി കാർഷികോത്പന്നങ്ങളുടെ സംഭരണം | 1000 |
| 9 | ഗ്ലോബൽ അഗ്രി മീറ്റ് | 25 |
| 10 | കർഷക നൈപുണ്യ അവാർഡ് | 100 |
| 11 | സംയോജിത സേവന വിതരണത്തിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ കേന്ദ്രസഹായത്തോടെ കാർഷിക വിപണന കേന്ദ്രങ്ങൾ (Malls) സ്ഥാപിക്കുന്നതിന് | 500 |
| 12 | നിറവ് | 500 |
| 13 | പ്രാദേശിക കൃഷി ഡയറക്ടറേറ്റ്, കണ്ണൂർ | 25 |

| (1) | (2) | (3) |
|---|---|---|
| 14 | മാതൃകാ ഹൈ-ടെക് ഹരിത ഗ്രാമങ്ങൾ (2013-14-ലെ പ്രഖ്യാപനം) | 4200 |
| 15 | അഗ്രി ബയോപാർക്ക് (2013-14-ലെ പ്രഖ്യാപനം) | 1000 |
| | **ആകെ** | **37550** |

മേൽ വിവരിച്ച പദ്ധതികൾക്കായി ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 37550 ലക്ഷം രൂപയും നിറവ് എന്ന പദ്ധതിയിൽ 40 നിയോജകമണ്ഡലങ്ങൾ കൂടി ഉൾപ്പെടുത്തേണ്ടതായിട്ടുള്ളതിനാൽ ആയതിനായി പ്രഖ്യാപിച്ച 500 ലക്ഷം രൂപയ്ക്കു പുറമേ 3500 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 41050 ലക്ഷം രൂപ പുതിയ ശീർഷകങ്ങൾ അനുവദിച്ച് വകയിരുത്തേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13 & 14)

<u>സ്വീകരിച്ച നടപടി</u>

15 പദ്ധതികൾക്കായി സമിതി ശിപാർശ ചെയ്ത 37550 ലക്ഷം രൂപയും 2525 ലക്ഷം രൂപയും താഴെപ്പറയുന്ന പദ്ധതികൾക്കായി അനുവദിക്കുകയുണ്ടായി:

| | | |
|---|---|---|
| 1 | അത്യുല്പാദനശേഷിയുള്ള വിത്ത്/തൈ ഉല്പാദന കേന്ദ്രങ്ങൾ | -1450 ലക്ഷം |
| 2 | ന്യായവില നൽകി കാർഷികോത്പന്നങ്ങളുടെ സംഭരണം | - 1000 ലക്ഷം |
| 3 | ഗ്ലോബൽ അഗ്രി മീറ്റ് | - 25 ലക്ഷം |
| 4 | കർഷക നൈപുണ്യ അവാർഡ് | - 50 ലക്ഷം |
| | **ആകെ** | **2525 ലക്ഷം** |

കേന്ദ്രസഹായത്തോടെ കാർഷിക വിപണന കേന്ദ്രങ്ങൾ (അഗ്രി മാർട്ട്) സ്ഥാപിക്കുന്നതിന് 2014-15 ബഡ്ജറ്റിൽ 500 ലക്ഷം രൂപ വകയിരുത്തിയിരുന്നുവെങ്കിലും ആയത് അനുവദിക്കുക ഉണ്ടായില്ല.

<u>ശിപാർശ</u>

2415-05-277-99-<u>കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ്</u>

കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയുടെ പനങ്ങാടുള്ള ആസ്ഥാനത്തിന്റെയും പുതുവൈപ്പിനിലെ ഫിഷറീസ് സ്റ്റേഷന്റെയും തിരുവല്ലം

ക്യാമ്പസിന്റെയും താഴെപ്പറയുന്ന അടിസ്ഥാന സൗകര്യങ്ങൾക്കായി അധിക തുക ആവശ്യമാണ്:

(തുക ലക്ഷത്തിൽ)

| | | |
|---|---|---|
| 1 | പുതുവൈപ്പിൻ കാമ്പസിൽ രണ്ട് സ്കൂളുകൾ ലൈബ്രറികൾ, ഹോസ്റ്റൽ എന്നിവ | 1000 |
| 2 | മത്സ്യബന്ധന ബോട്ട് വാങ്ങുന്നതിന് | 100 |
| 3 | സെമിനാർ സമുച്ചയം (ആസ്ഥാന കേന്ദ്രം) | 100 |
| 4 | അമിനിറ്റി സെന്റർ | 100 |
| 5 | റസിഡൻഷ്യൽ ഫ്ലാറ്റ്-ആസ്ഥാന കേന്ദ്രം | 100 |
| 6 | കോമ്പൗണ്ട് വാൾ നിർമ്മാണം (പുതുവൈപ്പിൻ) | 100 |
| 7 | കണ്ടൽ ഗവേഷണ കേന്ദ്രം - പുതുവൈപ്പിൻ | 50 |
| 8 | ഇൻസ്ട്രക്ഷണൽ ഫാം പരിഷ്കരിക്കുന്നതിന് | 200 |
| 9 | ബയോഗ്യാസ്, സോളാർ യൂണിറ്റുകൾ എന്നിവയ്ക്ക് | 100 |
| 10 | കാമ്പസ് വികസനം | 100 |
| 11 | കോമ്പൗണ്ട് വാൾ (തിരുവല്ലം കാമ്പസ്) | 100 |
| 12 | ബിരുദാനന്തര കോഴ്സുകൾക്കും Ph.D. പരിപാടികൾക്കും | 200 |
| 13 | ഡയറക്ടറേറ്റ് ഓഫ് റിസർച്ച് ആൻറ് എക്സ്റ്റൻഷൻ | 200 |
| 14 | മണ്ണ്-ജല ഗുണനിലവാര പരിശോധനയ്ക്കുള്ള പരീക്ഷണ ശാല | 200 |
| 15 | കപ്പാസിറ്റി ബിൽഡിംഗ് കണ്ടൽ വനവൽക്കരണം എക്സ്റ്റൻഷൻ | 50 |
| 16 | എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് സെന്റർ ആരംഭിക്കുന്നതിന് | 50 |

മേൽ വിവരിച്ച പരിപാടികൾക്കുള്ള വിഹിതമായി പദ്ധതിയിനത്തിൽ ആകെ 2750 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയ്ക്കായി 2750 ലക്ഷം രൂപ അധികമായി വകയിരുത്തുക.

(അധിക നിർദ്ദേശം)

<u>സ്വീകരിച്ച നടപടി</u>

പദ്ധതി ചെലവുകൾക്കായി 2014-15-ലോ 2015-16-ലോ ബഡ്ജറ്റ് വിഹിതമായി തുക ഒന്നും ലഭിച്ചിട്ടില്ല.

<u>ശിപാർശ</u>

കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയിലെ ജീവനക്കാരുടെ ശമ്പളം, യു.ജി.സി. കുടിശ്ശിക, പ്രോവിഡന്റ് ഫണ്ട് ബാലൻസ്, ശമ്പളപരിഷ്കരണ കുടിശ്ശിക, പെൻഷൻ, സറണ്ടർ തുടങ്ങിയ പദ്ധതിയേതര ചെലവുകൾക്ക് വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ആയതിലേയ്ക്ക് 1786 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

കേരള ഫിഷറീസ് സമുദ്രപഠന സർവ്വകലാശാലയിലെ പദ്ധതിയേതര ചെലവുകൾക്കായി 1786 ലക്ഷം രൂപ അധികം വിലയിരുത്തുക.

(അധിക നിർദ്ദേശം)

<u>സ്വീകരിച്ച നടപടി</u>

പദ്ധതിയേതര ചിലവുകൾക്കായി 2015-16 വർഷത്തിൽ ബഡ്ജറ്റ് വിഹിതത്തിനധികമായി 510 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

<u>ശിപാർശ</u>

6408-02-190-98-<u>ആർ.ഐ.ഡി.എഫ്. XVII-നു കീഴിൽ ഗോഡൗണുകളുടെ നിർമ്മാണത്തിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് ലോൺ</u>

കേന്ദ്ര സർക്കാരിന്റെ നബാർഡ് ധനസഹായത്തോടുകൂടി 2012-13-ലേയ്ക്ക് വെയർഹൗസിംഗ് കോർപ്പറേഷന്റെ ഇപ്പോഴുള്ള ഗോഡൗണുകളുടെ നവീകരണത്തിനും സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ ഗോഡൗണുകളുടെ നിർമ്മാണത്തിനും മൊത്തമായി 119.44 കോടി രൂപയ്ക്ക് അനുമതി ലഭിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. പ്രാരംഭ നിർമ്മാണത്തിനായി 22.66 കോടി രൂപ നബാർഡിൽ നിന്നും അനുവദിച്ചതിൽ 11.33 കോടി രൂപ ഗവൺമെന്റിന്റെ കണ്ടിജൻസി ഫണ്ടിൽ നിന്നും ലഭ്യമാക്കിയിരുന്നു. പ്രസ്തുത പ്രവർത്തനങ്ങൾക്കായി അനുവദിച്ചതിന്റെ ബാക്കി തുകയായ 1133 ലക്ഷം രൂപ കൂടി RIDF XVII ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

<u>സ്വീകരിച്ച നടപടി</u>

നബാർഡ് RIDF XVII ഇനത്തിൽ ഗോഡൗണുകളുടെ നവീകരണത്തിനും സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ ഗോഡൗണുകളുടെ നിർമ്മാണത്തിനും മറ്റുമായി 2014-2015 സാമ്പത്തിക വർഷത്തിൽ 6408-02-190-98-വായ്പ എന്ന ശീർഷകത്തിൽ 802.26 ലക്ഷം രൂപ കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന് അനുവദിച്ച് നൽകി

<u>ശിപാർശ</u>

മുതലമടയിൽ മാമ്പഴം സൂക്ഷിക്കുന്നതിനായുള്ള ഗോഡൗണിന് ശീതീകരണ സൗകര്യം ഒരുക്കുന്നതിനായി ഈ സാമ്പത്തിക വർഷം 50 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 28)

<u>സ്വീകരിച്ച നടപടി</u>

ശീതീകരിച്ച ഗോഡൗൺ സൗകര്യം മാമ്പഴ/പച്ചക്കറി കർഷകർക്ക് പ്രയോജനപ്രദമാകുമോ എന്ന് വിലയിരുത്തുന്നതിനായി കർഷകരുടെ ഇടയിൽ ഒരു സർവ്വേ നടത്തുകയുണ്ടായി. പ്രസ്തുത സർവ്വേയിൽ മുതലമടയിലുള്ള മാമ്പഴ/പച്ചക്കറി കർഷകർക്ക് ഈ സൗകര്യം ഉപയോഗിക്കുന്നതിൽ താല്പര്യമില്ലെന്നാണ് മനസ്സിലാക്കുവാൻ സാധിച്ചത്. ഈ സാഹചര്യത്തിൽ മുതലമട വെയർഹൗസ് കോമ്പൗണ്ടിൽ ഇപ്രകാരം ശീതീകരണ സംവിധാനമുള്ള ഒരു ഗോഡൗൺ ഒരുക്കുന്നതിന് അധിക തുക അനുവദിക്കുകയുണ്ടായില്ല

<u>ശിപാർശ</u>

2405-00-101-62 - <u>മത്സ്യവിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും</u>

2014-15 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ അക്വാ ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിന് 230 ലക്ഷം രൂപയും വേമ്പനാട് കായലിലെ കളവാഴ യന്ത്രസഹായത്തോടെ നിർമ്മാർജ്ജനം ചെയ്യുന്നതിന് 250 ലക്ഷം രൂപയും ഉൾപ്പെടെ 480 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 87)

ശിപാർശ ചെയ്ത പ്രകാരമുള്ള അധികതുക അനുവദിക്കണം.

(അധികനിർദ്ദേശം)

<u>സ്വീകരിച്ച നടപടി</u>

അക്വാ ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിനായി 2014-15 വർഷത്തെ അവസാന ഉപധനാഭ്യർത്ഥനയിലും പ്രൊപ്പോസൽ സമർപ്പിച്ചെങ്കിലും അനുവദിക്കുകയുണ്ടായില്ല. കുട്ടനാട് സ്പെഷ്യൽ പാക്കേജ് അവസാനിച്ചതോടെ ഫിർമ മുഖേനയുള്ള കുളവാഴ നിർമ്മാർജ്ജന പ്രവൃത്തി അവസാനിപ്പിച്ചിട്ടുള്ളതാണ്. ഫിഷറീസ് വകുപ്പിന് ഈയിനത്തിൽ ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടില്ല. കുളവാഴ നിർമ്മാർജ്ജന പ്രവൃത്തി നടപ്പാക്കിയത് സംബന്ധിച്ച് C& AG റിപ്പോർട്ടിലെ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ ഇത്തരം പ്രവൃത്തികൾ തുടർന്നും ഏറ്റെടുക്കുന്നതിൽ നിന്ന് വിട്ടുനിൽക്കാൻ ഫിഷറീസ് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശിപാർശ</u>

2405-00-103-97 -<u>മത്സ്യബന്ധന തുറമുഖങ്ങളുടെ സംരക്ഷണവും നടത്തിപ്പും</u>

സംസ്ഥാനത്തെ പ്രധാന മത്സ്യബന്ധന തുറമുഖങ്ങളിലെയും ഫിഷ് ലാന്റിംഗ് സെന്ററുകളിലെയും ജീവനക്കാരുടെ വേതനത്തിനായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 88)

<u>സ്വീകരിച്ച നടപടി</u>

2014-15 സാമ്പത്തിക വർഷം 2405-00-103-97 wages എന്ന ശീർഷകത്തിൽ 130 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതം ലഭിച്ചതിൽ 130 ലക്ഷം രൂപയും ചെലവഴിക്കുകയുണ്ടായി. മത്സ്യബന്ധന തുറമുഖങ്ങളിലെ തൊഴിലാളികളുടെ wages ഇനത്തിലാണ് ഈ തുക ചെലവഴിച്ചിട്ടുള്ളത്.

സംസ്ഥാനത്തെ പ്രധാന മത്സ്യബന്ധന തുറമുഖങ്ങളിലേയും ഫിഷ് ലാന്റിംഗ് സെന്ററുകളിലേയും ദിവസവേതന ജീവനക്കാരുടെ വേതനത്തിനായി 2015-16 ബഡ്ജറ്റിൽ 140 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഈ തുക പൂർണ്ണമായും വിനിയോഗിച്ച് തീർന്നിട്ടുണ്ട്. (അവശേഷിക്കുന്നത് 38000 രൂപ മാത്രം) പ്രധാനമായും നീണ്ടകര മത്സ്യബന്ധന തുറമുഖങ്ങളിലെ ക്ലീനിംഗ് തൊഴിലാളികൾ, ടോൾ കളക്ഷനുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരെ സഹായിക്കാൻ നിൽക്കുന്ന ദിവസവേതന തൊഴിലാളികളുടെ വേതനം, ഹാർബറും പരിസരവും കാടുവെട്ടി വൃത്തിയാക്കുന്ന തൊഴിലാളികൾ എന്നിവർക്കുള്ള വേതനത്തിനാണ് ഈ തുക കൂടുതലും വിനിയോഗിക്കപ്പെടുന്നത്. അവസാന ധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി അധികമായി നാൽപ്പത് ലക്ഷം രൂപ കൂടി അനുവദിക്കണം എന്നഭ്യർത്ഥിച്ചുകൊണ്ട് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഫൈനൽ ബാച്ച് SDG-ൽ ആയത് ഉൾപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

<u>ശിപാർശ</u>

2405-00-800-30 - <u>കടുങ്ങല്ലൂർ അക്വാ ടെക്നോളജി പാർക്ക്</u>

കടുങ്ങല്ലൂരിലെ അക്വാ ടെക്നോളജി പാർക്ക് പുനരുജ്ജീവിപ്പിക്കുന്നതിനായി 400 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 100)

കടുങ്ങല്ലൂരിലെ അക്വാടെക്നോളജി പാർക്കിനായി നാല് കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നെങ്കിലും 2.54 കോടി രൂപ മാത്രമേ അനുവദിച്ചിട്ടുള്ളുവെന്നതിനാൽ ബാക്കി തുക കൂടി അനുവദിക്കുക.

(അധിക നിർദ്ദേശം)

<u>സ്വീകരിച്ച നടപടി</u>

1-11-2007-ലെ സർക്കാർ ഉത്തരവ് (ആർടി.) നമ്പർ 723/2007/മ.തു.വ. പ്രകാരം അലങ്കാര മത്സ്യങ്ങളുടെ ഉത്പാദനവും കയറ്റുമതിയും പ്രോത്സാഹിപ്പിക്കുന്നതിനായി കാവിൽ എന്ന സ്ഥാപനം സ്ഥാപിച്ചു. കാവിലിന്റെ പുനരുദ്ധാരണ പ്രക്രിയയുടെ ഭാഗമായി 500 ലക്ഷം രൂപ 1st Batch SDG-വഴി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും തുക ലഭ്യമായിട്ടില്ല. 22-9-2015-ലെ ജി.ഒ.(ആർടി.) നം.778/2015/മ.തു.വ. സർക്കാർ ഉത്തരവ് പ്രകാരം കാവിൽ കാനറാ ബാങ്കിൽനിന്നും വായ്പയെടുത്തിട്ടുള്ള 1.50 കോടി രൂപ തിരിച്ചടയ്ക്കുന്നതിനും കാവിൽ SFAC-യിൽ നിന്നും വായ്പ എടുത്തിട്ടുള്ള 75 ലക്ഷം രൂപ തിരിച്ചടയ്ക്കുന്നതിനുമായി 2,56,70,768 രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

<u>ശിപാർശ</u>

2405-00-800-29- <u>ബയോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും ഓഷ്യനേറിയവും സ്ഥാപിക്കൽ</u>

മത്സ്യ ടൂറിസം വികസനവും സമുദ്ര ശാസ്ത്ര ഗവേഷണവും ലക്ഷ്യമിട്ട് എറണാകുളത്ത് പുതുവൈപ്പിനിൽ ഓഷ്യനേറിയവും മറൈൻ ബയോളജിക്കൽ റിസർച്ച് സെന്ററും സ്ഥാപിക്കുന്നതിനായുള്ള പദ്ധതിക്ക് മലിനീകരണ ബോർഡിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും അനുമതി ലഭിച്ചിട്ടുണ്ടെന്നും പരിസ്ഥിതി ആഘാത പഠനം പൂർത്തിയായതായും സമിതി മനസ്സിലാക്കുന്നു. ആയതിനായി 2014-15 സാമ്പത്തിക വർഷം വകയിരുത്തിയ ടോക്കൺ പ്രൊവിഷന് പുറമെ 1000 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 101)

ബയോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും ഓഷ്യനേറിയവും സ്ഥാപിക്കുന്നതിനായി സമിതി ശിപാർശ ചെയ്ത 10 കോടി രൂപ അനുവദിക്കുക.

(അധിക നിർദ്ദേശം)

<u>സ്വീകരിച്ച നടപടി</u>

ജി.ഒ. ആർ.ടി. നം.447/07/റവന്യൂ തീയതി 15-12-2007 പ്രകാരം പുതുവൈപ്പിനിൽ ഓഷ്യനേറിയം സ്ഥാപിക്കുന്നതിനായി 50 ഏക്കർ സ്ഥലം ഫിഷറീസ് വകുപ്പിന് റവന്യൂ വകുപ്പ് കൈമാറ്റം ചെയ്തിട്ടുണ്ട്. ജി.ഒ.(ആർടി.) നമ്പർ 300/2012 മ.തു.വ. തീയതി 20-9-2012 പ്രകാരം ആഘാത പഠനം നടത്തുന്നതിന് അംഗീകൃത ഏജൻസിയെ ഏർപ്പെടുത്തുന്നതിനും 2405-00-800-29 എന്ന ശീർഷകത്തിൽ 20 ലക്ഷം രൂപ പ്ലഗ്ഗ് വർക്ക് നടത്തുന്നതിനും സർക്കാർ അനുമതി നൽകി. പരിസ്ഥിതി ആഘാതപഠനത്തിനുള്ള പ്രാരംഭച്ചെലവുകൾക്ക് 4.14 ലക്ഷം രൂപ 2405-00-800-99 എന്ന ശീർഷകത്തിൽ അനുവദിച്ചിരുന്നു. പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിന് വിഷൻ ലാബ്സ് എന്ന ഏജൻസിയെ ഫിർമ ചുമതലപ്പെടുത്തുകയും ഏജൻസി പഠന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. Environment Clearance-ഉം Coastal Regulation Zone Clearance-ഉം ലഭിക്കുന്നതിനായി ടി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഈ പദ്ധതിക്കായി 2405-00-109-94-(NP) ശീർഷകത്തിൽ 1000 രൂപ നടപ്പുസാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷനായി വകയിരുത്തുകയും 23-8-2016-ലെ സ.ഉ.(സാധാ.) നം.535/16/മ.തു.വ. പ്രകാരം 50 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

<u>ശിപാർശ</u>

2405-00-800-27- <u>മത്സ്യബന്ധനോപകരണങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ</u>
2014-15 സാമ്പത്തിക വർഷം എറണാകുളം ജില്ലയിലെ മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് 185 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 103)

മത്സ്യബന്ധനോപകരണങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷയ്ക്കായി 2,25,13,994 രൂപ ആവശ്യപ്പെട്ടതിൽ 39.73 ലക്ഷം രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത് എന്നതിനാൽ ബാക്കി തുക കൂടി അനുവദിക്കുക.

(അധിക നിർദ്ദേശം)

<u>സ്വീകരിച്ച നടപടി</u>

മത്സ്യസുരക്ഷാ പദ്ധതി പ്രകാരം എല്ലാ യാനങ്ങൾക്കും ഇൻഷ്വറൻസ് കവറേജ് ലഭിക്കുന്നതിനായി പൈലറ്റ് പ്രോജക്ടായി എറണാകുളം ജില്ലയിൽ 'എല്ലാ യാനങ്ങൾക്കും ഇൻഷ്വറൻസ് കവറേജ് ' എന്ന ക്യാമ്പയിൻ ആരംഭിക്കുന്നതിന് 29-4-2014-ലെ സ.ഉ.(സാധാ.) നമ്പർ 316/2014/മ.തു.വ. നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ടി പദ്ധതിക്കായി 2014-15 -ൽ 50 ലക്ഷം രൂപ വകയിരുത്തിയിരുന്നു. എന്നാൽ ടി പദ്ധതിക്കായി മുൻ സാമ്പത്തിക വർഷം അനുവദിച്ച തുകയായ 39.73 ലക്ഷം രൂപയിൽ 1.11 ലക്ഷം രൂപ മാത്രമേ ചിലവഴിച്ചിട്ടുള്ളൂ. ആയതിനാൽ അധിക തുക അനുവദിച്ചിട്ടില്ല.

ഉയർന്ന പ്രീമിയം നിരക്ക് മത്സ്യത്തൊഴിലാളികൾ അടയ്ക്കേണ്ടതിനാലും നഷ്ടപരിഹാരം ലഭിക്കുന്നതിന് 25% മുതൽ 75% വരെ മാത്രം ആയതിനാലും ഭാഗികമായ ഡാമേജുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കാത്തതിനാലും മത്സ്യത്തൊഴിലാളികൾ ഈ പദ്ധതിയിൽ അംഗങ്ങളാകുവാൻ മുന്നോട്ട് വരുന്നില്ല. 2014-15-ലും 2015-16-ലും മത്സ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കാൻ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നുവെങ്കിലും മേൽ സാഹചര്യങ്ങൾ കാരണം ടി പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

ശിപാർശ

4405-00-104-91- പൊന്നാനി മത്സ്യബന്ധന തുറമുഖം (50% കേന്ദ്ര സഹായം)

പൊന്നാനി മത്സ്യബന്ധന തുറമുഖത്തിൽ നിർമ്മിച്ച ഫിഷ് സ്റ്റോറേജ് ഷെഡ്ഡിന്റെ ബിൽ കൊടുത്തു തീർപ്പാക്കുന്നതിനായി 12 ലക്ഷം രൂപയും പുതിയതായി പണികഴിപ്പിക്കാൻ ഉദ്ദേശിക്കുന്ന ഫിഷ് സ്റ്റോറേജ് ഷെഡ്ഡിന്റെ നിർമ്മാണച്ചെലവിനായി 220 ലക്ഷം രൂപയും ചേർത്ത് 232 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 108)

പൊന്നാനി മത്സ്യബന്ധന തുറമുഖത്തിനായി 232 ലക്ഷം രൂപ വകയിരുത്തുന്നു

(അധിക നിർദ്ദേശം)

സ്വീകരിച്ച നടപടി

2014-15 വർഷത്തിൽ 4405-00-104-91 പൊന്നാനി മത്സ്യബന്ധന തുറമുഖം ശീർഷകത്തിൽ തുക അനുവദിച്ചിരുന്നില്ല. കുടിശ്ശിക ബില്ല് തീർപ്പാക്കുന്നതിനായി ഒന്നാം ഉപധനാഭ്യർത്ഥനയിൽ പ്രൊപ്പോസൽ നൽകിയിട്ടും ഫണ്ട് അനുവദിച്ചിട്ടില്ല.

ശിപാർശ

4405-00-104-84- തലായി മത്സ്യബന്ധന തുറമുഖ പദ്ധതി (50% കേന്ദ്രസഹായം)

തലായി മത്സ്യബന്ധന തുറമുഖത്തിനായി 3510.59 ലക്ഷം രൂപയുടെ കോംപ്രിഹെൻസീവ് റിപ്പോർട്ട് കം റിവൈസ്ഡ് എസ്റ്റിമേറ്റ് ഡൽഹിയിൽ കൂടിയ പ്രോജക്ട് സാങ്ഷനിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. 2014-15 വർഷം ഈ പദ്ധതി പൂർത്തീകരിക്കുന്നതിനായി 800 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 109)

തലായി മത്സ്യബന്ധന തുറമുഖത്തിനായി 800 ലക്ഷം രൂപ വകയിരുത്തുക.

(അധിക നിർദ്ദേശം)

<u>സ്വീകരിച്ച നടപടി</u>

ടി പദ്ധതി ആവശ്യത്തിലേക്കായി 500 ലക്ഷം രൂപ അനുവദിക്കുന്നതിന് ഒന്നാം ഉപധനാഭ്യർത്ഥനയിൽ പ്രൊപ്പോസൽ നൽകിയിരുന്നു. ഫണ്ട് അനുവദിക്കുകയുണ്ടായിട്ടില്ല. 2014-15 വർഷം ടി ശീർഷകത്തിൽ തുക വകയിരുത്തിയിരുന്നില്ല.

<u>ശിപാർശ</u>

4405-00-104-70 - <u>വെള്ളയിൽ മത്സ്യബന്ധന തുറമുഖം (75% കേന്ദ്രസഹായം)</u>

വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തിന്റെ പ്രധാന ഘടകങ്ങളായ പുലിമുട്ട്, വാർഫ്, ലേലപ്പുര തുടങ്ങിയവയുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനായി 1000 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 114)

വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തിനായി 1000 ലക്ഷം രൂപ അധികമായി വകയിരുത്തുക.

(അധികനിർദ്ദേശം)

<u>സ്വീകരിച്ച നടപടി</u>

ടി പദ്ധതിക്കായി 1000 ലക്ഷം രൂപ ഒന്നാം ഉപധനാഭ്യർത്ഥനയിൽ അനുവദിക്കുന്നതിനും അവസാന ഉപധനാഭ്യർത്ഥനയിൽ 20 കോടി രൂപ അനുവദിക്കുന്നതിനും ആവശ്യപ്പെട്ടെങ്കിലും അനുവദിച്ചിരുന്നില്ല. 1021.30 ലക്ഷം രൂപ മൊത്തം ബഡ്ജറ്റ് വിഹിതത്തിൽ 1021.28 ലക്ഷം രൂപ 2014-15-ൽ ചെലവായിട്ടുണ്ട്.

<u>ശിപാർശ</u>

4405-00-104-69- <u>പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖം (75% കേന്ദ്രസഹായം)</u>

പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തിനായി ഈ ശീർഷകത്തിൽ 2014-15 സാമ്പത്തിക വർഷം 10 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 115)

പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖത്തിനായി 10 ലക്ഷം രൂപ അധികം വകയിരുത്തുക.

(അധികനിർദ്ദേശം)

<u>സ്വീകരിച്ച നടപടി</u>

1000 രൂപ ടോക്കൺ പ്രൊവിഷൻ ലഭിച്ച പദ്ധതിയിൽ ഭരണാനുമതി ലഭിക്കാത്തതിനാൽ ചിലവ് വന്നിട്ടില്ല.

<u>ശിപാർശ</u>

4405-00-104-68- <u>താനൂർ മത്സ്യബന്ധന തുറമുഖം (75% കേന്ദ്രവിഹിതം)</u>

താനൂർ മത്സ്യബന്ധന തുറമുഖ പദ്ധതി നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് ഈ ശീർഷകത്തിൽ 1000 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 116)

താനൂർ മത്സ്യബന്ധന തുറമുഖത്തിനായി 1000 ലക്ഷം രൂപ അധികമായി വകയിരുത്തുക.

(അധികനിർദ്ദേശം)

<u>സ്വീകരിച്ച നടപടി</u>

അധികമായി 1000 ലക്ഷം രൂപ അനുവദിക്കുന്നതിന് ഒന്നാം ഉപധനാഭ്യർത്ഥനയിൽ പ്രൊപ്പോസൽ നൽകിയിരുന്നെങ്കിലും അനുവദിച്ചിരുന്നില്ല. രണ്ടാം ഉപധനാഭ്യർത്ഥനയിൽ 2000 ലക്ഷം രൂപ അനുവദിക്കുന്നതിന് പ്രൊപ്പോസൽ നൽകിയെങ്കിലും 495 ലക്ഷം രൂപ അധികമായി അനുവദിച്ച് നൽകിയിട്ടുണ്ട്. മൊത്തം ബഡ്ജറ്റ് വിഹിതം 1532 ലക്ഷം രൂപയിൽ 1531 ലക്ഷം രൂപ ചിലവായിട്ടുണ്ട്.

**ബി. സമിതിയുടെ പ്രത്യേക റിപ്പോർട്ടുകളിലെ ശിപാർശകളിൻമേൽ റിപ്പോർട്ട് കാലയളവിൽ സമിതി പരിഗണിച്ച സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ**

**1. പാലക്കാട് ജില്ലയിലെ രൂക്ഷമായ വരൾച്ചയും അതിനുള്ള കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്**

<u>ശിപാർശ</u>

കർഷകർക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യം നിലനിർത്തണമെന്നും അതിനുള്ള ബാധ്യത വൈദ്യുതി ബോർഡ് തന്നെ വഹിക്കണമെന്നും അതിന് കഴിയുന്നില്ലെങ്കിൽ പ്രസ്തുത ബാധ്യത സർക്കാർ വഹിക്കണമെന്നും നിലവിലുള്ള മാനദണ്ഡം നിലനിർത്തിക്കൊണ്ട് കർഷകർക്ക് സൗജന്യമായി വൈദ്യുതി നൽകുന്നതിന് കൃഷി വകുപ്പ് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 128-ലെ അധികനിർദ്ദേശം)

### സ്വീകരിച്ച നടപടി

നിലവിലുള്ള മാനദണ്ഡം നിലനിർത്തിക്കൊണ്ട് കർഷകർക്ക് സൗജന്യമായി വൈദ്യുതി നൽകുന്നതിന് കൃഷി വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നെൽകൃഷിക്ക് പരിധിയില്ലാതെയും കരകൃഷിക്ക് 30 സെന്റ് മുതൽ 2 ഹെക്ടർ വരെയും കർഷകർക്ക് സൗജന്യ വൈദ്യുതി പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭ്യമാണ്. 10 സെന്റിൽ കുറയാതെ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരും പദ്ധതി ആനുകൂല്യത്തിന് അർഹരാണ്. കർഷകർക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യം നിലനിർത്തിക്കൊണ്ട് അതിനുള്ള ബാധ്യത കൃഷി വകുപ്പ് വഹിച്ചു വരുകയാണ്.

### 2. "ജൈവ കൃഷിയും സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ ഭക്ഷ്യ ഉല്പാദനവും" എന്ന വിഷയത്തിന്മേലുള്ള പ്രത്യേക റിപ്പോർട്ട്

### ശിപാർശ

ജില്ലാടിസ്ഥാനത്തിലല്ലാതെ 140 നിയോജകമണ്ഡലങ്ങളിലും എം.എൽ.എ. മാരുടെ നേതൃത്വത്തിൽ പദ്ധതി നടപ്പിലാക്കണമെന്നും ആയതിലേയ്ക്കായി ഏകീകൃത രൂപത്തിലുള്ള ആക്റ്റിവിറ്റീസ് ചാർട്ട് തയ്യാറാക്കി എം.എൽ.എ.മാർക്ക് നൽകണമെന്നും എം.എൽ.എ.മാർ മുൻകൈയെടുത്ത് കൊണ്ട് സമയബന്ധിതമായി വർക്ക് ഷെഡ്യൂൾ തയ്യാറാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. ഓരോ ഏരിയായുടെയും ചാർജ്ജ് കൃഷി ഓഫീസർമാരെ ഏൽപ്പിക്കണമെന്നും എം.എൽ.എ.മാരുടെ നേതൃത്വത്തിൽ എ.ഡി.എ.മാർ പദ്ധതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യണമെന്നും "നിറവ്" പദ്ധതിയുടെ മാതൃകയിൽ ജൈവകൃഷി പദ്ധതിയും നടപ്പിലാക്കാവുന്നതാണെന്നും സമിതി അഭിപ്രായപ്പെടുന്നു.

(ഖണ്ഡിക 9)

### സ്വീകരിച്ച നടപടി

സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും എം.എൽ.എ.മാരുടെ അദ്ധ്യക്ഷതയിൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥർ, ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ എന്നിവരുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്ന് നടപ്പിലാക്കേണ്ട പദ്ധതികളെ സംബന്ധിച്ച് ചർച്ച ചെയ്ത് രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. കൃഷി ഓഫീസർ മുഖേനയാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ പദ്ധതിയുടെ ഏകോപനം നിർവഹിക്കുന്നു.

### ശിപാർശ

കന്നുകാലി സമ്പത്ത് വർദ്ധിപ്പിക്കേണ്ടത് പ്രസ്തുത പദ്ധതിക്ക് ഏറ്റവും ആവശ്യമായിട്ടുള്ളതിനാൽ "ഗോവർദ്ധിനി" പദ്ധതിയും ഇതിൽ ഉൾപ്പെടുത്തുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 11)

### സ്വീകരിച്ച നടപടി

നിലവിൽ കന്നുകാലികളെ വളർത്തുന്ന കർഷകർക്കാണ് പദ്ധതിയിൽ മുൻഗണന നൽകുന്നത്. മൃഗസംരക്ഷണ വകുപ്പിന്റെ നിലവിലുള്ള പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്നു.

### ശിപാർശ

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള തൊഴിലാളികളിൽ 98 ശതമാനവും സ്ത്രീകളാണ്. കൃഷി ചെയ്യുന്നതിനായി ഭൂമി അവരെ ഏൽപ്പിക്കുകയാണെങ്കിൽ വളരെ കൃത്യതയോടെ അവർ കൃഷി ചെയ്യും. വേനൽക്കാലത്താണ് പച്ചക്കറി നന്നായി കൃഷി ചെയ്യുന്നത്. കൃഷി ചെയ്യുന്നതിന് ആവശ്യമായ ജലം ലഭിക്കുന്നില്ലെന്നതാണ് പ്രധാന പ്രശ്നം. ജലസേചന കനാലുകളിൽനിന്നും ഇപ്പോൾ വെള്ളം ലഭിക്കുന്നില്ല. ആയതിനാൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടിയെക്കുറിച്ച് ആലോചിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. ജലദൗർലഭ്യമുള്ള സ്ഥലങ്ങളിൽ മൈക്രോ ഇറിഗേഷൻ ഉപയോഗപ്പെടുത്താവുന്നതാണെങ്കിലും ഇതിന് കൂടുതൽ സമയമെടുക്കും. അതിനുപകരം കൃഷി ചെയ്യുന്ന പ്രദേശത്തെ ഒരു കിണറ്റിൽ ചെറിയ പോർട്ടബിൾ പമ്പ്സെറ്റ് വച്ച് വെള്ളം വളരെ വേഗത്തിൽ ലഭിക്കുന്നതിനുള്ള സംവിധാനമൊരുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ആവശ്യം കഴിഞ്ഞാൽ പമ്പ്സെറ്റ് ഇളക്കി മാറ്റുകയും ചെയ്യാം. എത്രയും വേഗം വെള്ളമെത്തിച്ച് കൃഷി ചെയ്യുന്നതിനുള്ള സൗകര്യമൊരുക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

(ഖണ്ഡിക 13)

### സ്വീകരിച്ച നടപടി

പച്ചക്കറി കൃഷി വികസനത്തിനായി 1500 പമ്പ് സെറ്റ് 10,000/- രൂപ സബ്സിഡി നിരക്കിൽ അനുവദിച്ചിട്ടുണ്ട്. കർഷകർ ഈ ആനുകൂല്യം പ്രയോജനപ്പെടുത്തുന്നുണ്ട്.

### ശിപാർശ

കാസർഗോഡ് ജില്ലയിൽ ജൈവ കൃഷി പദ്ധതി നടപ്പിലാക്കിയ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ആയത് പൈലറ്റ് പ്രോജക്ടായി എടുത്തുകൊണ്ട് സംസ്ഥാനത്തൊട്ടാകെ ജൈവ കൃഷി പദ്ധതി നടപ്പിലാക്കണമെന്നും ആയതിലേയ്ക്കായി എം.എൽ.എ.മാരുടെ യോഗം വിളിച്ചു ചേർക്കുകയും നിർദ്ദേശങ്ങൾ കുറിപ്പായി നൽകുകയും ചെയ്യണമെന്നും സമിതി നിർദ്ദേശിക്കുന്നു. ആദ്യം എ.ഡി.എ.മാർക്ക് വർക്ക്ഷോപ്പ് നടത്തിയതിനുശേഷം എം.എൽ.എ.മാരുടെ യോഗം ചേർന്ന് ചർച്ച നടത്തി എത്രയും വേഗം പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

## സ്വീകരിച്ച നടപടി

കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കിവരുന്ന ജൈവകൃഷി മറ്റ് 13 ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനായി താഴെപ്പറയുന്ന ഘടകങ്ങൾക്കായി തുക നീക്കിവച്ചിട്ടുണ്ട്.

1. ജൈവകൃഷി പ്രോത്സാഹനത്തിന് അവാർഡ്.
2. ജൈവകൃഷി ഉല്പന്നങ്ങളുടെ വിപണന സഹായം
3. ജൈവകൃഷി പ്രോത്സാഹനം, പദ്ധതി നടപ്പിലാക്കൽ ഗുണനിയന്ത്രണം.
4. നിലവിലുള്ള 4 മണ്ണ് പരിശോധന ലാബുകൾ ജൈവവള പരിശോധനയ്ക്കായി സജ്ജമാക്കുന്നതിന്.

ജൈവ കൃഷിയെ സംബന്ധിച്ച് 8-1-2016-ൽ അങ്കമാലിയിൽ വച്ച് ഒരു ശില്പശാല നടത്തിയിട്ടുണ്ട്. കൂടാതെ 22-1-2016-ന് സമേതിയിൽ വച്ച് മറ്റൊരു ശില്പശാലയും നടത്തിയിട്ടുണ്ട്. ജൈവ കൃഷി വ്യാപനത്തിനായുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

വി. എസ്. സുനിൽ കുമാർ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി-I.*

തിരുവനന്തപുരം,
2017 ആഗസ്റ്റ് 21.

<u>അനുബന്ധം</u>

## 27-07-2016-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I, 2016 ജൂലൈ മാസം 27-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ '5എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. പാറക്കൽ അബ്ദുല്ല, എം.എൽ.എ.
2. ശ്രീ. എ. പി. അനിൽ കുമാർ, ,,
3. ശ്രീ. കെ. കുഞ്ഞിരാമൻ, ,,
5. ശ്രീ. എം. നൗഷാദ്, ,,
6. ശ്രീ. എസ്. ശർമ്മ, ,,
7. ശ്രീ. കെ. വി. വിജയദാസ്, ,,
8. ശ്രീ. എം.വിൻസെന്റ് ,,

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി. എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എം. ജി. വിജയൻ, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ഡോ. രാജു നാരായണ സ്വാമി, സെക്രട്ടറി, കൃഷി വകുപ്പ്
2. ശ്രീ. അനിൽ സേവ്യർ, സെക്രട്ടറി, മൃഗസംരക്ഷണവും ക്ഷീര വികസനവും വകുപ്പ്
3. ശ്രീ. അശോക് കുമാർ തെക്കൻ, ഡയറക്ടർ, കൃഷി വകുപ്പ്
4. ശ്രീ. ജസ്റ്റിൻ മോഹൻ, ഡയറക്ടർ, സോയിൽ സർവ്വേ & സോയിൽ കൺസർവേഷൻ ഡിപ്പാർട്ട്മെന്റ്
5. ശ്രീ. എ. നിസാമുദ്ദീൻ, ഭൂവിനിയോഗ കമ്മീഷണർ, ഭൂവിനിയോഗ ബോർഡ്
6. ഡോ. പി. രാജശേഖരൻ, ചീഫ് (അഗ്രികൾച്ചർ), സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
7. ശ്രീമതി ടി. കെ. അജിതകുമാരി, അഡീഷണൽ സെക്രട്ടറി, പ്ലാനിംഗ് & എക്കണോമിക് അഫയേഴ്സ് ഡിപ്പാർട്ട്മെന്റ്

8. ശ്രീമതി വി. എസ്. ഉഷാകുമാരി, അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്

9. ശ്രീ. വി. എസ്. സുരേഷ് കുമാർ, അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്

10. ശ്രീ. എ. ഷിബു, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

11. ശ്രീമതി വി. യമുന, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

12. ശ്രീമതി സി. കെ സജിത, അഡീഷണൽ ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ

13. ശ്രീ. എ. എം. സുനിൽ കുമാർ, അഡീഷണൽ ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ

14. ശ്രീ. ടി. എസ്. മജീദ്, കൺട്രോളർ, കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി

15. ശ്രീ. കെ. എൻ. രവീന്ദ്രൻ, മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷൻ

16. ശ്രീ. ബി. അജിത് കുമാർ, അഡീഷണൽ ഡയറക്ടർ, സോയിൽ സർവ്വേ & സോയിൽ കൺസർവേഷൻ ഡിപ്പാർട്ട്മെന്റ്

17. ശ്രീമതി വി. സുനിത, ജോയിന്റ് ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ

18. ശ്രീമതി കെ. ആർ വാസന്തി, ജോയിന്റ് ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ

19. ശ്രീമതി എസ് ശോഭ, ജോയിന്റ് ഡയറക്ടർ (പ്ലാന്റ് പ്രൊട്ടക്ഷൻ), ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ

20. ശ്രീ. ടി. ആർ പ്രവീൺ ദാസ്, സെക്രട്ടറി, മലയോര വികസന ഏജൻസി

21. ശ്രീ. ജോസഫ്. പി, മാനേജർ, മലയോര വികസന ഏജൻസി

22. ശ്രീമതി കെ. എസ്. പ്രീത, ഡെപ്യൂട്ടി ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ

23. ശ്രീ. എസ്. ബിജു, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് സോയിൽ കൺസർവേഷൻ, ഐ.ഡബ്ല്യൂ.ഡി.എം.കെ, ചടയമംഗലം

24. ഡോ. ശ്യാംമോഹൻ, ഫിനാൻസ് ഓഫീസർ, കേരള വെറ്ററിനറി ആനിമൽ സയൻസ് യൂണിവേഴ്സിറ്റി (KVASU)

25. ശ്രീമതി ജെ. ആർ. ഗീത, അക്കൗണ്ട്സ് ഓഫീസർ,കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് & എൺവയോൺമെന്റ് സെന്റർ (KSREC)

26. ശ്രീ. എസ്. സുരേഷ്കുമാർ, പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ.

2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന നമ്പർ XXIX (കൃഷി), XXX ഭക്ഷ്യം (കേരള വെയർഹൗസിംഗ് കോർപ്പറേഷൻ) എന്നിവയുടെ സൂക്ഷ്മ പരിശോധന നടത്തുന്നതിന്റെ ഭാഗമായി സമിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന ശിപാർശകൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു.

**ധനാഭ്യർത്ഥന നമ്പർ XXIX-കൃഷി**

മലബാർ മാർക്കറ്റ് കമ്മിറ്റിക്കുള്ള സഹായം എന്ന ശീർഷകത്തിൽ 2016 ജനുവരി മുതൽ 2017 മാർച്ച് വരെയുള്ള പെൻഷൻ വിതരണത്തിന് അധിക തുക ആവശ്യമുണ്ടെന്ന് വിലയിരുത്തിയ സമിതി, പ്രസ്തുത ശീർഷകത്തിൽ പദ്ധതിയേതരയിനത്തിൽ 1.18 കോടി രൂപയും, ഗ്രൂപ്പ് ഫാമിംഗ് മുഖേനയുള്ള നെൽകൃഷി വികസനം എന്ന ശീർഷകത്തിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും തരിശു നിലങ്ങളിലെ കൃഷി നടപ്പാക്കുന്നതിനും നെൽകൃഷി മേഖലയിലെ യന്ത്രവൽക്കരണത്തിനുമായി പദ്ധതിയിനത്തിൽ 20 കോടി രൂപയും അധികം അനുവദിക്കണമെന്ന് ശിപാർശ ചെയ്തു. കൂടാതെ പരമ്പരാഗത വിത്തിനങ്ങളുടെ സംരക്ഷണവും പ്രോത്സാഹനവും എന്ന ശീർഷകത്തിൻ കീഴിൽ ഗന്ധകശാല, ജീരകശാല തുടങ്ങി വിവിധ ഇനങ്ങളിലുള്ള പരമ്പരാഗത വിത്തിനങ്ങളുടെ സംരക്ഷണത്തിനും, ആധുനിക സീഡ് ബാങ്ക് സ്ഥാപിക്കുന്നതിനുമായി പദ്ധതിയിനത്തിൽ 2.9999 കോടി രൂപയും, നാളികേര നേഴ്സറികൾ സ്ഥാപിക്കൽ എന്ന ശീർഷകത്തിൻ കീഴിൽ 50% കേന്ദ്രാവിഷ്കൃത പദ്ധതിയായ നാളികേര നേഴ്സറികൾ സ്ഥാപിക്കുന്നതിനായി പദ്ധതിയിനത്തിൽ 6.39 ലക്ഷം രൂപയും, XIV-ാം ധനകാര്യ കമ്മീഷൻ അവാർഡ് എന്ന ശീർഷകത്തിൽ 31.7995 കോടി രൂപയും വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു. കാർഷിക യന്ത്രവൽക്കരണത്തിനുള്ള സഹായം നൽകുക എന്ന ലക്ഷ്യത്തോടെ മൂന്ന് റീജിയണൽ ഫാം ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനായി പദ്ധതിയിനത്തിൽ 2.9999 കോടി രൂപ കേര ചക്കരക്കും കോരാളുത്തതിനും (നീര) വേണ്ടിയുള്ള പൈലറ്റ് പ്രോജക്ടുകൾ എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ 19 കോടി രൂപയും ബഡ്ജറ്റ് വിഹിതത്തിനു പുറമെ അധികമായി അനുവദിക്കണമെന്ന് ശിപാർശ

ചെയ്യാൻ സമിതി തീരുമാനിച്ചു. കാർഷിക വിജ്ഞാനവും വ്യാപനവും എന്ന ശീർഷകത്തിൽ ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും പരസ്യപ്രചരണങ്ങൾക്കും, പഴയ വാഹനങ്ങൾ മാറ്റി പുതിയവ വാങ്ങുന്നതിനുമായി പദ്ധതിയിനത്തിൽ അധികമായി 1.45 കോടി രൂപയും സംസ്ഥാന സർക്കാരിന്റെ കാർഷിക സബ്സിഡികൾ കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് വിതരണം ചെയ്യുന്ന നാഷണൽ ഇ-ഗവേണൻസ് പ്ലാൻ അഗ്രികൾച്ചർ പദ്ധതി പ്രകാരം പ്രവർത്തിക്കുന്ന ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് ഓണറേറിയം നൽകുന്നതിനായി കാർഷിക വ്യാപനത്തിനും സാങ്കേതിക വിദ്യക്കും വേണ്ടിയുള്ള ദേശീയ മിഷൻ എന്ന ശീർഷകത്തിൽ 1.17 കോടി രൂപയും കർഷകരുടെ ഉന്നമനത്തിനായി കർഷക ക്ഷേമനിധി ബോർഡ് ' എന്ന ശീർഷകത്തിൽ അധികമായി 25 ലക്ഷം രൂപയും അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു. കേരള പരിപ്രേക്ഷ്യ പദ്ധതി-2030-ന്റെ കീഴിൽ വരുന്ന മുൻഗണനാ പദ്ധതികൾ നടപ്പിലാക്കൽ എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ 5 കോടി രൂപയും, തൃശ്ശൂരിൽ എല്ലാവിധ ആധുനിക കാർഷിക സൗകര്യങ്ങളുള്ള ഒരു സംയോജിത കാർഷിക കേന്ദ്രം ആരംഭിക്കുന്നതിനായി ടി ശീർഷകത്തിൽ അധികമായി 5.75 കോടി രൂപയും, കേന്ദ്ര സർക്കാർ സഹായത്തോടുകൂടിയുള്ള വിവിധ വിള ഇൻഷ്വറൻസ് പദ്ധതിക്ക് സംസ്ഥാന വിഹിതമായി 4 കോടി രൂപയും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

ചെറുകിട നാമമാത്ര നെൽകൃഷിക്കാർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി ശീർഷകത്തിൽ, പദ്ധതി നടത്തിപ്പിനായി കൂടുതൽ തുക ആവശ്യമുള്ളതിനാൽ പദ്ധതിയേതരയിനത്തിൽ 17.26 കോടി രൂപയും ചെറുകിട നാമമാത്ര കർഷകർക്ക് 60 വയസ്സാകുന്ന മുറയ്ക്ക് പ്രതിമാസം 600 രൂപ പെൻഷൻ നൽകുന്നതിനായി, ചെറുകിട നാമമാത്ര കർഷക പെൻഷൻ ശീർഷകത്തിൽ പദ്ധതിയേതരയിനത്തിൽ 370.68 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു. നെൽകൃഷിക്കാർക്ക് ഒരു സീസണിൽ ഒരു ഹെക്ടർ സ്ഥലത്തേയ്ക്ക് 1000 രൂപ ഉല്പാദന പ്രോത്സാഹന സഹായം നൽകുന്നതിന് 2401-00-191-50 എന്ന ശീർഷകത്തിൽ 39.56 ലക്ഷം രൂപയും 2401-00-192-50 എന്ന ശീർഷകത്തിൽ 95.8 ലക്ഷം രൂപയും 2401-00-198-50 എന്ന ശീർഷകത്തിൽ 25.1831 കോടി രൂപയും പദ്ധതിയേതരയിനത്തിൽ ബഡ്ജറ്റ് വിഹിതത്തിനു പുറമെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

തുടർന്ന് പ്രകൃതിക്ഷോഭംമൂലം കർഷകർ നേരിടുന്ന കെടുതികൾ സമിതി വിലയിരുത്തുകയും ഇതിനായി അനുവദിച്ച തുക തീരെ അപര്യാപ്തമാണെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. അവിചാരിതമായ ഇത്തരം ദുരന്തങ്ങളാൽ നാശനഷ്ടം നേരിടുന്ന കർഷകർക്ക് നഷ്ടപരിഹാരം യഥാസമയം നൽകണമെന്ന് നിർദ്ദേശം നൽകിയ സമിതി, 'പ്രകൃതിക്ഷോഭം നേരിടുന്നതിനുള്ള കരുതൽ നടപടി' എന്ന ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 70 കോടി രൂപ അധികം വകയിരുത്തണമെന്ന് ശിപാർശ ചെയ്തു. 'കടൽ നിരപ്പിൽ നിന്നും താഴ്ന്നപ്രദേശത്തെ കൃഷിക്കായുള്ള കുട്ടനാട് അന്തർദ്ദേശീയ ഗവേഷണ പരിശീലന കേന്ദ്രം' എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ 50 ലക്ഷം രൂപയും, 'വിലസ്ഥിരതയ്ക്കുവേണ്ടി വിപണിയിൽ ഇടപെടൽ' എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ 200 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു. ഇതുമായി ബന്ധപ്പെട്ട് നടന്ന ചർച്ചയിൽ കേരഫെഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും റേഷൻകടകൾ വഴി വെളിച്ചെണ്ണ വിതരണം നടത്താനുള്ള തീരുമാനമായിട്ടുണ്ടെന്നും ചെയർമാൻ സമിതിയെ അറിയിച്ചു.

സംസ്ഥാനത്ത് സമഗ്ര കാർഷിക വിപണി എന്ന പദ്ധതി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഹോർട്ടികോർപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപണി നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നതിനും 'കേരള കാർഷികവിപണന പദ്ധതികൾ' എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ 10 കോടി രൂപ കൂടി വകയിരുത്തണമെന്ന് ശിപാർശ ചെയ്ത സമിതി പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് വിപണി കണ്ടെത്തുന്നതിനും മാർക്കറ്റിംഗ് ശക്തിപ്പെടുത്തുന്നതിനുമായി മെച്ചപ്പെട്ട സംവിധാനം കണ്ടെത്തണമെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. 'Good Agriculture Practice Certification' അനുസരിച്ച് കൃഷി ചെയ്യുന്ന കർഷകർക്ക് GAP സർട്ടിഫിക്കേഷൻ നൽകുമെന്നും ഈ സംവിധാനമുപയോഗിച്ച് പ്രാദേശിക പച്ചക്കറി ഉല്പന്നങ്ങളുടെ വില നിയന്ത്രിക്കാൻ കഴിയുമെന്നും കൃഷിവകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. ന്യായവിലയ്ക്ക് പച്ചക്കറി ലഭ്യമാക്കുന്നതിനും ഇടനിലക്കാരെ ഒഴിവാക്കി കർഷകർക്ക് പരമാവധി ആദായം ഉറപ്പുവരുത്തുന്നതിനുമായി മാർക്കറ്റിംഗ് സിസ്റ്റം ശക്തിപ്പെടുത്തുന്ന പുതിയ പദ്ധതിക്ക് 25 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്തു. കേരളത്തിലെ വിവിധ ജില്ലകളിൽ ലഭ്യമാകുന്ന പ്രാദേശിക ഉല്പന്നങ്ങൾ അടിസ്ഥാനമാക്കി മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനായി 'മൂല്യവർദ്ധനവ്' എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ 50 കോടി രൂപയും ഫാം ഇൻഫർമേഷൻ ബ്യൂറോ പുതുതായി നിർമ്മിച്ച മീഡിയ റൂമിന്റെ അടിസ്ഥാന സൗകര്യവികസനത്തിനായി 'കാർഷിക

വിജ്ഞാനവും വിനിമയവും' എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ 25 ലക്ഷം രൂപയും, നബാർഡ് വഴി നടപ്പാക്കുന്ന ആർ.ഐ.ഡി.എഫ്. പദ്ധതികളുടെ നിർവ്വഹണത്തിന് ശീർഷകത്തിൽ പദ്ധതിയിനത്തിൽ 13 കോടി രൂപയും അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു. 'ഹണി മിഷൻ' പദ്ധതിയുമായി ബന്ധപ്പെട്ട് നടന്ന ചർച്ചയിൽ സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്ന തേനിന്റെ 20%പോലും ഉപയോഗയോഗ്യമാകുന്നില്ലെന്നും ആയതിനാൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഹണിമിഷൻ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ ശീർഷകമനുവദിച്ച് 3 കോടി രൂപ വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്തു.

മണ്ണ് പര്യവേക്ഷണ ഗവേഷണ വകുപ്പുമായി ബന്ധപ്പെട്ട് നടന്ന ചർച്ചയിൽ മണ്ണ് പര്യവേക്ഷണത്തിന്റെ അവശ്യഘടകമായ മണ്ണിന്റെ രാസപരിശോധന വിശദമായി നടത്തുന്നതിനും മണ്ണ് പര്യവേക്ഷണ ഗവേഷണ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് വകുപ്പുസെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി. നീർത്തട പ്രദേശാടിസ്ഥാനത്തിലുള്ള മണ്ണുജല സംരക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിൽ draught affected district എന്ന നിലയിൽ 29 കുളങ്ങളുടെ പുനരുദ്ധാരണപ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടെന്നും ലാൻഡ് സ്ലൈഡ് അഫക്റ്റഡ് ഏരിയകൾ ഉള്ള അഞ്ച് ജില്ലകളിലായി ഉരുൾപൊട്ടലിനു സാദ്ധ്യതയുള്ള 500 ഹെക്ടർ ഭൂമിയിൽ ശാസ്ത്രീയമായി മണ്ണ് സംരക്ഷണം നടത്തുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടെന്നും സമിതിക്ക് ബോധ്യമായി. എന്നാൽ ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്താൽ ഭൂമിയുടെ തരംതിരിവ് സംബന്ധിച്ച ഡാറ്റാ ബാങ്ക് രൂപീകരിക്കുന്നതിനായി ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ മാത്രം അനുവദിച്ചിരിക്കുന്നതിനാൽ, 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആന്റ് എൺവയോൺമെന്റ് സെന്റർ വകുപ്പുമായി ബന്ധപ്പെട്ട് നടന്ന ചർച്ചയിൽ പദ്ധതിയിനത്തിൽ 'മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം' എന്ന ശീർഷകത്തിൽ 25 ലക്ഷം രൂപയും കെ.എസ്.ആർ.ഇ.സി.-ലെ ശമ്പളം, അനുബന്ധ ചെലവുകളുടെ നിർവ്വഹണം എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 25 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കേരള കാർഷിക സർവ്വകലാശാലയുമായി ബന്ധപ്പെട്ട് നടന്ന ചർച്ചയിൽ മറ്റെല്ലാ സർവ്വകലാശാലകൾക്കും 25% വീതം വാർഷിക വർദ്ധനവ് പദ്ധതിയേതരയിനത്തിൽ

അനുവദിച്ചപ്പോൾ കാർഷിക സർവ്വകലാശാലയ്ക്ക് മാത്രം ആയത് 12.5% ആയി പരിമിതപ്പെടുത്തിയെന്നും ഇത് 25% ആയി ഉയർത്താൻ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു. തുടർന്ന് 2016-17-ലെ തനത് ആവശ്യങ്ങൾക്കായി സർവ്വകലാശാലയ്ക്ക് 76.09 കോടി രൂപയും പദ്ധതിയേതര ബാധ്യതകൾ തീർക്കുന്നതിന് 274.41 കോടി രൂപയും ചേർത്ത് ആകെ 350.50 കോടി രൂപ ബഡ്ജറ്റ് വിഹിതത്തിനു പുറമെ വകയിരുത്തണമെന്ന് ശിപാർശ നൽകാൻ തീരുമാനിച്ചു. കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി വളരെ പരിതാപകരമായ അവസ്ഥയാണ് നേരിടുന്നതെന്നും റിട്ടയർ ചെയ്യുന്ന ജീവനക്കാർക്കുപോലും നിലവിലുള്ള സ്റ്റാഫിന്റെ പി.എഫ്. കോൺട്രിബ്യൂഷനിൽ നിന്നാണ് പി.എഫ്. നൽകുന്നതെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതി മുമ്പാകെ വെളിപ്പെടുത്തി. സർവ്വകലാശാലയിലേയ്ക്ക് ഓപ്ഷൻ മുഖേന ജോലിയിൽ പ്രവേശിച്ച ജീവനക്കാരുടെയും അധ്യാപകരുടെയും പി.എഫ്. തുക മാതൃസർവ്വകലാശാലയായ കേരള കാർഷിക സർവ്വകലാശാലയുടെ അക്കൗണ്ടിലായതിനാൽ പി.എഫ്. നിക്ഷേപങ്ങളും പലിശയും ചേർത്ത് ഭീമമായ തുക വെറ്ററിനറി യൂണിവേഴ്സിറ്റിക്ക് ലഭിക്കാനുണ്ടെന്ന് സമിതി വിലയിരുത്തി. ഔദ്യോഗിക കാലയളവിൽ കഷ്ടപ്പെട്ട് കരുതൽ ധനമായി പി.എഫിൽ നിക്ഷേപിക്കുന്ന തുക വിരമിക്കുന്ന സമയത്തുപോലും യഥാസമയം നൽകാൻ കഴിയാതെ വരുന്നത് തികഞ്ഞ മനുഷ്യാവകാശലംഘനമായി ബോധ്യപ്പെട്ട സമിതി 34.7966 കോടി രൂപ പദ്ധതിയേതര ഇനത്തിൽ അടിയന്തരമായി 'കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി-സഹായധനം-ശമ്പളം'-എന്ന ശീർഷകത്തിൽ അനുവദിക്കണമെന്ന് ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXX-ഭക്ഷ്യം

കേരളസംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനുമായി ബന്ധപ്പെട്ട വിഷയത്തിന്മേലുള്ള ചർച്ചയിൽ ഗവൺമെന്റിൽ നിന്നും എല്ലാ വർഷവും അനുവദനീയമായിരുന്ന 50 ലക്ഷം രൂപയുടെ ഷെയർ ക്യാപിറ്റൽ കോൺട്രിബ്യൂഷൻ കഴിഞ്ഞ 3 വർഷമായി കുടിശ്ശികയാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതി മുമ്പാകെ അറിയിച്ചു. വിവിധ ജില്ലകളിലെ RIDF-നു കീഴിലുള്ള ഗോഡൗണുകളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമായി 8 കോടി രൂപയും മൂലധനനിക്ഷേപത്തിലെ കുടിശ്ശിക ഉൾപ്പെടെ 1.5 കോടി രൂപയും അധികം അനുവദിക്കണമെന്ന് സമിതിയോഗം ശിപാർശ ചെയ്തു.

യോഗം ഉച്ചയ്ക്കുശേഷം 1.00 മണിക്ക് പിരിഞ്ഞു.

# 3-8-2016-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I. 2016 ആഗസ്റ്റ് മാസം 3-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' ഹാളിൽ സമിതി ചെയർമാൻ ബഹു. കൃഷി വകുപ്പ് മന്ത്രി ശ്രീ. വി.എസ്. സുനിൽ കുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ് ഒഫിഷ്യോ അംഗങ്ങളായ ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ. രാജു, ബഹു. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പുമന്ത്രി ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ എന്നിവരും സന്നിഹിതരായിരുന്നു.

ഹാജരായ അംഗങ്ങൾ :

1. ശ്രീ. എ.പി. അനിൽകുമാർ, എം.എൽ.എ
2. ശ്രീ. ചിറ്റയം ഗോപകുമാർ, ,,
3. ശ്രീ. കെ. കുഞ്ഞിരാമൻ, ,,
4. ശ്രീ. എം. നൗഷാദ്, ,,
5. ശ്രീ. എസ്. ശർമ്മ, ,,
6. ശ്രീ. കെ.വി. വിജയദാസ്, ,,
7. ശ്രീ. എം. വിൻസെന്റ്, ,,

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എം. ജി. വിജയൻ, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. ജെയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യബന്ധന തുറമുഖ വകുപ്പ്
2. ശ്രീ. അനിൽ സേവ്യർ, സെക്രട്ടറി, മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പ്
3. ശ്രീമതി മിനി ആന്റണി, ഡയറക്ടർ, ഫിഷറീസ് ഡിപ്പാർട്ട്മെന്റ്
4. ശ്രീ. ജോർജ്ജ്കുട്ടി ജേക്കബ്, ഡയറക്ടർ, ക്ഷീരവികസന വകുപ്പ്
5. ഡോ.എൻ.എൻ. ശശി, ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്
6. ഡോ. വി. സുനിൽകുമാർ, എം.ഡി., കെപ്കോ

7. ശ്രീ. പി. കെ. അനിൽകുമാർ, ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്

8. ശ്രീമതി കെ.എ. സൈറാബാനു, കമ്മീഷണർ, കേരള ഫിഷർമെൻസ് വെൽഫെയർ ഫണ്ട് ബോർഡ്.

9. ഡോ. ജോസ് ജെയിംസ്, മാനേജിംഗ് ഡയറക്ടർ, കെ.എൽ.ഡി. ബോർഡ്

10. ശ്രീമതി എം.കെ. ബിന്ദു തങ്കച്ചി, ജനറൽ മാനേജർ, മത്സ്യഫെഡ്

11. ശ്രീ. പി. സഹദേവൻ, എക്സിക്യൂട്ടീവ് ഡയറക്ടർ,ഫിർമ

12. ശ്രീ. എ. ഷിബു, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

13. ഡോ. ആനി, അഡീഷണൽ ഡയറക്ടർ (പ്ലാനിംഗ്) മൃഗസംരക്ഷണം

14. ഡോ. കെ.കെ. ജയരാജ്, അഡീഷണൽ ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്

15. ശ്രീ. എസ്. അജയൻ, ജനറൽ മാനേജർ, കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ

16. ശ്രീ. കെ. എൻ. രാജശേഖരൻ, ഫിനാൻസ് മാനേജർ, കേരള ഫീഡ്സ് ലിമിറ്റഡ്

17. ശ്രീമതി നാൻസി പി. ജോർജ്, ഡെപ്യൂട്ടി മാനേജർ, മത്സ്യഫെഡ്

18. ശ്രീ. കെ. ടി. രാഘവൻ, ലെയ്സൺ ഓഫീസർ, മീറ്റ് പ്രോഡക്ട് ഓഫ് ഇന്ത്യാ ലിമിറ്റഡ്.

സമിതി, 2016-17 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയുടെ ഭാഗമായി ധനാഭ്യർത്ഥന നമ്പർ XXXI (മൃഗസംരക്ഷണം) XXXII (ക്ഷീരവികസനം), XXXIII (മത്സ്യബന്ധനം) എന്നിവ പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന ശിപാർശകൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XXXI (മൃഗസംരക്ഷണം)

മൃഗസംരക്ഷണവകുപ്പ് ഉദ്യോഗസ്ഥരുമായി നടന്ന ചർച്ചയിൽ മൃഗചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനും, വകുപ്പിന്റെ കീഴിലുള്ള ചെക്ക്പോസ്റ്റുകളുടെ നവീകരണത്തിനും, കന്നുകാലി ഇൻഷ്വറൻസ് നടപ്പാക്കുന്നതിനുംവേണ്ടി 'മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും' എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ 7 കോടി രൂപയും പാലോട് സ്ഥാപിച്ചിട്ടുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസ് എന്ന സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്കായി ജീവശാസ്ത്രപരമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള കേന്ദ്രം എന്ന ശീർഷകത്തിൽ 5 കോടി രൂപയും വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ

മൃഗചികിത്സാസേവനം എന്ന ശീർഷകത്തിൽ കർഷകർക്ക് അവരവരുടെ കൃഷിയിടങ്ങളിൽ തന്നെ മൃഗചികിത്സാസേവനം സാധ്യമാക്കുന്നതിനുവേണ്ടി പദ്ധതിയിനത്തിൽ 96 ലക്ഷം രൂപയും ബഡ്ജറ്റ് വിഹിതത്തിനുപുറമെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു. ഊർജ്ജിതകന്നുകാലി വികസന പ്രോജക്ടുകൾ എന്ന ശീർഷകത്തിൽ പദ്ധതിയേതരയിനത്തിൽ 4.03 കോടി രൂപയും, ലൈവ്സ്റ്റോക്ക് ഫാമുകൾ എന്ന ശീർഷകത്തിൽ പദ്ധതിയേതരയിനത്തിൽ 3 കോടി രൂപയും, വർഗ്ഗസങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ എന്ന ശീർഷകത്തിൽ പദ്ധതിയേതരയിനത്തിൽ 2 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

കന്നുകുട്ടികളുടെ ശാസ്ത്രീയ പരിപാലനം ലക്ഷ്യമിട്ട് നടപ്പാക്കുന്ന 'ഗോവർദ്ധിനി' പദ്ധതിക്കായി പദ്ധതിയിനത്തിൽ 16.5388 കോടി രൂപയും, കോഴിവളർത്തൽ കേന്ദ്രങ്ങൾ ശീർഷകത്തിൻകീഴിൽ വൈദ്യുതിചെലവിനത്തിൽ പദ്ധതിയേതരമായി 3 ലക്ഷം രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു. വീട്ടുപരിസരത്ത് കോഴിവളർത്തൽ വികസന പരിപാടി എന്ന ശീർഷകത്തിൽ ഗ്രാമലക്ഷ്മി പോലുള്ള നാടൻ മുട്ടക്കോഴികളുടെ പ്രചരണത്തിനായി പദ്ധതിയിനത്തിൽ 2.55 കോടി രൂപയും പന്നിവളർത്തൽ വികസന പദ്ധതി ശീർഷകത്തിൻകീഴിൽ സംരക്ഷണവും അറ്റകുറ്റപ്പണികളും ഇനത്തിൽ പദ്ധതിയേതരയിനത്തിൽ 15000 രൂപയും കുളത്തൂപ്പുഴയിലെ ബുൾ മദർ ഫാമിന്റെ പരിസര പ്രദേശങ്ങളിൽ സാറ്റലൈറ്റ് ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുവേണ്ടി 'കേരള ലൈവ് സ്റ്റോക്ക് ബോർഡിനുള്ള സഹായം' എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ 1.1775 കോടി രൂപയും, 'കെ.എസ്.പി.ഡി.സി ക്ക് സഹായം' എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ കെപ്കോ ആശ്രയ എന്ന പദ്ധതിക്ക് 2.3 കോടി രൂപയും 'കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്' പദ്ധതിക്ക് 2 കോടി രൂപയും സ്ത്രീശാക്തീകരണം, വനിതകൾക്കുള്ള തൊഴിലവസരം വർദ്ധിപ്പിക്കൽ എന്നിവ മുൻനിർത്തിയുള്ള കോഴിവളർത്തൽ ഗ്രാമങ്ങൾ എന്ന പദ്ധതിക്കായി 2 കോടി രൂപയും അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു. തൃശ്ശൂർ ജില്ലയിലെ മാളയിൽ സ്ഥാപിച്ചിട്ടുള്ള അത്യാധുനിക കോഴിത്തീറ്റ ഉല്പാദനകേന്ദ്രം കമ്മീഷൻ ചെയ്ത് കോഴിത്തീറ്റ ഉൽപ്പാദിപ്പിക്കുന്നതിനുള്ള പ്രാരംഭ ചെലവുകൾക്കായി 10 കോടി രൂപ അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്തു.

കേരള ഫീഡ്സ് ലിമിറ്റഡിനുള്ള സഹായം എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ ഇടുക്കി ജില്ലയിലെ അരിക്കുഴ പഞ്ചായത്തിൽ ഒരു ഹൈടെക് കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്ന പദ്ധതിക്കായി 6 കോടി രൂപയും കോഴിക്കോട് ചേമഞ്ചേരി പഞ്ചായത്തിൽ തിരുവാങ്ങൂരിൽ സ്ഥാപിക്കുന്ന കാലിത്തീറ്റ യൂണിറ്റിനുവേണ്ടി 5 കോടി രൂപയും തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകരയിലുള്ള കാലിത്തീറ്റ നിർമ്മാണയൂണിറ്റിലെ യന്ത്രസാമഗ്രികളുടെ നവീകരണത്തിനായി 6 കോടി രൂപയും കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിലുള്ള കാലിത്തീറ്റ നിർമ്മാണയൂണിറ്റിന്റെ വിപുലീകരണം, അടിസ്ഥാനസൗകര്യ വികസനം എന്നിവയ്ക്കായി 1.5 കോടി രൂപയും തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകരയിലുള്ള ബൈപാസ് പ്രോട്ടീൻ ഫീഡ് യൂണിറ്റിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി 2 കോടി രൂപയും, അസംസ്കൃത പദാർത്ഥങ്ങളുടെ

വിലവർദ്ധനവിനിടയിലും ക്ഷീരകർഷകർക്ക് ന്യായ വിലയ്ക്ക് കാലിത്തീറ്റ ലഭ്യമാക്കുന്നതിലൂടെ പ്രതിവർഷമുണ്ടാകുന്ന ബാധ്യത തീർക്കുന്നതിനായി 15 കോടി രൂപയും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 10000 വനിതകൾക്ക് ആട് വിതരണംചെയ്യുന്ന പദ്ധതിയുടെ സമയബന്ധിത നടത്തിപ്പിനായി ഒരു കോടി രൂപയും ബഡ്ജറ്റിൽ അനുവദിച്ച തുകയ്ക്ക് പുറമെ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

'എം.പി.ഐ.-യ്ക്ക് സഹായം' എന്ന ശീർഷകത്തിൽ ഇടയാറിൽ സ്ഥാപിക്കുന്ന ആധുനിക അറവുശാലയ്ക്ക് 2.6912 കോടി രൂപയും തൃശ്ശൂർ ജില്ലയിലെ പരിയാരം വില്ലേജിൽ സ്ഥാപിക്കുന്ന ആധുനിക ഇറച്ചി സംസ്കരണ ശാലയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഒരു കോടി രൂപയും, മാംസ ഉൽപ്പന്നങ്ങൾ ഭക്ഷ്യയോഗ്യമാക്കി ടിന്നുകളിലടയ്ക്കുന്ന 'റിട്ടോർട്ട് പൗച്ച് യൂണിറ്റ്' ഇടയാറിൽ ആരംഭിക്കുന്നതിന് 50 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു. ഇടയാർ എം.പി.ഐ. ക്യാമ്പസിനടുത്ത് കോഴിസംസ്കരണത്തിൽ നിന്നുള്ള വേസ്റ്റ് വസ്തുക്കൾ സംസ്കരിച്ച് ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള ഒരു റെന്ററിംഗ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി 25 ലക്ഷം രൂപയും പന്നിക്കുട്ടികൾക്കായി ഒരു അത്യാധുനിക ബ്രീഡിംഗ് ഷെഡ് നിർമ്മാണകേന്ദ്രം ഇടയാർ എം.പി.ഐ. ക്യാമ്പസിൽ നിർമ്മിക്കുന്നതിനായി 30 ലക്ഷം രൂപയും ബ്രോയിലർകോഴി വളർത്തൽ കേന്ദ്രം സ്ഥാപിക്കുന്നതിനായി ഒരു കോടി രൂപയും, എം.പി.ഐ. യുടെ ആവശ്യങ്ങൾക്കായി ശീതീകരണ സംവിധാനങ്ങൾ ഉൾക്കൊള്ളുന്ന 3 വാനുകൾ വാങ്ങുന്നതിനായി 25 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XXXII (ക്ഷീരവികസനം)

വകുപ്പിന്റെ ഡയറക്ടറേറ്റിലും ജില്ലാതല ഓഫീസുകളിലും വാഹനങ്ങൾ വാങ്ങുന്നതിന് ഡയറക്ടറേറ്റ് എന്ന ശീർഷകത്തിൻകീഴിൽ 70 ലക്ഷം രൂപയും ജില്ലാ ഓഫീസുകളിലെ മരാമത്ത് പണികൾക്കായി 49.99 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു. തുടർന്ന് നടന്ന ചർച്ചയിൽ വകുപ്പിന്റെ കീഴിലുള്ള 5 പരിശീലനകേന്ദ്രങ്ങൾവഴി വിജ്ഞാപന വ്യാപന പ്രവർത്തനങ്ങൾ നടത്തുന്നതിനും അപ്രതീക്ഷിതമായ പ്രകൃതിദുരന്തങ്ങൾകൊണ്ട് കർഷകർക്ക് നേരിടേണ്ടിവരുന്ന ദുരന്തങ്ങൾ പരിഹരിക്കുന്നതിനുമായി ഗ്രാമീണ ക്ഷീരവ്യവസായ വികസന ഉപദേശക പ്രവർത്തനങ്ങൾ എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ 1.8 കോടി രൂപയും, കാലിത്തീറ്റയ്ക്കുള്ള സബ്സിഡി ശീർഷകത്തിൽ പദ്ധതിയിനത്തിൽ 6.5 കോടി രൂപയും വനിതകളെ ഉൾപ്പെടുത്തി ഗോപാലിക ഗ്രൂപ്പ് രൂപീകരിച്ച് തീറ്റപ്പുൽ കൃഷി വ്യാപകമാക്കുന്നതിനായി 5.2366 കോടി രൂപയും ക്ഷീരകർഷകരുടെ സാമൂഹ്യസുരക്ഷാ പദ്ധതികൾക്കായി ക്ഷീരകർഷക ക്ഷേമനിധി ബോർഡിന് ഇൻഷ്വറൻസ് പദ്ധതിക്ക് ധനസഹായം എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ 15 ലക്ഷം രൂപയും അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

കേരളത്തിലെ തെരഞ്ഞെടുത്ത അതിർത്തി ചെക്ക് പോസ്റ്റുകളിൽ പാലിന്റെ ഗുണനിലവാര പരിശോധനയ്ക്ക് സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിന് പദ്ധതിയിനത്തിൽ 1.27 കോടി രൂപയും സമഗ്ര ക്ഷീരവികസനപദ്ധതി

നടപ്പിലാക്കുന്നതിന് പദ്ധതിയിനത്തിൽ 5.0892 കോടി രൂപയും ക്ഷീര സഹകരണ സംഘങ്ങൾക്ക് സഹായം എന്ന ശീർഷകത്തിൽ ക്ഷീരസംഘങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനായി പദ്ധതിയിനത്തിൽ 1.1376 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു. വയനാട് ബ്രഹ്മഗിരി വികസന സൊസൈറ്റിക്ക് ധനസഹായം എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ 9.9999 കോടി രൂപയും ക്ഷീരകർഷക ക്ഷേമനിധി പെൻഷൻ വർദ്ധിപ്പിക്കുമ്പോഴുണ്ടാകുന്ന അധിക ബാധ്യത നേരിടുന്നതിനായി 87.68 കോടി രൂപയും ക്ഷീര കൃഷിയിലൂടെ കടക്കെണിയിലായ കർഷകർക്ക് ധനസഹായം നൽകുന്നതിനായി പദ്ധതിയിനത്തിൽ 4.9999 കോടി രൂപയും അനുവദിക്കണമെന്ന് യോഗം ശിപാർശ ചെയ്തു. ഇതുമായി ബന്ധപ്പെട്ട് വിശദമായ ചർച്ചയിൽ പാലക്കാട് ജില്ലയിൽ ഏകദേശം അയ്യായിരത്തോളം പശുക്കൾ ചത്തുപോയെങ്കിലും നാമമാത്രമായ പശുഉടമകൾക്ക് മാത്രമാണ് നഷ്ടപരിഹാരം ലഭിച്ചതെന്ന സമിതിയുടെ അഭിപ്രായത്തെത്തുടർന്ന് പ്രസ്തുത പദ്ധതിയുടെ പ്രയോജനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി വിതരണംചെയ്തു കന്നുകാലികളുള്ള ക്ഷീരകർഷകർക്ക് മാത്രമായി പരിമിതപ്പെടുത്താതെ മുഴുവൻ ക്ഷീരകർഷകർക്കും ലഭ്യമാക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സമിതി നിർദ്ദേശം നൽകി. ക്ഷീരവികസന വകുപ്പിന്റെ ഡയറക്ടറേറ്റ് കെട്ടിടത്തിന്റെ പുനരുദ്ധാരണത്തിന് ചെറുകിട മരാമത്ത് പണികൾ എന്ന ശീർഷകത്തിൽ 2.4999 കോടി രൂപയും ലാൻഡ് അക്വിസിഷൻ പദ്ധതികളുമായി ബന്ധപ്പെട്ട നഷ്ടപരിഹാരം നൽകുന്നതിന് 2 കോടി രൂപയും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

### ധനാഭ്യർത്ഥന നമ്പർ XXXIII (മത്സ്യബന്ധനം)

ധനാഭ്യർത്ഥന XXXIII സംബന്ധിച്ച ചർച്ചയിൽ മത്സ്യത്തൊഴിലാളികൾക്കുള്ള ഉല്പാദനബോണസ് എന്ന ശീർഷകത്തിൽ 1.5 കോടി രൂപയും, മത്സ്യഫെഡിൽ അംഗങ്ങളായ പ്രാഥമിക മത്സ്യസഹകരണ സംഘങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് വായ്പാസൗകര്യം നൽകുന്നതിനായി പദ്ധതിയിനത്തിൽ 20.367 കോടി രൂപയും, പരമ്പരാഗത മത്സ്യബന്ധന വള്ളങ്ങളുടെ യന്ത്രവൽക്കരണം എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ 60 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതിയോഗം ശിപാർശ ചെയ്തു. നാടൻ വള്ളങ്ങളുടെ ആധുനികവൽക്കരണം പദ്ധതിക്കായി 1.1 കോടി രൂപയും പഞ്ഞമാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് സഹായധനമായി നൽകിവരുന്ന തുക 2700-ൽ നിന്നും 3600 രൂപയാക്കി വർദ്ധിപ്പിക്കുമ്പോഴുണ്ടാകുന്ന അധികബാധ്യത തീർക്കുന്നതിന് പദ്ധതിയിനത്തിൽ 16.47 കോടി രൂപയും, മത്സ്യത്തൊഴിലാളികൾക്ക് ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ സഹായത്തോടെ നടപ്പാക്കുന്ന സമ്പാദ്യ സമാശ്വാസ പദ്ധതി എന്ന ശീർഷകത്തിൽ പ്ലാൻ ഫണ്ടിൽ 6.94 കോടി രൂപയും അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു. കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായുള്ള പ്രത്യേക പാക്കേജിനായി 25 കോടി രൂപ അനുവദിക്കണമെന്നും വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂമിയും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് സ്ഥലവും വീടും മറ്റു ജീവനോപാധി സഹായങ്ങളും നൽകുന്നതിനായി വിഴിഞ്ഞം തുറമുഖ പദ്ധതി നടപ്പാക്കൽ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസവും ഭൂമി ഏറ്റെടുക്കലും എന്ന ശീർഷകത്തിൽ 25 കോടി രൂപ വകയിരുത്തണമെന്നും തീരുമാനിച്ച സമിതി വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട് ഭൂമിയും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനും

സമഗ്ര വികസനത്തിനുമായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പദ്ധതി തയ്യാറാക്കണമെന്നും ആയത് തയ്യാറാക്കുന്ന മുറയ്ക്ക് ആവശ്യമായ തുക അനുവദിക്കണമെന്നും ശിപാർശ ചെയ്തു. സംയോജിത മത്സ്യബന്ധന വികസനപദ്ധതിക്കായി പദ്ധതിയിനത്തിൽ അധികമായി 19.2577 കോടി രൂപയും, ചേറ്റുവ, ചെറുവത്തൂർ, തലായി ഫിഷിംഗ് ഹാർബറുകളുടെ പൂർത്തീകരണവും പൂർണ്ണ പ്രവർത്തനസജ്ജമാക്കലും എന്ന ശീർഷത്തിൽ പദ്ധതിയിനത്തിൽ അധികമായി 10.3043 കോടി രൂപയും, മുനയ്ക്കാകടവിൽ ഫിഷ് ലാന്റിംഗ് സെന്ററിനായി പദ്ധതിയിനത്തിൽ അധികമായി 30 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു. 2015-16 സാമ്പത്തികവർഷം ആരംഭിച്ച മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തിനായി പദ്ധതിയിനത്തിൽ 10 കോടി രൂപയും, 2016-17 സാമ്പത്തികവർഷം പൂർത്തീകരിക്കേണ്ട താനൂർ മത്സ്യബന്ധനതുറമുഖ പദ്ധതിക്കായി പദ്ധതിയിനത്തിൽ 9 കോടി രൂപയും, വെള്ളയിൽ മത്സ്യബന്ധന തുറമുഖ പദ്ധതിക്കായി 11 കോടി രൂപയും, അർത്തുങ്കൽ മത്സ്യബന്ധന തുറമുഖം എന്ന ശീർഷകത്തിൽ 15.22 കോടി രൂപയും, അനുവദിച്ച വിഹിതത്തിനു പുറമെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

ആർ.ഐ.ഡി.എഫ്. സഹായത്തിന്മേലുള്ള സംയോജിത തീരദേശ വികസന പദ്ധതി ശീർഷകത്തിൽ പദ്ധതിയിനത്തിൽ അധികമായി 27.6 കോടി രൂപയും, നബാർഡ് സഹായത്തോടെയുള്ള ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സഹായം എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ അധികമായി 43 കോടി രൂപയും, നീണ്ടകര തുറമുഖത്തിന്റെ ശക്തികുളങ്ങര ഭാഗത്തെ ഭൂമി ഏറ്റെടുക്കുന്നതിനും ചെല്ലാനം തുറമുഖത്ത് സ്ഥലം ഏറ്റെടുക്കുന്നതിനുമായി 15 കോടി രൂപയും വകയിരുത്തുന്നതിന് സമിതി ശിപാർശ ചെയ്തു. ചേത്തി മത്സ്യബന്ധനതുറമുഖം (സംസ്ഥാന പദ്ധതി) എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ 5 കോടി രൂപയും, പുതിയാപ്പ, മാപ്പിളബേ, തോട്ടപ്പള്ളി എന്നീ തുറമുഖങ്ങളിലെ ഡ്രഡ്ജിംഗ്പ്രവൃത്തി പൂർത്തീകരിക്കുന്നതിനും നീണ്ടകര തുറമുഖത്തിന്റെ ഡ്രഡ്ജിംഗ് പ്രവൃത്തികൾ തുടരുന്നതിനുമായി കടലോര മത്സ്യബന്ധന അടിസ്ഥാന സൗകര്യം, മത്സ്യബന്ധനത്തിന ശേഷമുള്ള പ്രവർത്തനങ്ങൾ എന്നിവയുടെ വികസനത്തിനായുള്ള പദ്ധതിയിനത്തിൽ അധികമായി 2.97 കോടി രൂപയും, കൊയിലാണ്ടി മത്സ്യബന്ധനതുറമുഖം എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ അധികമായി 8.65 കോടി രൂപയും, പുതിയ മത്സ്യബന്ധന തുറമുഖകേന്ദ്രങ്ങൾ കണ്ടെത്തൽ എന്ന ശീർഷകത്തിൽ പതിമൂന്ന് ഫിഷ് ലാന്റിംഗ് സെന്ററുകളുടെ പ്രാരംഭ കണ്ടെത്തൽ പരിപാടികൾക്ക് പദ്ധതിയിനത്തിൽ അധികമായി 1.35 കോടി രൂപയും, ആലപ്പുഴ വടക്ക് അന്ധകാരനഴി പാലം നിർമ്മാണത്തിനായി ടി ശീർഷകത്തിൽ അധികമായി 2 കോടി രൂപയും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു. മുൻവർഷങ്ങളിൽ അനുവദിച്ച എൻ.സി.ഡി.സി. പദ്ധതികൾ നടപ്പാക്കുന്നതിന് സർക്കാരിൽനിന്നും മുഴുവൻ തുകയും അനുവദിച്ചിട്ടില്ല എന്ന് വിലയിരുത്തിയ സമിതി അതിനായി 9.826 കോടി രൂപ പദ്ധതിയിനത്തിൽ അധികം അനുവദിക്കണമെന്ന് ശിപാർശ ചെയ്തു. വിവിധ സ്ഥലങ്ങളിലെ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകൾ, ഇൻസ്പെക്ടർ ഓഫീസുകൾ എന്നിവയുടെ സംരക്ഷണത്തിനായി അധികമായി 2 കോടി രൂപ പദ്ധതിയേതരയിനത്തിലും പുതിയ വാഹനം വാങ്ങുന്നതിനായി 14 ലക്ഷം രൂപ പദ്ധതിയേതരയിനത്തിലും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ആവശ്യത്തിനായി പ്രതിമാസം സബ്സിഡി നിരക്കിൽ നിശ്ചിതതോതിൽ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും വെള്ളമണ്ണെണ്ണ നേരിട്ട് ലഭ്യമാക്കി സംസ്ഥാനത്തെ ഫിഷിംഗ് ഹാർബർ/ലാന്റിംഗ് സെന്ററുകൾ കേന്ദ്രീകരിച്ച് മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിലൂടെ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനായി മത്സ്യത്തൊഴിലാളികൾക്കായുള്ള മണ്ണെണ്ണ വിതരണം എന്ന ശീർഷകത്തിൽ 64.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശക്തമായി ശിപാർശ ചെയ്തു

'മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരുടെ സുരക്ഷയ്ക്കായി മറൈൻ ആംബുലൻസ്' എന്ന ശീർഷകത്തിൽ 6 കോടി രൂപയും, തീരമൈത്രി സൂപ്പർ മാർക്കറ്റ് എന്ന ശീർഷകത്തിൽ പദ്ധതിയേതരയിനത്തിൽ ഒരു കോടി രൂപയും തീരദേശറോഡ് നിർമ്മാണങ്ങൾക്കായി മരാമത്തുകൾ എന്ന ശീർഷകത്തിൽ പദ്ധതിയേതരയിനത്തിൽ 70 കോടി രൂപയും അധികം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു. കൊച്ചിയിലെ പുതുവൈപ്പിനിൽ ഓഷ്യനേറിയം സ്ഥാപിക്കുന്നതിന് പദ്ധതിയേതരയിനത്തിൽ 5 കോടി രൂപയും കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ എന്ന ശീർഷകത്തിൽ അധികമായി 32.5 കോടി രൂപ പദ്ധതിയേതരയിനത്തിലും സെസ്സ് സംബന്ധമായ കേസ്സുകൾ തീർപ്പാക്കുന്നതിന് കേരള മത്സ്യത്തൊഴിലാളി ക്ഷേമ സെസ്സ് ആക്ട് 2007 പിരിച്ച സെസ് തുക കെ.എഫ്.ഡബ്ല്യു. ബോർഡിലേക്ക് മാറ്റുന്നത് എന്ന ശീർഷകത്തിൽ പദ്ധതിയേതരയിനത്തിൽ അധികമായി 15 ലക്ഷം രൂപയും ഏറെ സാദ്ധ്യതയുള്ള അലങ്കാര മത്സ്യമേഖല പുനരുജ്ജീവിപ്പിക്കുന്നതിന് കടുങ്ങല്ലൂർ അക്വാ ടെക്നോളജി പാർക്ക് എന്ന ശീർഷകത്തിൽ അക്വാവെൻച്വർ ഇന്റർനാഷണൽ (കാവിൽ) എന്ന സ്ഥാപനത്തിന് പദ്ധതിയേതരയിനത്തിൽ അധികമായി 5 കോടി രൂപയും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു. ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നി ഇനങ്ങളിലായി മത്സ്യത്തൊഴിലാളികളുടെ മക്കളായ വിവിധ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നതിന് പദ്ധതിയേതരയിനത്തിൽ 20 കോടി രൂപ അധികമായും വർദ്ധിപ്പിച്ച നിരക്കിൽ തൊഴിലാളികൾക്ക് പെൻഷൻ നൽകുന്നതിന് പദ്ധതിയേതരയിനത്തിൽ 56 കോടി രൂപയും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു. കൂടാതെ താഴെപ്പറയുന്ന പദ്ധതികൾക്ക് പുതിയ ശീർഷകമനുവദിച്ച് തുക വകയിരുത്തുന്നതിന് സമിതി ശിപാർശ ചെയ്തു.

പ്രത്യേക നിക്ഷേപ പദ്ധതിയുടെ ഭാഗമായുള്ള പുലിമുട്ട് നിർമ്മാണം 2016-17 സാമ്പത്തികവർഷം നടപ്പാക്കുന്നതിന് 100 കോടി രൂപ, തലശ്ശേരി മത്സ്യബന്ധനതുറമുഖം പൂർത്തീകരിക്കുന്നതിന് 5 കോടി രൂപ, മത്സ്യത്തൊഴിലാളി വനിതാ ഗ്രൂപ്പുകൾക്ക് തൊഴിൽ സംരംഭങ്ങൾ (ആഴക്കടൽ മത്സ്യബന്ധനത്തിനുള്ള പരിശീലനവും യാനങ്ങളും നൽകുന്നതിന്) ആരംഭിക്കുന്നതിന് പ്രവർത്തനമൂലധനമായി 10 കോടി രൂപയും സംസ്ഥാനത്തിന്റെ തീര സംരക്ഷണത്തിന് അനുയോജ്യമായ തീരസംരക്ഷണ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള സാധ്യതാപഠനത്തിനായി 50 ലക്ഷം രൂപയും വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

സമിതിയോഗം വൈകുന്നേരം 4.10-ന് അവസാനിച്ചു.

# 10-08-2016-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I, 2016 ഓഗസ്റ്റ് 10, ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ ബഹു. കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പുമന്ത്രി ശ്രീമതി മേഴ്സിക്കുട്ടി അമ്മയും സന്നിഹിതയായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. പാറക്കൽ അബ്ദുല്ല, എം.എൽ.എ.
2. ശ്രീ. എ. പി. അനിൽ കുമാർ, ,,
3. ശ്രീ. ചിറ്റയം ഗോപകുമാർ, ,,
4. ശ്രീ. കെ. കുഞ്ഞിരാമൻ, ,,
5. ശ്രീ. എം. നൗഷാദ്, ,,
6. ശ്രീ. എസ്. ശർമ്മ, ,,
7. ശ്രീ. കെ. വി. വിജയദാസ്, ,,
8. ശ്രീ. എം.വിൻസെന്റ്, ,,

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി. എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എം. ജി. വിജയൻ, അണ്ടർ സെക്രട്ടറി.

2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ XXIX, XXX, XXXI, XXXII, XXXIII എന്നീ നമ്പർ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് സമിതി പരിഗണിക്കുകയും റിപ്പോർട്ടിലെ കൃഷിവകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 25, 27, മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 36 എന്നിവയിലെ ശിപാർശകൾ താഴെപ്പറയുന്ന ഭേദഗതിയോടെയും മറ്റു ശിപാർശകൾ ഭേദഗതി കൂടാതെയും അംഗീകരിക്കുകയും ചെയ്തു.

കൃഷി വകുപ്പിന്റെ 'ഹണിമിഷൻ' പദ്ധതി സംബന്ധിച്ച 25-ാം നമ്പർ ഖണ്ഡികയിലെ ശിപാർശ സംബന്ധിച്ച ആദ്യവാചകം 'തേൻ ജൈവകൃഷിയുമായി അഭേദ്യമായി ബന്ധപ്പെട്ട ഉല്പന്നമാണെങ്കിലും സംസ്ഥാനത്ത് സാധ്യതയുള്ളതിന്റെ 20% പോലും ശേഖരിച്ച് ഉല്പന്നമാക്കാൻ സാധിക്കുന്നില്ല' എന്ന് ഭേദഗതി ചെയ്യാൻ സമിതി തീരുമാനിച്ചു.

കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് ആന്റ് എൺവയോൺമെന്റുമായി ബന്ധപ്പെട്ട ശിപാർശയായ ഖണ്ഡിക 27 താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്തു.

'ഭൂവിവര വ്യവസ്ഥയുടെ സഹായത്താൽ ഭൂമി നികത്തലും/മാലിന്യ നിർമ്മാർജ്ജന പ്രദേശങ്ങൾ കണ്ടെത്തലും പരിപാലനമാർഗ്ഗങ്ങളും' എന്ന പദ്ധതിക്ക് തുക അത്യന്താപേക്ഷിതമായതിനാൽ 25 ലക്ഷം രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു".

മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട 38-ാം നമ്പർ ഖണ്ഡികയിലെ ശിപാർശയിൽ ഊർജ്ജിത കന്നുകാലി വികസന പ്രോജക്ടുകൾ എന്ന പദ്ധതിക്കായി ശിപാർശ ചെയ്ത തുക 400 ലക്ഷത്തിൽ നിന്നും 403 ലക്ഷമാക്കി മാറ്റാൻ സമിതി തീരുമാനിച്ചു.

മത്സ്യബന്ധന വകുപ്പുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന ശിപാർശ 122-ാം ഖണ്ഡികയായി റിപ്പോർട്ടിൽ ഉൾപ്പെടുത്തുവാനും സമിതി തീരുമാനിച്ചു.

'2016-17-ലെ പുതുക്കിയ ബഡ്ജറ്റ് ചർച്ചയുടെ മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ച്, സംസ്ഥാനത്തിന്റെ തീരസംരക്ഷണത്തിന് അനുയോജ്യമായ തീരസംരക്ഷണ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള സാധ്യതാപഠനത്തിനായി 50 ലക്ഷം രൂപയും വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു'.

കരട് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള തുകകളിൽ ലക്ഷത്തിൽ വരുന്ന തുകകൾ ലക്ഷമായും കോടിയിൽ വരുന്ന തുകകൾ കോടിയായും എഴുതണമെന്ന് സമിതി നിർദ്ദേശിച്ചു. തുടർന്ന് 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള സമിതിയുടെ ആനുകാലിക റിപ്പോർട്ട് പരിഗണിക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്കുശേഷം 3.15-ന് പിരിഞ്ഞു.

## 7-9-2016-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I-ന്റെ ഒരു യോഗം 2016 സെപ്റ്റംബർ 7-ാം തീയതി ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. കൃഷിവകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫിഷ്യോ അംഗം ബഹു. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പുമന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മയും സന്നിഹിതയായിരുന്നു.

<u>ഹാജരായ മറ്റംഗങ്ങൾ</u> :

1. ശ്രീ. കെ. കുഞ്ഞിരാമൻ, എം.എൽ.എ.
2. ശ്രീ. എം. നൗഷാദ്, എം.എൽ.എ.
3. ശ്രീ. എസ്. ശർമ്മ, എം.എൽ.എ.
4. ശ്രീ. കെ. വി. വിജയദാസ്, എം.എൽ.എ.
5. ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എം. ജി. വിജയൻ, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ഡോ. രാജു നാരായണസ്വാമി, പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ് & കാർഷികോത്പാദന കമ്മീഷണർ
2. ശ്രീ. ജയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യബന്ധന തുറമുഖവകുപ്പ്
3. ഡോ. എസ്. കാർത്തികേയൻ, ഡയറക്ടർ, മത്സ്യബന്ധന തുറമുഖ വകുപ്പ്
4. ശ്രീ. ബിജു പ്രഭാകർ, ഡയറക്ടർ, കൃഷി വകുപ്പ്
5. ശ്രീ. ജെ. ജസ്റ്റിൻ മോഹൻ, ഡയറക്ടർ, സോയിൽ സർവ്വേ & സോയിൽ കൺസർവേഷൻ ഡിപ്പാർട്ട്മെന്റ്

6. ശ്രീമതി ടി. കെ. അജിതകുമാരി, അഡീഷണൽ സെക്രട്ടറി, പ്ലാനിംഗ് & എക്കണോമിക് അഫയേഴ്സ് ഡിപ്പാർട്ട്മെന്റ്

7. ശ്രീ. വി. എസ്. സുരേഷ് കുമാർ, അഡീഷണൽ സെക്രട്ടറി, കൃഷി വകുപ്പ്

8. ശ്രീ. ടി. കെ. സോമൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

9. ശ്രീ. കെ. ബാബു, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്

10. ശ്രീമതി പി. കെ. രഞ്ജിനി, അഡീഷണൽ ഡയറക്ടർ (മാർക്കറ്റിംഗ്) ഡയറക്ടറേറ്റ് ഓഫ് അഗ്രികൾച്ചർ

11. ശ്രീ. വി. വിജയകുമാർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

12. ശ്രീ. എൻ. രൂപൻ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

13. ഡോ. സാജൻ കുര്യൻ, റിസർച്ച് ഡയറക്ടർ, കേരള കാർഷിക സർവ്വകലാശാല

14. ശ്രീ. ടി. എസ്. മജീദ്, കൺട്രോളർ, കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി

15. ശ്രീ. പി. സഹദേവൻ, എക്സിക്യൂട്ടീവ് ഡയറക്ടർ, ഫിർമ

16. ഡോ. കെ. എം. ശ്യാംമോഹൻ, ഫിനാൻസ് ഓഫീസർ, കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി (KVASU)

17. ശ്രീ. പി. കെ. അനിൽ കുമാർ, ചീഫ് എൻജിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്.

സമിതി വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ഇത് സംബന്ധിച്ച് ചർച്ച നടത്തുകയും ചെയ്തു.

I. <u>2015-16 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്</u>

<u>(ഫയൽ നം. 4699/സബ്.സി.സി2/2015/നി.സെ.)</u>

റിപ്പോർട്ടിലെ ഖണ്ഡിക 2, 3, 4, 5, 6, 7, 8, 10, 15, 16, 17, 20, 21, 80, 86, 87, 91, 99, 109, 110, 112, 113, 114 എന്നിവയും ഖണ്ഡിക 9, 11 എന്നിവയിലെ തുടർശിപാർശയൊഴിച്ച മറുപടിയും സമിതി അംഗീകരിച്ചു.

ഖണ്ഡിക 2-മായി ബന്ധപ്പെട്ട് നടന്ന ചർച്ചയിൽ നാളികേര സംഭരണത്തിൽ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ സമിതിയംഗം ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് കൃഷിഭവൻ വഴി സംഭരിക്കുന്ന നാളികേരം കൊപ്രയാക്കി മാറ്റാൻ കേരഫെഡിന് സാധിക്കാത്ത സ്ഥിതിയാണുള്ളതെന്നും ഡ്രയർ യൂണിറ്റുകൾക്ക് അനുവദിക്കുന്ന തുക അപര്യാപ്തമായതിനാലും ഉല്പാദിപ്പിക്കുന്ന കൊപ്ര ഗുണമേന്മയില്ല എന്ന പരാതിയുള്ളതിനാലും സംഭരിച്ച നാളികേരം കെട്ടിക്കിടക്കുകയാണെന്നും നാഫെഡിന് സംഭരണത്തിനുള്ള അനുമതി ഉണ്ടെങ്കിലും അവരുടെ നോംസ് പ്രകാരമുള്ള എഫ്.എ.ക്യു. ക്വാളിറ്റി കൊപ്ര നൽകണമെങ്കിൽ മുൻകാല പ്രാബല്യം ലഭിച്ചാൽ മാത്രമേ സാധിക്കുകയുള്ളുവെന്നും, മുൻകാലങ്ങളിൽ ഉണ്ടായിരുന്ന അപ്പലേറ്റ് അതോറിറ്റി സംവിധാനം പുനഃസ്ഥാപിച്ചുകൊണ്ട് ക്വാളിറ്റി സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനുള്ള ശ്രമം നടന്നുവരുന്നുവെന്നും കേരഫെഡിന്റെ കടിശ്ശിക തീർക്കുന്നതിന് ഗവൺമെന്റ് ഗ്യാരന്റി നിന്നുകൊണ്ട് വായ്പാസൗകര്യം ഏർപ്പെടുത്തുന്നതിന് ധനമന്ത്രിയുമായി ചർച്ച നടത്തിയെങ്കിലും ബാങ്കുകളുമായി ഒരു ധാരണയിലെത്താൻ സാധിച്ചിട്ടില്ലായെന്നും ആയതിനാൽ കർഷകരുടെ യോഗം വിളിച്ചുചേർത്ത് പച്ചത്തേങ്ങ സംഭരിക്കുന്നതിനു പകരം എഫ്.എ.ക്യു. ക്വാളിറ്റി കൊപ്ര സംഭരിക്കുന്നതിനെപ്പറ്റി സർക്കാർ ആലോചിക്കുകയാണെന്നും ചെയർമാൻ അറിയിച്ചു

ഖണ്ഡിക 9, 11 സംബന്ധിച്ച് വകുപ്പിൽ നിന്നും ലഭിച്ച അധിക വിവരം പരിഗണിച്ച സമിതി ഇതു സംബന്ധിച്ച വിശദമായ ചർച്ചയിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയാണ് നെൽകർഷകർക്ക് ഉല്പാദന ബോണസ് നൽകുന്നതെന്നും ലക്ഷ്യത്തിനനുസരിച്ച് ഉത്പാദനബോണസ് നൽകിയില്ലെങ്കിൽ അത് കാർഷിക മേഖലയെ മൊത്തമായി ബാധിക്കുമെന്നും അഭിപ്രായപ്പെട്ടു.

കേരള കാർഷിക സർവ്വകലാശാല സംബന്ധിച്ച ലഭിച്ച നടപടി റിപ്പോർട്ടുകളുമായി ബന്ധപ്പെട്ട ചർച്ചയിൽ 2015-16 വർഷം കേരള കാർഷിക സർവ്വകലാശാല ശിപാർശകളൊന്നും സമർപ്പിക്കാത്തതിനാൽ ബഡ്ജറ്റ് വിഹിതത്തിനപ്പുറമെ തുകയൊന്നും അനുവദിക്കാൻ നിർവ്വാഹമില്ലായെന്നാണ് വകുപ്പ് മറുപടി നൽകിയിരിക്കുന്നതെന്ന് സമിതി ചൂണ്ടിക്കാണിച്ചപ്പോൾ ശിപാർശകൾ കൊടുത്തിരുന്നെന്നും ആയതിന്റെ വിശദാംശങ്ങൾ ഫയലിലുണ്ടെന്നും കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി കൺട്രോളർ സമിതി മുമ്പാകെ വെളിപ്പെടുത്തി. എന്നാൽ സർവ്വകലാശാല സമർപ്പിച്ച റിപ്പോർട്ട് പ്രകാരമാണ് വകുപ്പ് ഇപ്രകാരം സമിതിക്ക് കുറിപ്പ് നൽകിയതെന്ന കൃഷി വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ വിശദീകരണത്തെ തുടർന്ന് ഇത് സംബന്ധിച്ച് പരിശോധന നടത്താൻ കൃഷിവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് സമിതി നിർദ്ദേശം നൽകി.

ഖണ്ഡിക 80-ലെ ശിപാർശയിന്മേൽ നടന്ന ചർച്ചയിൽ ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ സഹായത്താലുള്ള ഭവന പദ്ധതിക്ക് 600 ലക്ഷം രൂപ അധികമായി ആവശ്യപ്പെട്ടെങ്കിലും പദ്ധതി നടപ്പാക്കാൻ കേന്ദ്ര അനുമതി ലഭിക്കാത്തതിനാൽ അധികതുക ആവശ്യമില്ല എന്ന് മത്സ്യബന്ധന തുറമുഖ വകുപ്പുസെക്രട്ടറി അഭിപ്രായപ്പെട്ടതിനെ തുടർന്ന് ആയത് കൂടി ചേർത്ത് അടുത്തവർഷം കേന്ദ്രത്തോട് ആവശ്യപ്പെടുമോയെന്നും സംസ്ഥാന അലോട്ട്മെന്റ് മാത്രം ഉൾപ്പെടുത്തി പദ്ധതി നടപ്പാക്കാനാകുമോയെന്നും സമിതി ആരാഞ്ഞു. കേന്ദ്ര പദ്ധതിയായതിനാൽ മാച്ചിംഗ് ഗ്രാന്റായാണ് തുക നൽകുന്നതെന്നും കേന്ദ്രത്തിൽ നിന്നും ഫണ്ട് ലഭിക്കാതിരുന്നതിനാൽ ആയത് ക്ലെയിം ചെയ്യാൻ സാധിച്ചില്ലായെന്നും പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി. പുതിയ സ്കീമുകൾ ആവിഷ്കരിച്ച് ഇതിനുവേണ്ടി മുൻകൂട്ടി ഫണ്ട് ആവശ്യപ്പെടണമെന്ന് സമിതി നിർദ്ദേശിച്ചു.

## II. 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ 29/സബ്.സി.സി2/14/നി.സെ.)

ഖണ്ഡിക 14, 22, 23, 27, 28, 87 (അധിക നിർദ്ദേശത്തിനുള്ള മറുപടി), 88, 100, 101, 103, 108, 109, 114, 115, 116 എന്നിവ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡിക 28-ൻ മേൽ നടന്ന വിശദമായ ചർച്ചയിൽ മുതലമടയിൽ മാമ്പഴം/പച്ചക്കറി സൂക്ഷിക്കുന്നതിന് ശീതീകരണ സൗകര്യം ഏർപ്പെടുത്തുന്നതിന് കർഷകർക്ക് താൽപ്പര്യമില്ല എന്ന റിപ്പോർട്ട് എവിടെ നിന്നുമാണ് ലഭിച്ചതെന്ന സമിതി ചെയർമാന്റെ ചോദ്യത്തിന് കൃഷി വകുപ്പ് ഡയറക്ടറാണ് റിപ്പോർട്ട് നൽകിയതെന്ന് കൃഷി വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. മുതലമടയിലെ കർഷകർക്ക് മേൽസൗകര്യങ്ങൾ അത്യന്താപേക്ഷിതമായ സാഹചര്യത്തിൽ ടിവെയർഹൗസ് കോമ്പൗണ്ടിൽ ഇപ്രകാരം ശീതീകരണ സംവിധാനമുള്ള ഒരു ഗോഡൗൺ ഒരുക്കുന്നതിന് അധികതുക ആവശ്യമില്ലായെന്നും ഡയറക്ടർ ഇത്തരത്തിലുള്ള റിപ്പോർട്ട് നൽകാനുണ്ടായ കാരണമെന്താണെന്ന് കൃഷിവകുപ്പ് സെക്രട്ടറി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശം നൽകി.

ഖണ്ഡിക 14 സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ പരിഗണനാവേളയിൽ കണ്ണൂർ പ്രാദേശിക കൃഷി ഡയറക്ടറേറ്റിനായി തുകയൊന്നും അനുവദിച്ചിട്ടില്ലെന്നറിയിച്ച ഡയറക്ടർ കണ്ണൂർ ആസ്ഥാനമായുള്ള ഉത്തരമേഖലാ പ്രാദേശിക കൃഷി ഡയറക്ടറെ അഡീഷണൽ ഡയറക്ടർ (മാർക്കറ്റിംഗ്) ചുമതല നൽകി 2015-16 സാമ്പത്തികവർഷം നിയമിച്ചു എന്നും അറിയിച്ചു. അപ്രകാരം ചുമതലയല്ല കൈമാറിയത് എന്നും അഡീഷണൽ

ചാർജ്ജാണ് കൈമാറിയതെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥ സമിതിയെ അറിയിച്ചു. ആത്മാ പ്രോജക്ട് ഡയറക്ടറുടെ തസ്തിക ഷിഫ്റ്റ് ചെയ്ത് കണ്ണൂർ ഉത്തരമേഖല ജോയിന്റ് ഡയറക്ടറാക്കിയും അഡീഷണൽ ഡയറക്ടർക്ക് (മാർക്കറ്റിംഗ്) അധികച്ചുമതല നൽകിയുമാണ് ഉത്തരവായതെന്നും കൂടാതെ ഡയറക്ടറേറ്റിൽ നിന്നും 3 ക്ലാർക്കുമാരെയും നിയമിച്ചിട്ടുണ്ടെന്നും അറിയിച്ചു. എന്നാൽ ആത്മാ പ്രോജക്ടിന്റെ ഓഫീസിൽ പ്രാദേശിക കൃഷി ഡയറക്ടറേറ്റിന്റെ ഓഫീസ് പ്രവർത്തിക്കുന്നു എന്നല്ലാതെ മറ്റു പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ല എന്നറിയിച്ചതിനെ തുടർന്ന് അവിടെ പുതിയ തസ്തികകൾ സൃഷ്ടിച്ച് പ്രവർത്തനം ത്വരിതപ്പെടുത്തേണ്ടതാണെന്നും ഇത് സംബന്ധിച്ച റിപ്പോർട്ട് നൽകണമെന്നും ചെയർമാൻ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

III. <u>2013-14 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 3-ാമത് റിപ്പോർട്ട്</u>

<u>(ഫയൽ നമ്പർ 2848/സബ്.സി.സി2/13/നി.സെ.)</u>

ഖണ്ഡിക 6, 10, 19, 24, 28, 36, 94, 100, 101, 105, 108, 109, 119, 124, 125,127 എന്നിവ സമിതി അംഗീകരിച്ചു.

ഖണ്ഡിക 119 സംബന്ധിച്ച ചർച്ചയിൽ ധനകാര്യവകുപ്പിൽ നിന്നും വിവിധ വകുപ്പുകൾക്ക് (മത്സ്യബന്ധന വകുപ്പുൾപ്പെടെ) ലെറ്റർ ഓഫ് ക്രെഡിറ്റ് ലഭിക്കാൻ കാലതാമസം നേരിടുന്നതിനാൽ ബഡ്ജറ്റിൽ വിവിധ പദ്ധതികൾക്കായി അനുവദിക്കുന്ന തുക സാമ്പത്തികവർഷം അവസാനിക്കുന്നതിന് മുമ്പ് ചെലവഴിക്കാൻ സാധിക്കാതെ സറണ്ടർ ചെയ്യേണ്ട അവസ്ഥയാണെന്നും പല പദ്ധതികളും പൂർത്തീകരിക്കാൻ സാധിക്കാത്ത സ്ഥിതിയാണെന്നും സമിതി വിലയിരുത്തി. ബില്ലുകൾ സമയബന്ധിതമായി സമർപ്പിക്കാത്തതുമൂലം സംഭവിക്കുന്ന ടെണ്ടർ എക്സസിലൂടെ പൊതുഖജനാവിനുണ്ടാകുന്ന നഷ്ടം ഒഴിവാക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കണമെന്ന് ധനകാര്യവകുപ്പിനോട് ശിപാർശ ചെയ്യുവാനും സമിതി തീരുമാനിച്ചു.

2013-14 ലെ റിപ്പോർട്ടിന്മേലുള്ള തുടർചർച്ചയിൽ പ്രകൃതി ദുരന്തത്തിൽ ദുരിതമനുഭവിച്ച കർഷകർക്ക് 2012-13 മുതൽ വകുപ്പിൽ നിന്നോ എസ്.ഡി.ആർ.എഫിൽ നിന്നോ നഷ്ടപരിഹാരം നൽകിയിട്ടില്ലെന്നും 2012 മുതൽ 2016 വരെ വകുപ്പിന്റെ വിഹിതം മാത്രം 76.74 കോടി രൂപ കൊടുക്കാനുണ്ടെന്നും എസ്.ഡി.ആർ.എഫ്.ന് കൊടുക്കാനുള്ള 16.24 കോടി രൂപയും ചേർത്ത് ആകെ 93 കോടി രൂപയോളം നൽകാനുണ്ടെന്നും ഒരു തെങ്ങിന് 700 രൂപ നഷ്ടപരിഹാരം നൽകിയിരുന്നത് ഇപ്പോൾ 62 രൂപയും ഒരു വാഴയ്ക്ക് 100 രൂപ നൽകിയിരുന്നത് 5.40 രൂപയായും കുറഞ്ഞിട്ടുള്ളതായും കൃഷി വകുപ്പ് ഡയറക്ടർ സമിതിയെ ബോധ്യപ്പെടുത്തി. വാഴയ്ക്കും തെങ്ങിനുമെല്ലാം ഇപ്രകാരം കൊടുത്തുവന്നിരുന്ന നഷ്ടപരിഹാരതുക ഇപ്പോൾ തീരെ തുച്ഛമാണെന്നും ഇത്തരം സ്ഥിതിയാണ് നിലനിൽക്കുന്നതെങ്കിൽ കൃഷി ചെയ്യുന്നവർ പോലും കൃഷി ചെയ്യാത്ത അവസ്ഥയാകുമെന്നും വിലയിരുത്തിയ സമിതി ഇതിനുള്ള തുക ബഡ്ജറ്റിൽ സപ്ലിമെന്ററി ഡിമാന്റായി വകയിരുത്തേണ്ടിവരുമെന്ന് അഭിപ്രായപ്പെട്ടു. ഈ വിഷയം വിശദമായി പിന്നീട് ചർച്ച ചെയ്യാൻ സമിതി തീരുമാനിച്ചു.

IV. 2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 4871/സബ്.സി.സി2/2011/നി.സെ.)

ഖണ്ഡിക 8, 17, 27, 67 എന്നിവ സമിതിയോഗം അംഗീകരിച്ചു

V. 2009-10 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 15597/സബ്.സി.സി2/2009/നി.സെ.)

ഖണ്ഡിക 23 ലെ അധികനിർദ്ദേശത്തിന്മേലുള്ള മറുപടി സമിതി അംഗീകരിച്ചു

VI. 'ജൈവകൃഷിയും സുരക്ഷിതവും ഭക്ഷ്യയോഗ്യവുമായ ഭക്ഷ്യോല്പാദനവും' എന്ന വിഷയത്തിന്മേലുള്ള പ്രത്യേക റിപ്പോർട്ട്

(ഫയൽ നമ്പർ 3832/സബ്.സി.സി2/2013/നി.സെ.)

ഖണ്ഡിക 9, 11, 13, 14 എന്നിവ സമിതി പരിഗണിച്ച് അംഗീകരിച്ചു

ഖണ്ഡിക 13-ന്മേൽ നടന്ന ചർച്ചയിൽ കൃഷി വികസനത്തിനായി 1500 പമ്പ് സെറ്റുകൾ 10000 രൂപ സബ്സിഡി നിരക്കിൽ അനുവദിച്ചതിന്റെ മാനദണ്ഡങ്ങൾ എന്താണെന്നും ഏതെല്ലാം ജില്ലകളിലാണ് ഇത് നൽകിയിട്ടുള്ളതെന്നും റിപ്പോർട്ട് നൽകണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് സമിതി നിർദ്ദേശം നൽകി.

VII. പാലക്കാട് ജില്ലയിലെ രൂക്ഷമായ വരൾച്ചയും അതിനുള്ള കാരണങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്

(ഫയൽ നമ്പർ 15381/സബ്.സി.സി2/2010/നി.സെ.)

ഖണ്ഡിക 128 സംബന്ധിച്ച് ലഭിച്ച അധികവിവരം സമിതി അംഗീകരിച്ചു

ഖണ്ഡിക 128 ന്മേലുള്ള ചർച്ചയിൽ 30 സെന്റിൽ കുറവുള്ള കർഷകർക്ക് വൈദ്യുതി സൗജന്യമായി ലഭിക്കുന്നില്ലെന്ന പരാതി അന്വേഷിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സമിതി നിർദ്ദേശം നൽകി.

2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ടിൽ, റിപ്പോർട്ട് തയ്യാറാക്കുന്നതിനു മുമ്പ് ലഭിക്കുന്ന മറുപടികൾ കൂടി ഉൾപ്പെടുത്തുന്നതിന് സമിതി നിർദ്ദേശിച്ചു.

മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട ശിപാർശകളിന്മേലുള്ള മറുപടികളുടെ പരിഗണന വകുപ്പുമന്ത്രിയുടെ അസാന്നിദ്ധ്യത്തിൽ മറ്റൊരവസരത്തിലേക്ക് മാറ്റി.

യോഗം വൈകിട്ട് 4.00 മണിക്ക് പിരിഞ്ഞു.

## 20-10-2016-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I 2016 ഒക്ടോബർ 20-ാം തീയതി വ്യാഴാഴ്ച സഭാ സമ്മേളനത്തിനുശേഷം നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി ചെയർമാന്റെ അഭാവത്തിൽ സമിതി എക്സ്- ഒഫിഷ്യോ അംഗം ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി ശ്രീ. കെ. രാജുവിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

<u>ഹാജരായ അംഗങ്ങൾ :</u>

1. ശ്രീ. പാറക്കൽ അബ്ദുല്ല, എം.എൽ.എ.
2. ശ്രീ. എ.പി. അനിൽ കുമാർ, എം.എൽ.എ.
3. ശ്രീ. കെ. കുഞ്ഞിരാമൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

1. ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. എം.ജി. വിജയൻ, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ :</u>

1. ശ്രീ. അനിൽ സേവ്യർ, സെക്രട്ടറി, മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പ്.
2. ശ്രീമതി ആർ.എസ്. പുഷ്പകുമാരി, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
3. ശ്രീമതി കല. എസ്.വി, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.
4. ശ്രീമതി പ്രീത. ബി.എസ്, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.
5. ശ്രീ. ജോർജ്ജുകുട്ടി ജേക്കബ് , ഡയറക്ടർ, ഡയറി ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്.
6. ഡോ. ജോസ് ജെയിംസ്, മാനേജിംഗ് ഡയറക്ടർ, കേരള ലൈവ്സ്റ്റോക്ക് ഡിപ്പാർട്ട്മെന്റ്.
7. ഡോ. എൻ.എൻ. ശശി, ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്.
8. ശ്രീ. ശ്രീകുമാർ. പി, അസിസ്റ്റന്റ് ഫിനാൻസ് ഓഫീസർ, വെറ്ററിനറി യൂണിവേഴ്സിറ്റി.
9. ശ്രീ. എം.ബി. അജയകുമാർ, ഫിനാൻസ് മാനേജർ, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ.
10. ശ്രീ. എസ്. ശിവപ്രസാദ്. മാനേജർ (പേഴ്സണൽ), കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ.

11. ശ്രീ. കെ. എൻ. രാജശേഖരൻ, മാനേജർ, എഫ് & എ, കേരള ഫീഡ്സ് ലിമിറ്റഡ്.

12. ശ്രീ. സുധീർ എൻ. ജി, മാനേജർ (പ്ലാനിംഗ് ആന്റ് മെയിന്റനൻസ്) കേരള ഫീഡ്സ് ലിമിറ്റഡ്.

13. ശ്രീ. കെ.ടി. രാഘവൻ, ലെയ്സൺ ഓഫീസർ , മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്.

സമിതി 2015-16 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശിപാർശകളിൻമേലുള്ള നടപടി സ്റ്റേറ്റ്മെന്റുകളും പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരടും പരിഗണിക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

<u>2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് ( ഫയൽ നമ്പർ 4699/സബ്.സി.സി2/15/നി.സെ.)</u>

ഖണ്ഡിക 18,19,23 മുതൽ 53 വരെ, 55 മുതൽ 77 വരെ എന്നിവയിൻമേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഇതുമായി ബന്ധപ്പെട്ട് നടന്ന ചർച്ചയിൽ ശിപാർശ നൽകിയ ഒരു ഹെഡിലും ധനകാര്യ വകുപ്പ് അധിക തുക അംഗീകരിച്ച് നൽകിയിട്ടില്ല എന്ന് മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു. സാമ്പത്തിക പരിമിതി മൂലമാണ് അധിക തുക അനുവദിക്കാൻ കഴിയാത്തതെന്നും ബഡ്ജറ്റ് പ്രൊവിഷൻ പൂർണ്ണമായും വിനിയോഗിച്ചതിനുശേഷം ധനകാര്യ വകുപ്പിൽ അപേക്ഷിക്കുകയാണെങ്കിൽ തുക അനുവദിക്കാറുണ്ടെന്നും, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യയ്ക്കും വെറ്ററിനറി യൂണിവേഴ്സിറ്റിക്കും തുക അനുവദിച്ചിട്ടുണ്ടെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി. കൂടാതെ നബാർഡ് പദ്ധതികൾക്കായി വകുപ്പ് ആവശ്യപ്പെട്ട മുഴുവൻ തുകയും, ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരം ആവശ്യപ്പെട്ട തുകയും നൽകിയിട്ടുണ്ടെന്നും അഡീഷണൽ സെക്രട്ടറി തുടർന്നറിയിച്ചു. എന്നാൽ വെറ്ററിനറി യൂണിവേഴ്സിറ്റിക്ക് അലോട്ട് ചെയ്ത തുക റീ- അപ്രോപ്രിയേഷനായി അലോട്ട് ചെയ്തതാണെന്നും, കമ്മിറ്റി ശിപാർശ ചെയ്ത അധിക തുക അല്ലെന്നും വെറ്ററിനറി യൂണിവേഴ്സിറ്റി ഫിനാൻസ് ഓഫീസർ സമിതിയെ അറിയിച്ചു.

തുടർന്ന് സമിതി 2015-16 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ഭേദഗതികളില്ലാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം വൈകുന്നേരം 4.30-ന് പിരിഞ്ഞു.

# 21-12-2016-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി I 2016 ഡിസംബർ 21-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.00 മണിയ്ക്ക് സമിതി ചെയർമാനായ ബഹു. കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ യോഗം ചേർന്നു. സമിതിയുടെ എക്സ് ഒഫീഷ്യോ അംഗമായ ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി ശ്രീ. കെ. രാജുവും ചുവടെ ചേർത്തിരിക്കുന്ന അംഗങ്ങളും പ്രസ്തുത യോഗത്തിൽ ഹാജരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. എ.പി. അനിൽ കുമാർ, എം.എൽ.എ.
2. ശ്രീ. ചിറ്റയം ഗോപകുമാർ, എം.എൽ.എ.
3. ശ്രീ. കെ. കുഞ്ഞിരാമൻ, എം.എൽ.എ.
4. ശ്രീ. കെ.വി. വിജയദാസ്, എം.എൽ.എ.
5. ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീമതി എസ്. ഷാഹിന, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എസ്. ജയശ്രീ , ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ജയശ്രീ, എം., അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ഡോ. രാജു നാരായണസ്വാമി, പ്രിൻസിപ്പൽ സെക്രട്ടറി & അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ, കൃഷിവകുപ്പ്.
2. ശ്രീ. ബിജു പ്രഭാകർ, ഡയറക്ടർ, കൃഷിവകുപ്പ്
3. ശ്രീ. ടോംസ് ജോസഫ്, ജോയിന്റ് ഡയറക്ടർ, റബ്ബർ ബോർഡ്.
4. ശ്രീ. വി. മോഹനൻ, ജോയിന്റ് റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ
5. ഡോ. എൻ. ബോസ്, ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ
6. ശ്രീമതി എസ്. വനജകുമാരി അമ്മ, അണ്ടർ സെക്രട്ടറി കൃഷി (എൻ.സി.എ.) വകുപ്പ്.
7. ശ്രീ. ജി. അനിൽകുമാർ, അണ്ടർ സെക്രട്ടറി, ധനകാര്യ വകുപ്പ്.
8. ശ്രീമതി. സുശീല പീതാംബരൻ ഡെപ്യൂട്ടി ഡയറക്ടർ, കൃഷിവകുപ്പ്.
9. ശ്രീ. എം. സുബ്രഹ്മണ്യൻ, ഡെപ്യൂട്ടി ഡയറക്ടർ, കൃഷിവകുപ്പ്.
10. ശ്രീ. കെ. മോഹനകുമാർ, ഡവലപ്മെന്റ് ഓഫീസർ,റബ്ബർ ബോർഡ്.

സ്വാഭാവിക റബ്ബറിന്റെ വിലയിടിവുമൂലം കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങളാണ് ഇന്നിവിടെ ചർച്ച ചെയ്യുന്നതെന്നും ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നടപ്പാക്കി വരുന്നതെന്നും 150 രൂപയാണ് റബ്ബറിന്റെ താങ്ങുവിലയായി സർക്കാർ നിശ്ചയിച്ചിരിക്കുന്നതെന്നും ദൈനംദിന വിലയനുസരിച്ചുള്ള വ്യത്യാസം ബാങ്ക് അക്കൗണ്ട് വഴി നൽകുന്ന രീതിയാണ് സർക്കാർ അനുവർത്തിച്ചുവരുന്നതെന്നും പ്ലാന്റേഷൻ കോർപ്പറേഷൻ അടക്കമുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ കൃഷി 7 ശതമാനവും ബാക്കി 93 ശതമാനവും ചെറുകിട കൃഷിക്കാരാണെന്നും ഇത് സംബന്ധിച്ച് സമിതിയുടേയും ഉദ്യോഗസ്ഥരുടെയും അഭിപ്രായങ്ങൾ സ്വരൂപിച്ച് സമിതിയുടെ ശിപാർശകളടങ്ങിയ റിപ്പോർട്ട് ഗവൺമെന്റിലേയ്ക്ക് സമർപ്പിക്കുന്നതാണെന്നും ചെയർമാൻ ആമുഖമായി പറഞ്ഞു.

സ്വാഭാവിക റബ്ബറിനുണ്ടായ വിലയിടിവാണ് റബ്ബർ കർഷകർ നേരിടുന്ന ഏറ്റവും വലിയ പ്രശ്നമെന്ന് സൂചിപ്പിച്ച പ്രിൻസിപ്പൽ സെക്രട്ടറി 2015-16 മുതൽ റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വിലയും താങ്ങുവിലയും തമ്മിലുള്ള വ്യത്യാസം കർഷകരുടെ അക്കൗണ്ടുകളിലേയ്ക്ക് ഗവൺമെന്റ് നേരിട്ട് നൽകുന്നുണ്ടെന്നും ആർ.എസ്.എസ്. 1,2,3,4,5 ലാറ്റെക്സ് ഇനം റബ്ബറുകൾക്ക് ഇപ്പോൾ 2 ഹെക്ടറുകൾവരെ കൃഷിയുള്ളവർക്കാണ് ഈ ധനസഹായം നൽകി വരുന്നതെന്നും 2015-16 സാമ്പത്തിക വർഷത്തേയ്ക്ക് നീക്കി വച്ചിരിക്കുന്ന 300 കോടി രൂപ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടെന്നും നടപ്പുസാമ്പത്തിക വർഷം അനുവദിച്ച 500 കോടി രൂപയിൽ 306.14 കോടി രൂപയാണ് ചെലവഴിച്ചതെന്നും ഈ പദ്ധതി പ്രകാരം 302641 റബ്ബർ കർഷകർക്കാണ് ധനസഹായം ലഭിക്കുന്നതെന്നും നിലവിൽ 435000-ൽപരം കർഷകരാണ് ഇതിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും റബ്ബറിന്റെ വില സ്ഥിരതയ്ക്കായി വിവിധ നിർദ്ദേശങ്ങൾ അടങ്ങിയ ഒരു പദ്ധതി കേന്ദ്രസർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടെന്നും സമിതി അറിയിച്ചു കൂടാതെ സ്വാഭാവിക ഉണക്ക് റബ്ബറിന്റെ ഇറക്കുമതി ചുങ്കം 25 ശതമാനമോ അല്ലെങ്കിൽ കിലോയ്ക്ക് 30 രൂപയോ ഏതാണോ കുറവ് എന്ന നിരക്കിൽ 2015 ഏപ്രിൽ 30 മുതൽ ഉയർത്തി നിശ്ചയിക്കുകയും ഇറക്കുമതി ചെന്നൈ, നവഷേവ എന്നീ തുറമുഖങ്ങൾ വഴിയായി പരിമിതപ്പെടുത്തുകയും 2016 ജനുവരി 21 മുതൽ മാർച്ച് 31 വരെയുള്ള കാലയളവിൽ സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി പൂർണ്ണമായും തടയുകയും ചെയ്തിട്ടുണ്ടെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു റബ്ബർ ബോർഡും സർക്കാരും സഹകരിച്ച് എസ്.എച്ച്.എം.-ന്റേയും കൃഷിവകുപ്പിന്റേയും സഹായത്തോടുകൂടി പ്രായപൂർത്തിയാകാത്ത തൈതെങ്ങുകളുടെ ഇടയിലുള്ള വാഴ, ഇഞ്ചി, മഞ്ഞൾ പൈനാപ്പിൾ തുടങ്ങിയവ കൃഷി ചെയ്യുന്നതിനുള്ള പദ്ധതിയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ടെന്നും റബ്ബർ ബോർഡ് വിവിധ റബ്ബർ പ്രൊഡ്യൂസർ സൊസൈറ്റികളുമായി ബന്ധപ്പെട്ടാണ് ഇവ നടത്തി വരുന്നതെന്നും പ്രധാൻമന്ത്രി കൗശൽ വികാസ് യോജന സ്കീമിൽ ഉൾപ്പെടുത്തി 10000 ടാപ്പിംഗ് തൊഴിലാളികൾക്ക് പരിശീലനം നൽകുന്ന പദ്ധതിയ്ക്ക് റബ്ബർ ബോർഡ് അംഗീകാരം നൽകിയിട്ടുണ്ടെന്നും അദ്ദേഹം സമിതിയെ അറിയിച്ചു.

റബ്ബറിന്റെ വില വ്യതിയാനം ബിസിനസ് സൈക്കിൾ അനുസരിച്ച് മാറി വരാറുണ്ടെന്നും 2009-10 മുതലുള്ള കാലഘട്ടങ്ങൾ പരിശോധിച്ചാൽ 2011-12-ലാണ് ഉയർന്ന വിലയായ 208 രൂപ ലഭിച്ചതെന്നും അതിനു ശേഷം വിലയിൽ കുറവ് വരികയും 2015-16 ആയപ്പോൾ ശരാശരി 113 രൂപയും പിന്നീട് 91 രൂപയും ആയ മാസങ്ങളുണ്ടായിട്ടുണ്ടെന്നും നവംബർ ആദ്യം മുതൽ ഒരു അപ്‌വേർഡ് ട്രെൻഡ് വന്നിട്ടുണ്ടെന്നും ഇപ്പോൾ പോസിറ്റീവ് ട്രെൻഡാണ് കാണുന്നതെന്നും റബ്ബർ ബോർഡ് ജോയിന്റ് ഡയറക്ടർ സമിതിയെ അറിയിച്ചു. അന്താരാഷ്ട്ര വിപണിയിലെ വില കണക്കാക്കുന്നത് ചൈനീസ് കമ്പോളങ്ങളിലെ ആവശ്യാനുസരണമാണെന്നും, ചൈനയിൽ റിസഷൻ വന്നപ്പോൾ അത് കുറയാൻ തുടങ്ങിയെന്നും പെട്രോളിന്റെയും ഡീസലിന്റെയും വില കുറയുമ്പോൾ സിന്തറ്റിക് റബ്ബറിന്റെ വില കുറയുന്നതനുസരിച്ച് സ്വാഭാവിക റബ്ബറിന്റെയും വില കുറയുമെന്നും കൂടാതെ വലിയ റബ്ബർ ഉൽപ്പാദക രാജ്യങ്ങളായ തായ്‌ലന്റ്, വിയറ്റ്നാം എന്നിവിടങ്ങളിൽ കാലാവസ്ഥ വ്യതിയാനം ഉണ്ടാകുമ്പോൾ റബ്ബർ ഉല്പാദനം കുറയുകയും അതിന്റെയടിസ്ഥാനത്തിലാണ് റബ്ബറിന്റെ വിലയിൽ ഇപ്പോൾ നേരിയ വർദ്ധനവ് വന്നതെന്നും റബ്ബർ ബോർഡ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

മറ്റൊരു പ്രധാനപ്പെട്ട ഘടകം അവധി വ്യാപാര വിപണിയാണ് എന്നും തായ്‌ലന്റ്, വിയറ്റ്നാം തുടങ്ങിയ രാജ്യങ്ങളിൽ കാട് മുഴുവൻ വെട്ടിമാറ്റി റബ്ബർ ഉത്പാദനം തുടങ്ങിയതിനാൽ എക്സസ് സപ്ലൈ സിറ്റ്വേഷൻ വന്നതു കാരണം വില കുറയുന്നുവെന്നുമാണ് റബ്ബർ ബോർഡ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചത്. റബ്ബർ ഉല്പാദക രാജ്യങ്ങളുടെ പഠനമനുസരിച്ച്, 2020 ആകുമ്പോഴേക്കും സപ്ലൈ ആന്റ് ഡിമാന്റ് പൊസിഷൻ സ്റ്റെബിലൈസ് ചെയ്യുന്നതിനാൽ, റബ്ബറിന് തുടർച്ചയായി ഉയർന്ന വില ലഭിക്കുമെന്നാണ് കാണുന്നതെന്നും കൂടാതെ OPEC രാജ്യങ്ങളുടെ പോളിസി അനുസരിച്ച് പെട്രോളിന് വില കുറയുവാൻ സാധ്യത കുറവാണെന്നും ആയതിനാൽ അടുത്ത ഫെബ്രുവരി വരെ കർഷകർക്ക് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന വില ലഭിക്കാനുള്ള സാധ്യതയാണ് കാണുന്നതെന്നും റബ്ബർ ബോർഡ് ഉദ്യോഗസ്ഥൻ സമിതിയെ ധരിപ്പിച്ചു. റബ്ബർ കർഷകർക്ക് നൽകുന്ന റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം നടപ്പിലാക്കുന്നതിനായി നൂറോ നൂറ്റമ്പതോ കോടി രൂപ കൂടി ലഭിക്കുകയാണെങ്കിൽ ഈ വർഷം പദ്ധതി വിജയകരമായി പൂർത്തിയാക്കാമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് റബ്ബർ ബോർഡ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. കഴിഞ്ഞ 3 വർഷത്തെ റബ്ബർ ഉത്പാദനത്തിൽ തുടർച്ചയായ കുറവാണ് ഉണ്ടായിട്ടുള്ളതെന്നും ഇൻസെന്റീവ് സ്കീം വന്നതോടുകൂടി കേരളത്തിൽ ടാപ്പിംഗ് നിർത്തിവച്ച സ്ഥലങ്ങൾകൂടി ടാപ്പ് ചെയ്യാൻ തുടങ്ങി എന്നതാണ് ഈ സ്കീം കൊണ്ടുള്ള നേട്ടമെന്നും മുൻ വർഷങ്ങളിലെ നെഗറ്റീവ് ട്രെന്റ് മാറി positive cumulative growth 12% രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഈ വർഷം ബോർഡ് 10 ശതമാനം വളർച്ചയാണ് പ്രതീക്ഷിക്കുന്നതെന്നും ഇൻഡ്യയിലെ മൊത്തം ടാപ്പ് ചെയ്യുന്ന പ്രദേശം പരമാവധി ഉപയോഗപ്പെടുത്തുവാൻ സാധിക്കുമെങ്കിൽ രാജ്യത്തിനാവശ്യമായ മുഴുവൻ റബ്ബറും ഇവിടെ തന്നെ ഉൽപ്പാദിപ്പിക്കാൻ സാധിക്കുമെന്നും അതിൽ 78-80 ശതമാനം കേരളത്തിൽ നിന്നായിരിക്കുമെന്നും റബ്ബർ ബോർഡ് ഉദ്യോഗസ്ഥൻ ബോധിപ്പിച്ചു

റബ്ബറിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് റബ്ബർ ബോർഡിന്റെ ചില നിർദ്ദേശങ്ങളാണ് ഇനി സൂചിപ്പിക്കാനുള്ളതെന്നും സാധാരണയായി കർഷകർ രണ്ടുദിവസം കൂടുമ്പോൾ ടാപ്പുചെയ്യുന്ന രീതി മാറ്റി ആഴ്ചയിൽ ഒരിക്കൽ ചെയ്താലും വർഷത്തിൽ നമുക്ക ലഭിക്കുന്ന റബ്ബറിന്റെ ഉല്പാദനത്തിൽ ഒരു കുറവും സംഭവിക്കുന്നില്ലെന്നും ഇത്തരത്തിൽ കർഷകന് കൂലിയിനത്തിൽ മൂന്നിലൊന്ന് ശതമാനം കുറയ്ക്കാൻ സാധിക്കുമെന്നും, ടാപ്പിംഗ് തൊഴിലാളികൾക്ക് തൊഴിൽദിവസം കുറയാതിരിക്കാൻ റബ്ബർ പ്രൊഡ്യൂസിംഗ് സൊസൈറ്റികളുടെ നേതൃത്വത്തിൽ ടാപ്പേഴ്സ് ബാങ്ക് രൂപീകരിച്ച് ഒരു തൊഴിലാളിക്ക് ഓരോ ഫീൽഡ് വീതം ലഭിക്കത്തക്ക വിധത്തിൽ 7 ഫീൽഡുകൾ കണ്ടെത്തി തൊഴിലാളികളെ വിന്യസിക്കുന്ന സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ടെന്നും റബ്ബർ ബോർഡ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

ഒന്നാമതായി കർഷകരെ സഹായിക്കുന്നതിന് ഇടവിള കൃഷിയാണ് ബോർഡ് ഉദ്ദേശിക്കുന്നതെന്നും ഇതുവഴി കർഷകന് തുടർച്ചയായി നാലുവർഷവും അധിക വരുമാനം ലഭിക്കുമെന്നും കേരളത്തിലെ ഒരു ഹെക്ടറിലെ മൊത്തം ഉല്പാദനം ശരാശരി 1450 കിലോയാണെന്നും സ്കിൽ ഡെവലപ്പ്മെന്റ് പ്രകാരം മുൻകാലങ്ങളിലെ ഉല്പാദന ശരാശരിയായ 1800 കിലോവരെ ഉല്പാദനം സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും റബ്ബർ ബോർഡ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. ഇന്ത്യയിൽ ഒരു ലക്ഷം ടാപ്പർമാരെ ആവശ്യമുള്ളിടത്ത് 75000 പേരെയുള്ളുവെന്നും രാവിലെ 4.30 മുതൽ 7.30 വരെയുള്ള സമയത്താണ് ഏറ്റവും കൂടുതൽ പാൽ ലഭിക്കുന്നതെന്നും മലേഷ്യയും തായ്‌ലന്റും അനുവർത്തിക്കുന്ന ഒരു രീതിയാണിതെന്നും ഇവിടെ ഇപ്പോൾ full time engaged ആയി ആണ് ടാപ്പ് ചെയ്യുന്നതെന്നും കൂടാതെ ഉല്പാദിപ്പിക്കുന്ന ഷീറ്റുകളുടെ ഗുണം വർദ്ധിപ്പിക്കുക എന്നത് പ്രധാനമാണെന്നും ഉല്പാദിപ്പിക്കുന്ന റബ്ബറിന് ബ്രാൻഡിംഗ് ഇല്ലാത്തതുകൊണ്ട് കർഷകർക്ക് റീസണബിളായിട്ടുള്ള റിട്ടേൺ കിട്ടുന്നില്ലെന്നും അതിൽ റൂൾസിൽ ഭേദഗതി ആവശ്യമാണെന്നും റബ്ബർ ബോർഡ് ഉദ്യോഗസ്ഥർ പറഞ്ഞു. റൂൾസിൽ ഭേദഗതി കൊണ്ടുവരേണ്ടത് ആരാണെന്ന സമിതിയുടെ ചോദ്യത്തിന് സെൻട്രൽ ഗവൺമെന്റാണ് ഭേദഗതി കൊണ്ടുവരേണ്ടതെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു. Make in India Programme-ൽ റബ്ബറിനെ ഉൾപ്പെടുത്തണമെന്ന് രേഖാമൂലം കേന്ദ്രത്തിൽ നിന്നും അറിയിപ്പ് കിട്ടിയിട്ടുണ്ടെന്നും ബിറ്റുമിൻ റോഡിന്റെ കാര്യത്തിൽ അതിന്റെ കോസ്റ്റ് കൂടുതലാണെങ്കിലും നല്ലതാണെന്ന നിലയ്ക്ക് അതിനെയും ശിപാർശ ചെയ്യാനുള്ള തീരുമാനം എടുത്തതായി കേന്ദ്രത്തിൽനിന്നും അറിയിപ്പ് കിട്ടിയിട്ടുണ്ടെന്നും റബ്ബർ ബോർഡ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

ബ്ലോക്ക് റബ്ബറാണ് പ്രധാനമായും ഇംപോർട്ട് ചെയ്യുന്നതെന്നും അത്തരം സ്റ്റാൻഡേർഡൈസ്ഡ് പ്രോഡക്ടുകളാണ് ടയർ കമ്പനികൾക്ക് വേണ്ടതെന്നും കേരളത്തിൽ ഉത്പാദിപ്പിക്കുന്നത് റബ്ബർ ഷീറ്റുകളാണെന്നും ഇതിനു ശരിക്കലും യൂണിഫോം സ്റ്റാൻഡേർഡ് ഉണ്ടായിരിക്കുകയില്ലായെന്നും കൂടാതെ നമ്മുടെ ഷീറ്റിന്റെ വില കിലോയ്ക്ക് ഏകദേശം 25 മുതൽ 50 രൂപ വരെ കൂടുതലായിരിക്കുമെന്നും അങ്ങനെ വരുന്ന

സാഹചര്യത്തിൽ സ്റ്റാൻഡേർഡൈസ്ഡ് ഉൽപന്നമായ ബ്ലോക്ക് റബ്ബർ മറ്റു രാജ്യങ്ങൾക്ക് വിലകുറച്ച് ഓഫർ ചെയ്യാൻ കഴിയുന്നതിനാൽ അതും വിലയിടിവിനു കാരണമായി എന്നും റബ്ബർ ബോർഡ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. ആസിയാൻ കരാർ വന്നു കഴിഞ്ഞാൽ അടുത്തവർഷം മുതൽ നികുതി കുറയ്ക്കാൻ സാധിക്കുകയില്ലെയെന്ന സമിതി ചോദ്യത്തിന് സ്വാഭാവിക റബ്ബറിനെ സംബന്ധിച്ചിടത്തോളം ബൗണ്ട് റേറ്റായ 30 ശതമാനമാണ് ഇപ്പോഴും നിലനിൽക്കുന്നതെന്നാണ് റബ്ബർ ബോർഡ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചത്.

ആഴ്ചയിൽ ഒരു ദിവസം ടാപ്പിംഗ് പ്രായോഗികമാണോ എന്നതിൽ സംശയം പ്രകടിപ്പിച്ച സമിതി, കുറച്ചുദിവസം വെട്ടാതിരുന്ന ശേഷം വീണ്ടും വെട്ടുന്ന ദിവസം ഉണങ്ങിയ പട്ടയെല്ലാം വെട്ടിക്കളഞ്ഞാൽ മാത്രമേ പാൽ കിട്ടുകയുള്ളൂ എന്നതിനാൽ ആഴ്ചയിൽ ഒരു ദിവസം കിട്ടുന്ന പാൽ കുറവായിരിക്കുകയേയുള്ളൂവെന്നും അഭിപ്രായപ്പെട്ടു. പ്രസ്തുത രീതി സംബന്ധിച്ച് എന്തെങ്കിലും ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോയെന്നും കർഷകർക്കുവേണ്ടി റബ്ബർ ബോർഡ് എന്താണ് ചെയ്യുന്നതെന്നും സമിതി ആരാഞ്ഞു. റബ്ബർ മേഖലയിൽ പ്രതിസന്ധിയുള്ളതിനാൽ റബ്ബർ ബോർഡ് കർഷകരെ സഹായിക്കുന്നില്ലെന്ന പരാതി വ്യാപകമായി നിലനിൽക്കുന്നുവെന്നും റബ്ബർ ബോർഡ് വെറും നോക്കുകുത്തിയായി നിലനിൽക്കുകയാണെന്നും റബ്ബർ ബോർഡ് ആവർത്ത കൃഷിക്കുള്ള സഹായം നൽകുക മാത്രമല്ലാതെ കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് വിലകിട്ടുന്നതിനും ഉൽപന്നങ്ങൾ വാങ്ങി സ്റ്റോക്ക് ചെയ്ത് വില കൂടുതലുള്ള അവസരത്തിൽ അവ വിറ്റ് കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ കൂടി ചെയ്യേണ്ടതായിട്ടുണ്ടെന്നും സമിതി അഭിപ്രായപ്പെട്ടു.

സംസ്ഥാന സർക്കാരിന് 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ സബ്സിഡി മുഴുവൻ കൊടുത്തു തീർക്കാൻ സാധിച്ചിട്ടുണ്ടെന്നും ഇനി വിതരണം ചെയ്യാനുള്ള 150 കോടി രൂപയും കൂടി എത്രയും വേഗം കൃഷിക്കാർക്ക് വിതരണം ചെയ്യാനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നും സമിതി അഭിപ്രായപ്പെട്ടു.

2012-13 കാലഘട്ടത്തിലാണ് റബ്ബറിന് നല്ല വില ലഭിച്ചിരുന്നതെന്നും കിലോയ്ക്ക് 150 രൂപ ലഭിച്ചാൽ തുടരാൻ കഴിയാത്ത അവസ്ഥയാണുള്ളതെന്നും 93 ശതമാനത്തോളം ചെറുകിട കർഷകരാണെന്നും അതിൽ 70% പേരും സ്വന്തമായി ടാപ്പു ചെയ്യുന്ന രീതിയാണ് അവലംബിക്കുന്നതെന്നും കൂലി വർദ്ധനവ് കാരണം തൊഴിലാളികളെ വച്ച് ടാപ്പ് ചെയ്യാൻ കഴിയാത്ത അവസ്ഥയാണെന്നും ഒരു ഷീറ്റ് ഏകദേശം 800 ഗ്രാം തൂക്കം വരുമെങ്കിലും അതു വിറ്റാൽ തൊഴിലാളിക്ക് കൊടുക്കാനുള്ള കൂലിപോലും ലഭിക്കുകയില്ലെന്നും വളം

ചെയ്യുന്നതിനും ചെലവ് വർദ്ധിക്കുകയാണെന്നും ഇത് സാധാരണക്കാരായ കർഷകർക്ക് താങ്ങാൻ സാധിക്കാത്തതാണെന്നും കിലോയ്ക്ക് 200 രൂപയെങ്കിലും ലഭിച്ചാൽ മാത്രമേ ഇന്നത്തെ കൂലി വ്യവസ്ഥയിൽ കർഷകന് പിടിച്ചുനിൽക്കാൻ സാധിക്കുകയുള്ളുവെന്നും സമിതി വിലയിരുത്തി.

എത്രയോ കാലം മുൻപുണ്ടാക്കിയ ഒരു കരാറിന്റെ അടിസ്ഥാനത്തിൽ ബോർഡിൽ രജിസ്റ്റർ ചെയ്യുന്ന കർഷകർക്ക് ഇടവിള കൃഷിക്ക് വളരെ തുച്ഛമായ തുകയാണ് നൽകുന്നതെന്നും കൃഷി വകുപ്പ് കർഷകരെ സഹായിക്കുന്നതുപോലെ റബ്ബർ ബോർഡും കർഷകരെ സഹായിക്കുന്ന നിലപാട് സ്വീകരിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. റബ്ബർ കർഷകന്റെ ഏറ്റവും വലിയ ആവശ്യം റബ്ബറിന് ന്യായമായ വില കിട്ടണമെന്നുള്ളതാണെന്നും അത് ലഭിക്കുന്നതിനുള്ള ശ്രമം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നും എത്ര രൂപ സബ്സിഡിയായി കർഷകന് നൽകാൻ സാധിക്കുമോ അത്രയും സബ്സിഡി ഓരോ കൃഷിക്കാരനും നൽകി മാന്യമായ വില നൽകാനുള്ള സംവിധാനമുണ്ടാകണമെന്നും റബ്ബർ ബോർഡിൽനിന്നും ചെയ്യാൻ കഴിയുന്ന സഹായം കർഷകർക്ക് കൊടുക്കാൻ കഴിയുമെങ്കിൽ അതും കൂടി ചെയ്യാൻ താല്പര്യമുണ്ടാകണമെന്നും സമിതി നിർദ്ദേശിച്ചു.

കേരളത്തിന്റെ റബ്ബർ ഉല്പാദനത്തിൽ ഗൗരവമായ പങ്ക് വഹിച്ച RSS 120 എന്ന ക്ലോൺ കണ്ടുപിടിച്ചത് റബ്ബർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയാണെന്നും റബ്ബർ ഉല്പാദനത്തിൽ ഗൗരവമായ വളർച്ച ഉണ്ടായത് ഈ ക്ലോണിന്റെ കണ്ടുപിടിത്തത്തോടുകൂടിയാണെന്നും റബ്ബർ ബോർഡ് ഉദ്യോഗസ്ഥർ സമിതിയെ ബോധിപ്പിച്ചു. റബ്ബർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കണ്ടുപിടിത്തമാണ് ആഴ്ചയിൽ ഒരിക്കൽ ടാപ്പ് ചെയ്യുകയെന്നുള്ളതെന്നും 50,000 റബ്ബർ കർഷകരെ ഉൾപ്പെടുത്തി ബോർഡ് ഒരു ക്യാമ്പയിൻ നടത്തിയിരുന്നെന്നും ആ ക്യാമ്പയിനിൽ വളരെയേറെ സ്വീകാര്യത ലഭിച്ചുവെന്നും ആഴ്ചയിൽ ഒരിക്കൽ ടാപ്പിംഗ് നടത്തിയാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതോടൊപ്പം ഉല്പാദന ചെലവ് കുറയ്ക്കാൻ സാധിക്കുകയില്ലെന്നും അതുകൊണ്ടാണ് ആഴ്ചയിൽ ഒരിക്കൽ ടാപ്പിംഗ് എന്ന ആശയം മുന്നോട്ട് വച്ചിട്ടുള്ളതെന്നും ഇത് ശാസ്ത്രീയമായി തെളിയിച്ചിട്ടുള്ളതാണെന്നും റബ്ബർ ബോർഡ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

ഇന്ത്യൻ റബ്ബർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഏകദേശം പത്തു വർഷത്തെ ഗവേഷണ ഫലങ്ങളുടെ അടിസ്ഥാനത്തിൽ 2009-ന് ലോ ഫ്രീക്വൻസി ടാപ്പിംഗ് നടപ്പിലാക്കിയതെന്നും അതിലൂടെ കൂലിച്ചെലവ് ഗണ്യമായി കുറയ്ക്കാൻ കഴിയുമെന്നു

പ്രസ്തുത രീതിയിൽ വെട്ടുമ്പോൾ പട്ട ഉണങ്ങി പോകാതിരിക്കാൻ ടെക്നിക്കലായി ശ്രദ്ധിക്കേണ്ടതുണ്ടെന്നും ആയതിനാൽ ഒന്നര മില്ലിമീറ്റർ കനത്തിൽ മാത്രമേ പട്ട അരിഞ്ഞു കളയാൻ പാടുള്ളൂ എന്നും വെട്ടുന്ന ഇടവേള ദിവസങ്ങൾ തുല്യമായിരിക്കണമെന്നും ടാപ്പിംഗ് നടത്തുകയാണെങ്കിൽ പത്തു വർഷത്തോളം കൂടുതൽ ടാപ്പ് ചെയ്യാൻ കഴിയും എന്നും റബ്ബർ ബോർഡ് ഉദ്യോഗസ്ഥർ അറിയിച്ചു. തുടർന്ന് പ്രസ്തുത രീതിയിൽ ടാപ്പ് ചെയ്യുന്ന തോട്ടങ്ങളുടെ ലിസ്റ്റ് സമിതി ആവശ്യപ്പെടുകയും ആയത് നൽകാമെന്ന് ഉദ്യോഗസ്ഥൻ ഉറപ്പുനൽകുകയും ചെയ്തു.

പുതിയ റബ്ബർ തൈകൾ നടുന്നതിനും റീപ്ലാന്റ് ചെയ്യുന്നതിനും ഹെക്ടറിന് 25,000 രൂപ വരെയാണ് ഇപ്പോൾ സബ്സിഡിയായി നൽകിവരുന്നതെന്നും അതിൽകുറച്ച് കൂടിട്ടിക നൽകാനുണ്ടെന്നും അതിനായി കേന്ദ്ര ഗവൺമെന്റിൽനിന്നും ഫണ്ട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും റബ്ബർ ബോർഡ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. കൂടാതെ വിലകുറഞ്ഞ അവസരത്തിൽ rain guarding materials കർഷകർക്ക് സപ്ലൈ ചെയ്യാൻ സാധിക്കാത്തതും ഉല്പാദനത്തെ ബാധിച്ചിട്ടുണ്ട്. ബ്ലോക്ക് റബ്ബറിന്റെ പ്രത്യേകതയെന്താണ് അതിനു എത്ര മുതൽമുടക്ക് വേണ്ടിവരും കേരളത്തിൽ അത്തരത്തിൽ സംരംഭങ്ങളുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് ഫാക്ടറി തലത്തിൽ മാത്രമേ ബ്ലോക്ക് റബ്ബർ ഉല്പാദിപ്പിക്കാൻ സാധിക്കുകയുള്ളുവെന്നും അതിനായി ഏകദേശം പത്തോ പതിനഞ്ചോ കോടി രൂപ വേണ്ടിവരുമെന്നും കേരളത്തിൽ അത്തരം സ്വകാര്യ സംരംഭങ്ങൾ നിലവിലുണ്ടെന്നും ബ്ലോക്ക് റബ്ബർ ഉല്പാദിപ്പിക്കുന്നതിനായി 24 കോടി രൂപയുടെ ഒരു ഇൻസെന്റീവ് സ്കീമിന് ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് അംഗീകാരം നൽകിയിട്ടുണ്ടെന്നും ഇതിനായി നിലവിൽ 3 കമ്പനികൾ വഴി ബോർഡ് പദ്ധതി പൈലറ്റ് ചെയ്തു വരികയാണെന്നും റബ്ബർ ബോർഡ് ഉദ്യോഗസ്ഥർ സമിതിയെ ധരിപ്പിച്ചു.

റബ്ബർ പാൽ കളക്ഷനുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടെന്നും ചിരട്ടയിലാണ് ഭൂരിഭാഗം റബ്ബർപാലും ശേഖരിക്കുന്നതെന്നും മലേഷ്യയിൽ ലാറ്റക്സ് ലഭിക്കുന്നതിനായി ടാപ്പിംഗ് കഴിഞ്ഞ് അമോണിയയുമായിപോയി ലാറ്റക്സ് കട്ടിയാകുന്നതിനുമുമ്പ് ശേഖരിക്കുകയാണെന്നും അതുപോലെ ഇവിടെയും റബ്ബർ ലാറ്റക്സായി ലഭിക്കുന്ന ഒരു രീതി ഉണ്ടാകേണ്ടതായിട്ടുണ്ടെന്നും ലാറ്റക്സ് ആർ.എസ്.എസ്4 ലെവൽ കൊണ്ടുവരാവുന്നതേയുള്ളുവെന്നും കൂടി വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ ധരിപ്പിച്ചു

റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിനായി റബ്ബർ ബോർഡ് സ്വീകരിച്ച നടപടികൾ സംബന്ധിച്ച് കുറിപ്പ് തയ്യാറാക്കി എത്രയും വേഗം സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി റബ്ബർ ബോർഡ് ഉദ്യോഗസ്ഥരോട് ആവശ്യപ്പെട്ടു.

യോഗം ഉച്ചയ്ക്കുശേഷം 3.35-ന് പിരിഞ്ഞു.

# 22-2-2017-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-I, 2017 ഫെബ്രുവരി 22-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30-ന് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാൻ കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി. തദവസരത്തിൽ സമിതിയുടെ എക്സ് ഒഫിഷ്യോ അംഗവും മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പുമന്ത്രിയുമായ ശ്രീമതി മേഴ്സിക്കുട്ടി അമ്മയും സന്നിഹിതയായിരുന്നു.

<u>ഹാജരായ മറ്റംഗങ്ങൾ</u> :

1. ശ്രീ. ചിറ്റയം ഗോപകുമാർ, എം.എൽ.എ.
2. ശ്രീ. കെ.വി. വിജയദാസ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ജയശ്രീ. എം., അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. വി.എസ്. സെന്തിൽ, അഡീഷണൽ ചീഫ് സെക്രട്ടറി, പ്ലാനിംഗ് & ഇക്കണോമിക്സ് അഫയേഴ്സ് ഡിപ്പാർട്ട്മെന്റ്.
2. ഡോ. രാജു നാരായണ സ്വാമി, അഗ്രി. പ്രൊഡക്ഷൻ കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറി, അഗ്രികൾച്ചർ ഡിപ്പാർട്ട്മെന്റ്
3. ശ്രീ. ജെയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, ഫിഷറീസ് & പോർട്ട്സ് ഡിപ്പാർട്ട്മെന്റ്.
4. ശ്രീ. പി.എച്ച്. കുര്യൻ, പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ ഡിപ്പാർട്ട്മെന്റ്.
5. ശ്രീ. അനിൽ എക്സ്, സെക്രട്ടറി, അനിമൽഹസ്ബന്ററി & ഡയറി ഡവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്.
6. ശ്രീ. വി. രാമചന്ദ്രൻ, ഡയറക്ടർ ജനറൽ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്.
7. ശ്രീ. എ. നിസാമുദ്ദീൻ, കമ്മീഷണർ, ലാന്റ് യൂസ് ബോർഡ്.

8. ശ്രീ. ജോർജ്ജുകുട്ടി ജേക്കബ്, ഡയറക്ടർ, ഡയറി ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്.

9. ശ്രീ. എ.എം. സുനിൽകുമാർ, ഡയറക്ടർ ഓഫ് അഗ്രികൾച്ചർ (ഇൻ-ചാർജ്)

10. ഡോ. കെ.കെ. ജയരാജ്, അഡീഷണൽ ഡയറക്ടർ, അനിമൽഹസ്ബന്ററി ഡിപ്പാർട്ട്മെന്റ്.

സമസ്ത മേഖലകളെയും വരൾച്ച സാരമായി ബാധിച്ചുകൊണ്ടിരിക്കുകയാണെന്നും വരൾച്ച നേരിടുന്നതിനായി ഡിസാസ്റ്റർ മാനേജ്മെന്റിന്റെ നേതൃത്വത്തിൽ റവന്യൂ വകുപ്പും വിവിധവകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് പ്രവർത്തിക്കുകയാണെന്നും ജലസ്രോതസ്സുകളുടെ സംരക്ഷണം, ജലവിതരണത്തിന് ക്രമീകരണം, ജല ഉപയോഗത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തൽ തുടങ്ങിയ കാര്യങ്ങളും ഡിസാസ്റ്റർ മാനേജ്മെന്റിന്റെ നേതൃത്വത്തിൽ നടന്നുവരുന്നതായി ആമുഖമായി പറയുകയുണ്ടായി. കേരളത്തിൽ ഏകദേശം 30353 ഹെക്ടർ സ്ഥലത്ത് കൃഷി നാശം സംഭവിച്ചിട്ടുണ്ടെന്നും 26,499 ഹെക്ടർ സ്ഥലം കൃഷി നാശം ഭയന്ന് കൃഷി ഇറക്കാതെ കിടക്കുകയാണെന്നും അതിനാൽ അതും കൃഷിനാശം തന്നെയാണെന്നും, ഇത് കൂടാതെ 1250 ഹെക്ടർ സ്ഥലത്തെ വാഴ കൃഷിയും, 1100 ഹെക്ടർ സ്ഥലത്തെ നാളികേര കൃഷിയും 900 ഹെക്ടർ സ്ഥലത്തെ പച്ചക്കറി കൃഷിയും 310 ഹെക്ടർ സ്ഥലത്തെ കുരുമുളക് കൃഷിയും, നശിച്ചതായി കണക്കുകളുണ്ടെന്നും വരൾച്ചമൂലം ഏകദേശം 300 കോടിയോളം രൂപയുടെ വിളനാശം സംഭവിച്ചിട്ടുണ്ടെന്നും കൃഷി സംരക്ഷണത്തോടൊപ്പം കുടിവെള്ളം ഉറപ്പുവരുത്തുകയാണ് സർക്കാരിന്റെ സമീപനമെന്നും അദ്ദേഹം പറഞ്ഞു.

വരൾച്ച നേരിടാൻ ഡിസാസ്റ്റർ മാനേജ്മെന്റ് എന്തെങ്കിലും പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് ഒന്നര മാസത്തിനുമുമ്പ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ഒരു ട്രെയിനിംഗ് നൽകിയിരുന്നെങ്കിലും കൃഷി വകുപ്പിൽ നിന്നും റിപ്പോർട്ട് വരാൻ വൈകിയതിനാൽ കേന്ദ്രത്തിൽ മെമ്മോറാണ്ടം നൽകുന്നതിന് കാലതാമസം നേരിട്ടെന്ന് റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. റാബി, ഖാരിഫ് കൃഷികളുടെ നഷ്ടത്തിൽ കൃത്യമായ കണക്ക് കൃഷി വകുപ്പിൽ നിന്ന് ലഭ്യമാക്കിയില്ലെന്നത് ചൂണ്ടിക്കാണിച്ച റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ക്രോപ് കട്ടിംഗ് എക്സ്പിരിമെന്റ് അല്ലെങ്കിൽ വിഷ്വൽ എസ്റ്റിമേറ്റ് വച്ചാണ് റാബിയുടെ നഷ്ടം കണക്കാക്കേണ്ടതെന്നും 33% ത്തിൽ കൂടുതൽ യീൽഡ് ലോസ് അല്ലെങ്കിൽ പെർക്രോപ് ലോസ് ഉണ്ടെങ്കിൽ മാത്രമേ എസ്.ഡി.ആർ.എഫ്.-ൽ നിന്നുള്ള സഹായത്തിന് അർഹതയുണ്ടാകൂ എന്നും അദ്ദേഹം അറിയിച്ചു. ഗവൺമെന്റ് എല്ലാവർഷവും കളക്ടർമാർക്ക് കൃഷി നാശത്തിനു നഷ്ടപരിഹാരം വിതരണം ചെയ്യുന്നതിനായി പണം അനുവദിക്കാറുണ്ടെന്നും നഷ്ടപരിഹാരം ക്ലെയിം ചെയ്യേണ്ടത് അതാത് ജില്ലയിലെ പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസറാണെന്നും കളക്ടർമാരോട്

അന്വേഷിച്ചതിൽ നിന്നും അവർക്ക് ക്ലെയിമൊന്നും കിട്ടിയിട്ടില്ലന്നാണ് അറിയാൻ കഴിഞ്ഞതെന്നും അലോട്ട് ചെയ്യുന്ന തുക വർഷാവസാനം സറണ്ടർ ചെയ്യുകയാണ് പതിവെന്നും റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു ഹെക്ടറിന് 13,500 രൂപയാണ് ക്ലെയിമായി കിട്ടുന്നതെന്നും അതേസമയം സംസ്ഥാന ഗവൺമെന്റ് അതിന്റെ പല മടങ്ങ് തുക കൂടി കൊടുക്കുന്നുണ്ടെന്നും എന്നാൽ രണ്ടു തുകയും പ്രത്യേകമായി കൊടുക്കുന്നില്ലെന്നും അദ്ദേഹം സമിതിയെ അറിയിച്ചു 2015-ൽ കേന്ദ്ര ഗവൺമെന്റ് നോംസിൽ കൃഷി നാശത്തിന് കൊടുക്കുന്ന നഷ്ടപരിഹാര തുകയുടെ പരിധി ഗണ്യമായി വെട്ടിക്കുറച്ചെന്നും ഒരു വാഴയ്ക്ക് 100 രൂപ കൊടുത്തിരുന്നത് 5 രൂപയായി ചുരുക്കി അതിനാൽ ബാക്കി 95 രൂപ കൃഷി വകുപ്പ് കൊടുക്കേണ്ട സ്ഥിതി വന്നുവെന്നും 2013 മുതലുള്ള പെൻഡിംഗ് കണക്കുകൾ ഡയറക്ടറുടെ കയ്യിലുണ്ടെന്നും സമിതി നിരീക്ഷിച്ചു. പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർമാർ നഷ്ടപരിഹാരം ക്ലെയിം ചെയ്യാത്തത് സംബന്ധിച്ച് സമിതി ചോദ്യത്തിന്, സീഡ്സ് ആന്റ് മെഷിനറിക്കായി ജില്ലകളിൽ 14,69,00,000 രൂപയാണ് ഇപ്പോൾ കൊടുത്തതെന്നും അതിന്റെ ക്ലാരിഫിക്കേഷൻസ് കഴിഞ്ഞ മാസമാണ് ഇഷ്യൂ ചെയ്തതെന്നും അതുകൊണ്ടാണ് ക്ലെയിം ചെയ്യാൻ കഴിയാതെ സറണ്ടർ ചെയ്തതെന്നും സീഡ്സ് & മെഷിനറി ഹെഡ്ഡിനെ അഗ്രികൾച്ചറൽ ഇൻപുട്സ് എന്നാണ് പറയുന്നതെന്നും കലാമിറ്റി വന്നാൽ ഇൻപുട്സ് കൊടുക്കാൻ കഴിയില്ലെന്നും കൃഷി വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു കൃഷിക്കാർ ദുരിതത്തിലാകുമ്പോൾ പരിഹാരം കണ്ടെത്തേണ്ട ഉദ്യോഗസ്ഥർ എങ്ങനെ നഷ്ടപരിഹാരം കൊടുക്കാതിരിക്കാമെന്നു ചിന്തിക്കാതെ കൊടുക്കാനുള്ള വകുപ്പുകൾ കണ്ടെത്തി ജനങ്ങളെ സഹായിക്കാനുള്ള കാര്യങ്ങളാണ് ചെയ്യേണ്ടതെന്ന് സമിതി അഭിപ്രായപ്പെട്ടു. എല്ലാ ജില്ലകൾക്കുമായി 14,69,00,000 രൂപ കിട്ടിയിട്ടുണ്ടെന്ന ഡയറക്ടർ ഓഫ് അഗ്രികൾച്ചർ സൂചിപ്പിച്ചപ്പോൾ നോംസ് അനുസരിച്ച് 25 കോടി കൂടി വേണമെന്ന് ആവശ്യപ്പെട്ടാൽ കൊടുക്കുന്നതാണെന്ന് റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു. അനുവദിച്ച തുക അടിയന്തിരമായി വിതരണം ചെയ്യുകയും കിട്ടാനുള്ള തുക ജില്ല തിരിച്ച് പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർമാർ കളക്ടർമാരിൽ നിന്നും അടിയന്തിരമായി ക്ലെയിം ചെയ്യണമെന്നുമുള്ള സമിതി നിർദ്ദേശത്തിന് അപ്രകാരം ചെയ്യാമെന്ന് റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു

മത്സ്യബന്ധന വകുപ്പ് റിലീഫ് ക്ലെയിം ചെയ്തിട്ടില്ലെന്നും ഉൾനാടൻ മത്സ്യ കൃഷിക്ക് നാശം സംഭവിച്ചാൽ ഹെക്ടറിന് നിശ്ചിത തുക റിലീഫായി നൽകാറുണ്ടെന്നും റവന്യൂ വകുപ്പ് ഉദ്യോഗസ്ഥർ അറിയിച്ചതിന് മത്സ്യബന്ധന വകുപ്പിൽ ഓരോ വർഷവും എന്തൊക്കെ സ്കീമുകളാണ് നടപ്പാക്കുന്നതെന്നും അതിന് എത്ര രൂപയുടെ അലോട്ട്മെന്റ് ഉണ്ടെന്നുമുള്ള വിവരങ്ങൾ പുസ്തക രൂപത്തിൽ തയ്യാറാക്കി എല്ലാ

എം.എൽ.എ.-മാർക്കും നൽകാൻ കൃഷി വകുപ്പ് തീരുമാനിച്ചിട്ടുണ്ടെന്നും എസ്.ഡി.ആർ.എഫി.-ന്റെ കാര്യത്തിൽ ഇത്തരത്തിൽ തുക ക്ലെയിം ചെയ്യുന്നത് സംബന്ധിച്ച് പല തവണ ഡി.ഡി.സി.-യിൽ ഉന്നയിച്ചിട്ടുണ്ടെന്നും എന്നാൽ ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും നിരുത്തരവാദപരമായ മറുപടികളാണ് ലഭിക്കുന്നതെന്നും ഇത്തരം കാര്യങ്ങളെക്കുറിച്ച് എം.എൽ.എ.-മാർക്ക് ശരിയായ അവബോധമില്ലാത്തതും പ്രശ്നമാണെന്നും അലോട്ട്മെന്റ് നടക്കുന്നത് എപ്രകാരമാണെന്നതു സംബന്ധിച്ച് ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നും കൃത്യമായ വിവരങ്ങൾ നൽകാറില്ലെന്നും സമിതി അറിയിച്ചു. ഇത്തരം കാര്യങ്ങൾ നടപ്പാക്കുന്നതിന് ഒറീസയിലും മറ്റും കൃത്യമായ മാനദണ്ഡങ്ങളുണ്ടെന്നും കേരളത്തിൽ സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ എന്ന പേരിൽ പ്രസിദ്ധീകരിച്ച പുസ്തകത്തിൽ മത്സ്യബന്ധന മേഖലയിൽ നഷ്ടം വന്നാൽ സ്വീകരിക്കേണ്ട കാര്യങ്ങൾ കൃത്യമായി പരാമർശിച്ചിട്ടുണ്ടെന്നും പ്രസ്തുത പുസ്തകത്തിൽ, ഡിസാസ്റ്റർ വന്നാൽ നേരിടുന്നതിനായി ഓരോ ഡിപ്പാർട്ട്മെന്റും എന്താണ് ചെയ്യേണ്ടതെന്ന് പരാമർശിച്ചിട്ടുണ്ടെന്നും റവന്യൂ വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ ധരിപ്പിച്ചു.

മത്സ്യകൃഷിയ്ക്ക് നഷ്ടമുണ്ടാകുമ്പോൾ ഹെക്ടറിന് എത്ര രൂപ വീതമാണ് നൽകിയിരുന്നതെന്ന സമിതി ചോദ്യത്തിന് ഹെക്ടറിന് 8200 രൂപ വീതമാണ് നൽകിയിരുന്നതെന്ന് മത്സ്യബന്ധന വകുപ്പ് ഉദ്യോഗസ്ഥർ സമിതിയ്ക്ക് മറുപടി നൽകി. കൃഷിയ്ക്ക് ഹെക്ടറിന് 13,000 രൂപ നൽകുമ്പോൾ മത്സ്യ കൃഷിയ്ക്ക് നൽകുന്ന നഷ്ടപരിഹാരം വളരെക്കുറവാണെന്നും ആയതിനാൽ പ്രസ്തുത തുക ഉയർത്തണമെന്നും ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സംസ്ഥാന ഗവൺമെന്റും ജില്ലാ ഭരണകൂടവും കൃഷിയിറക്കരുതെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിൽ ഏതാണ്ട് ഇരുപത്തിനാലായിരം ഹെക്ടർ കൃഷി ഭൂമിയിൽ കൃഷി ചെയ്തിട്ടില്ലെന്നും പല സ്ഥലങ്ങളിലും കാലാവസ്ഥ വ്യതിയാനങ്ങളുടെ ഫലമായി തീ പിടിക്കുന്ന സ്ഥിതി വിശേഷമുണ്ടെന്നും അതിന് നഷ്ടപരിഹാരം നൽകുന്നതിനായി എസ്.ഡി.ആർ.എഫ്.-ൽ തുക നീക്കിവയ്ക്കാത്തതിന്റെ ഫലമായി അത് സ്റ്റേറ്റ് ഗവൺമെന്റ് കോമ്പൻസേറ്റ് ചെയ്യേണ്ട സാഹചര്യമുണ്ടാകുന്നുണ്ടെന്നും മൃഗസംരക്ഷണവകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചതിന് പ്രസ്തുത ആവശ്യത്തിനായി എസ്.ഡി.ആർ.എഫ്.-ൽ തുക നീക്കിവയ്ക്കാൻ ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

മിൽമ മുഖേന തമിഴ്നാട്, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നും വൈക്കോൽ ഇറക്കുമതി ചെയ്ത് പാൽ സൊസൈറ്റികൾ വഴി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കണമെന്ന മൃഗസംരക്ഷണ/ക്ഷീരവികസന സെക്രട്ടറിയുടെ നിർദ്ദേശത്തോട്, പ്രസ്തുത സംസ്ഥാനങ്ങളിൽ രൂക്ഷമായ വരൾച്ചയായതിനാൽ വൈക്കോൽ കൊണ്ടുവരാൻ അവർ അനുവദിക്കുന്നില്ലെന്ന് റവന്യൂവകുപ്പ് ഉദ്യോഗസ്ഥൻ മറുപടി നൽകി. എന്നാൽ

പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരമുള്ള വെള്ളം ഉപയോഗിച്ച് ഇപ്പോൾ തമിഴ്നാട് നന്നായി നെൽകൃഷി ചെയ്യുന്നുണ്ടെന്നും കൃഷിയുള്ള ജില്ലകളിൽ നിന്നും വൈക്കോൽ എത്തിക്കാൻ ശ്രമിക്കണമെന്നും സമിതി നിർദ്ദേശിച്ചു. പ്രതിദിനം ഒരു പശുവിന് ഫീഡും വൈക്കോലും നൽകുന്നതിന് 70 രൂപ വിനിയോഗിക്കാമെങ്കിലും ഫണ്ടിന്റെ അപര്യാപ്തത നിമിത്തം പാലക്കാട് ജില്ലയിലെ എല്ലാ താലൂക്കുകളിലും വയനാട് ജില്ലയിലെ സുൽത്താൻബത്തേരി താലൂക്കിലും അടിയന്തരമായി ഇത് നടപ്പാക്കേണ്ടതായിട്ടുണ്ടെന്ന് റവന്യൂ വകുപ്പ് ഉദ്യോഗസ്ഥൻ അറിയിച്ചപ്പോൾ ഈ സ്കീം നടപ്പിലാക്കുമ്പോൾ അതത് സ്ഥലങ്ങളിലെ എം. എൽ. എ.-മാരെക്കൂടി ഇക്കാര്യം അറിയിക്കണമെന്നും പാലക്കാട്, വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി, തിരുവനന്തപുരം ജില്ലയിലെ അമ്പൂരി എന്നീ സ്ഥലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയുള്ളതിൽ നിന്നു കൊണ്ട് ഈ തുകകൾ നൽകാൻ ശ്രമിക്കണമെന്നും സമിതി നിർദ്ദേശിച്ചു. ഡിസാസ്റ്റർ മാനേജ്മെന്റിന്റെ കീഴിൽ പുഴകളിൽ ഉപ്പുവെള്ളം കയറുന്നതിനു മുമ്പ് തടയണ കെട്ടി നിർത്താനുള്ള സ്കീം എന്തെങ്കിലുമുണ്ടോയെന്ന സമിതി ചോദ്യത്തിന് ഡിസാസ്റ്റർ മാനേജ്മെന്റിൽ നിന്നും തുക നൽകാൻ പറ്റില്ലെന്നും റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ഡിസാസ്റ്റർ മാനേജ്മെന്റ് സ്കീമിൽ വാട്ടർ അതോറിറ്റിയുടെ സോൾട്ട് സ്റ്റോപ്പ് ചെയ്തു നിർത്തുന്നതിനുള്ള തടയണകൾ നിർമ്മിക്കാനായി 78 ലക്ഷം രൂപ നൽകിയിട്ടുണ്ടെന്നും റവന്യൂ വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു.

കല്ലടയാറിൽ ശുദ്ധജലമുള്ള 200 ഹെക്ടറിലേറെ വരുന്ന പ്രദേശത്ത് മഴക്കാലം വരുമ്പോൾ ഉപ്പുവെള്ളം കയറാറുണ്ട്. ശാസ്താംകോട്ടകായലിലെ ജലനിരപ്പും താഴുകയാണ്. റഗുലേറ്റർ കം ബ്രിഡ്ജ് സ്ഥാപിച്ച് അതിനെ പ്രൊട്ടക്ട് ചെയ്യണമെങ്കിൽ 80 ലക്ഷം രൂപ തികയുകയില്ല. അവിടെ ഒരു റഗുലേറ്റർ കം ബ്രിഡ്ജ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിയാൽ ഡിസാസ്റ്റർ മാനേജ്മെന്റിന് അത് നടപ്പാക്കുന്നതിനായി തുക നൽകാൻ സാധിക്കുമോയെന്ന സമിതി ചോദ്യത്തിന്, ഡിസാസ്റ്റർ മാനേജ്മെന്റിന് പെർമനന്റ് കൺസ്ട്രക്ഷന് തുക നൽകാൻ സാധിക്കുകയില്ലെന്നും ചെറിയ പ്രോജക്ടുകൾക്ക മാത്രമേ തുക നൽകുവാൻ സാധിക്കുകയുള്ളുവെന്നും റവന്യൂ വകുപ്പ് ഉദ്യോഗസ്ഥൻ സമിതിയ്ക്ക് മറുപടി നൽകി. റബ്ബർ കൊണ്ടുള്ള തടയണ നിർമ്മിക്കുന്നതു സംബന്ധിച്ച് റബ്ബർബോർഡുമായി ചർച്ച നടത്തി ഇതിനുള്ള ടെക്നോളജി ഡെവലപ് ചെയ്യാൻ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും ടെക്നോളജി ഡെവലപ് ചെയ്യാത്തതിനാൽ കുറച്ചു സമയം എടുക്കുമെന്നും റവന്യൂവകുപ്പ് ഉദ്യോഗസ്ഥൻ സമിതിയെ അറിയിച്ചു. ഗുജറാത്തിൽ ഈ ടെക്നോളജി നടപ്പിലാക്കിയിട്ടുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു.

ഇപ്പോൾ സംസ്ഥാനത്ത് മുഴുവൻ വരൾച്ചയാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ടെന്നും അഗ്രികൾച്ചർ ഡ്രൗട്ട് എന്ന് ഡിക്ലയർ ചെയ്തെങ്കിൽ മാത്രമേ ലോണിന് മൊറട്ടോറിയം കിട്ടുകയുള്ളൂവെന്നും പഞ്ചായത്തുകളിൽ അഗ്രികൾച്ചർ ഡ്രൗട്ട് അഫക്റ്റഡ് ആണെന്ന് പ്രഖ്യാപിച്ച് നഷ്ടം കണക്കാക്കി കൃഷിവകുപ്പിന് ഉത്തരവ് ഇറക്കാവുന്നതാണെന്നും സ്റ്റേറ്റ്

റിലീഫ് കമ്മീഷണർ എന്ന നിലയിൽ, ടി തുക എത്രയാണെന്നറിഞ്ഞാൽ തനിക്ക് പ്രസ്തുത ഉത്തരവ് ഇറക്കാനാകുമെന്നും റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. എന്നാൽ കേരളത്തിൽ അതിനൊരു കോഡില്ലെന്നും വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങൾക്ക് അതിനൊരു കോഡുണ്ടെന്നും ഒരു താലൂക്കിലെ വില്ലേജുകൾ ഡ്രൗട്ട് അഫക്ടഡായി ഡിക്ലയർ ചെയ്തു കഴിഞ്ഞാൽ അവിടെ ഭൂനികുതി സ്വീകരിക്കാറില്ലെന്നും അവിടത്തെ റവന്യൂ റിക്കവറി നടപടികൾ മാറ്റിവയ്ക്കാറുണ്ടെന്നും അഗ്രികൾച്ചർ ലോണിന് മൊറട്ടോറിയം ലഭിക്കണമെങ്കിൽ എസ്.എൽ.ബി.സി.-യിലേക്ക് തുക എത്രയെന്നുള്ള കണക്ക് കൊടുക്കണമെന്നും ക്രോപ്പ് കട്ടിംഗ്/ yield എസ്റ്റിമേറ്റിൽ നിന്നുള്ള റിസൽട്ട് അഗ്രികൾച്ചർ ഡിപ്പാർട്ട്മെന്റ് വർക്കൗട്ട് ചെയ്ത ശരിയുള്ള തുക എസ്.എൽ.ബി.സി. കൺവീനർക്ക് കൊടുത്താൽ യോഗം വിളിച്ച് തീരുമാനമെടുക്കാൻ ആർ.ബി.ഐ. യുടെ വ്യക്തമായ സർക്കുലറുണ്ടെന്നും, തീരുമാനമെടുത്താൽ ബാങ്കുകളിൽ നിന്നുള്ള അഗ്രികൾച്ചർ ലോണുകൾക്ക് ഒരു വർഷത്തേയ്ക്ക് പലിശ കൂടാതെ മൊറട്ടോറിയം ലഭിക്കുമെന്നും അദ്ദേഹം സമിതിയെ അറിയിച്ചു.

കാർഷികലോൺ 4% പലിശയ്ക്ക് ലഭ്യമാകും എന്നിരിക്കെ പശുവിനെ വാങ്ങുന്നതിനുള്ള ലോണിന്റെ പലിശ 13% ശതമാനവും മത്സ്യകൃഷിക്കുള്ള ലോണിന്റെ പലിശ 12 ശതമാനവും ആണെന്നത് വകുപ്പുദ്യോഗസ്ഥർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

കൃഷിയുമായി ബന്ധപ്പെട്ട ഫിഷറീസ് പോലുള്ള ഇതര കാർഷികവൃത്തികൾക്കും 4% നിരക്കിൽ നബാർഡ് ഇടങ്ങിയവയിൽ നിന്നും ലോൺ ലഭ്യമാക്കണമെന്ന് ശിപാർശചെയ്യാൻ സമിതി തീരുമാനിച്ചു. Agriculture includes Animal Husbandary and Fisheries എന്നാക്കി മാറ്റേണ്ടതാണെന്നും കൂടാതെ കൃഷിക്ക് കേന്ദ്ര ഗവൺമെന്റിൽ നിന്നും റീ ഫിനാൻസിംഗ് ലഭിക്കുന്നുണ്ടെന്നാണ് കർഷകർ പറയുന്നതെന്നും എന്നാൽ ഫിഷറീസിനും അനിമൽ ഹസ്ബന്ററിക്കും റീഫിനാൻസിംഗ് ലഭിക്കുന്നില്ലെന്നും സമിതി വിലയിരുത്തി. ഇക്കാര്യത്തിൽ എസ്.എൽ.ബി.സി.യിൽ തീരുമാന- മെടുത്തിട്ടുണ്ടെന്നും ഫിഷറീസ് & പോർട്സ് ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

എസ്.എൽ.ബി.സി. കൂടി ഡ്രൗട്ട് അഫക്റ്റഡ് ഏരിയാസ് ഡിക്ലയർ ചെയ്യുന്നതിനും കോഡ് ഇല്ലാത്തതിന്റെ പേരിൽ ഗവൺമെന്റ് പ്രത്യേക ഉത്തരവ് പ്രകാരം വരൾച്ചാബാധിത പ്രദേശത്ത് ഭൂനികുതിയും വെള്ളക്കരവും ഒഴിവാക്കിക്കൊടുക്കുന്നതിന് ശിപാർശ ചെയ്യാമെന്നും മറ്റ് ശിപാർശകൾ എന്തെങ്കിലും ഉണ്ടെങ്കിൽ സമിതിക്ക് നോട്ടായി നൽകിയാൽ റിപ്പോർട്ടിൽ ഉൾപ്പെടുത്താവുന്നതാണെന്നും സമിതി സന്നിഹിതരായിരുന്ന വകുപ്പുദ്യോഗസ്ഥരെ അറിയിച്ചു. കൂടാതെ വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലുള്ളതുപോലെ കേരളവും കോഡ് തയ്യാറാക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

യോഗം ഉച്ചയ്ക്കുശേഷം 3.40 ന് പിരിഞ്ഞു.

# 22-3-2017-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-I, 2017 മാർച്ച് 22-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ 'V ബി' സമ്മേളന ഹാളിൽ സമിതി ചെയർമാനായ കൃഷി വകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായി.

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. ചിറ്റയം ഗോപകുമാർ
2. ശ്രീ. എം. നൗഷാദ്
3. ശ്രീ. കെ. വി. വിജയദാസ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>:

1. ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി. എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ജയശ്രീ. എം, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. വി. എസ്. സെന്തിൽ, അഡീഷണൽ ചീഫ് സെക്രട്ടറി, പ്ലാനിംഗ് & ഇക്കണോമിക്സ് അഫയേഴ്സ് വകുപ്പ്
2. ഡോ. രാജു നാരായണ സ്വാമി, പ്രിൻസിപ്പൽ സെക്രട്ടറി, അഗ്രികൾച്ചർ ഡിപ്പാർട്ട്മെന്റ്
3. ശ്രീ. ബിജു പ്രഭാകർ, ഡയറക്ടർ, കൃഷി വകുപ്പ്
4. ശ്രീ. എ. നിസാമുദ്ദീൻ, കമ്മീഷണർ, കേരള സ്റ്റേറ്റ് ഭൂവിനിയോഗ ബോർഡ്
5. ശ്രീ. വി. രാമചന്ദ്രൻ, ഡയറക്ടർ ജനറൽ, ഇക്കണോമിക്സ് &സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
6. ശ്രീ. പി. രാജശേഖരൻ, ചീഫ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് (അഗ്രികൾച്ചർ)
7. ശ്രീ. ജസ്റ്റിൻ മോഹൻ, ഡയറക്ടർ, സോയിൽ സർവ്വേ & സോയിൽ കൺസർവേഷൻ ഡിപ്പാർട്ടുമെന്റ്
8. ശ്രീ. ടി. എസ്. മജീദ്, കംപ്ട്രോളർ, കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി
9. ശ്രീ. പി. എച്ച്. അഷറഫ്, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷൻ
10. ശ്രീ. വി. അജയകുമാർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
11. ഡോ. എൻ.സി. അനിൽകുമാർ, സയന്റിസ്റ്റ്, കെ.എസ്.ആർ.ഇ.സി

2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന നമ്പർ XXIX (കൃഷി), XXX ഭക്ഷ്യം (കേരള വെയർ ഹൗസിംഗ് കോർപ്പറേഷൻ), XXXIX വൈദ്യുത പദ്ധതികൾ (ബയോഗ്യാസ് വികസനത്തിനുള്ള ദേശീയ പരിപാടി) എന്നിവയുടെ സൂക്ഷ്മ പരിശോധന നടത്തുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി സമിതി ചർച്ച നടത്തുകയും ചുവടെപ്പറയുന്ന ശിപാർശകൾ റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XXIX-കൃഷി

പെൻഷൻകാർക്ക് ഒരു വർഷത്തെ മിനിമം പെൻഷൻ, ഡി.എ., മെഡിക്കൽ അലവൻസ്, ഫെസ്റ്റിവൽ അലവൻസ് എന്നിവയും 1-7-2015 മുതൽ 31-1-2017 വരെ മിനിമം പെൻഷൻ വർദ്ധിപ്പിച്ച ഇനത്തിൽ കൊടുക്കാനുള്ള കുടിശ്ശികയും ഉൾപ്പെടെ നൽകാൻ അധികം തുക ആവശ്യമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 'മലബാർ മാർക്കറ്റ് കമ്മിറ്റികൾക്കുള്ള സഹായം ' എന്ന ശീർഷകത്തിൽ 1.2 കോടി രൂപ അധികം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു

തണ്ണീർത്തട നീർത്തട സർവ്വേയുമായി കെ.എസ്.ആർ.ഇ.സി.-ക്ക് തുക നൽകേണ്ടതുണ്ടെന്നത് പരിഗണിച്ച് 'ഗ്രൂപ്പ് ഫാമിംഗ്-മുഖേന നെൽകൃഷി വികസനം (ജില്ലാ പദ്ധതി)' എന്ന ശീർഷകത്തിൽ 3.3 കോടി രൂപ അധികം വകയിരുത്തണമെന്ന് ശിപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു

ജൈവകൃഷിയും ഉത്തമകൃഷിമുറകളും നടപ്പിലാക്കുന്നതിനായി സംസ്ഥാനത്ത് 200 ഇക്കോ ഷോപ്പുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ടെന്നും അതിൽ 65 ഇക്കോ ഷോപ്പുകൾ മാത്രമേ നാളിതുവരെ സ്ഥാപിക്കാൻ കഴിഞ്ഞിട്ടുള്ളുവെന്നും നിരീക്ഷിച്ച സമിതി പുതിയ ഇക്കോ ഷോപ്പുകൾ സ്ഥാപിക്കുന്നതിന് അനുവദിച്ച തുക വളരെ കുറവാണെന്ന് ബോദ്ധ്യമായതിനാൽ 'ഓർഗാനിക് ഫാമിംഗ് ' എന്ന ശീർഷകത്തിൽ 5 കോടി രൂപ അധികം വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിനു തീരുമാനിച്ചു

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പ്രസിദ്ധീകരണങ്ങൾക്കും പരസ്യങ്ങൾക്കും ദൈനംദിന പ്രവർത്തനങ്ങൾക്കും വരുന്ന അധികച്ചെലവുകൾ വഹിക്കുന്നതിനും കൂടാതെ പുതിയ മൊബൈൽ എക്സിബിഷൻ വാഹനങ്ങൾ വാങ്ങുന്നതിനുമായി 1 കോടി രൂപ 'കാർഷിക വിജ്ഞാനവും വ്യാപനവും' എന്ന ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു

തൃശ്ശൂരിലെ "സംയോജിത കാർഷിക കോംപ്ലക്സി"ന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. നിർവ്വഹണ ഏജൻസിയായ കെ.എൽ.ഡി.സിക്ക് 183.40 ലക്ഷം രൂപ നൽകുവാനുണ്ടെന്ന് വിലയിരുത്തിയ സമിതി പദ്ധതിയുടെ പൂർത്തീകരണത്തിനായി ബജറ്റിൽ വകയിരുത്തിയിരിക്കുന്ന വിഹിതമായ 97 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 'സംയോജിത കാർഷിക കോംപ്ലക്സ് ' എന്ന ശീർഷകത്തിൽ 86.4 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിനു തീരുമാനിച്ചു

നെൽകർഷകർക്ക് പരിധിയില്ലാതെയും കരകൃഷിക്ക് രണ്ട് ഹെക്ടർ വരെയും സൗജന്യമായി വൈദ്യുതി നൽകുന്നതിന് വേണ്ട തുകയും മുൻ വർഷങ്ങളിലെ കുടിശ്ശികയും പോളി ഹൗസ് കൃഷിക്ക് നൽകുന്ന സൗജന്യ വൈദ്യുതികളുടെ ആനുകൂല്യവും നൽകുന്നതിലേയ്ക്കായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് ബോധ്യപ്പെട്ടതിനാൽ 'ചെറുകിട നാമമാത്ര നെൽകൃഷിക്കാർക്ക് സൗജന്യമായി വൈദ്യുതി നൽകുന്ന പദ്ധതി' എന്ന ശീർഷകത്തിൽ 5.57 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

ചെറുകിട നാമമാത്ര കർഷകർക്ക് 2017 മാർച്ച് വരെയുള്ള കുടിശ്ശികയായ 355.87 കോടി രൂപയും 2017-18 വർഷത്തിൽ പ്രതിമാസം 1100 രൂപ നിരക്കിൽ പെൻഷനും നൽകുന്നതിന് ബജറ്റിലെ തുക അപര്യാപ്തമായതിനാൽ 'ചെറുകിട നാമമാത്ര കർഷക പെൻഷൻ' എന്ന ശീർഷകത്തിൽ 628.978 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

സംസ്ഥാനത്ത് 2 ലക്ഷം ഹെക്ടറിൽ നെൽകൃഷി ചെയ്യുന്നതിലേയ്ക്കായി ഹെക്ടറിന് ഒരു സീസണിൽ 1000 രൂപ എന്ന നിരക്കിൽ ഉൽപ്പാദന ബോണസ് നൽകുന്നതിനും നിലവിലുള്ള കുടിശ്ശിക നൽകുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 'റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ് (മുൻസിപ്പൽ കോർപ്പറേഷൻ)', എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപയും 'റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ് (മുൻസിപ്പാലിറ്റികൾ)' എന്ന ശീർഷകത്തിൽ 4.5 കോടി രൂപയും 'റവന്യൂ ചെലവുകൾക്കായുള്ള ബ്ലോക്ക് ഗ്രാന്റ് (ഗ്രാമപഞ്ചായത്തുകൾ)' എന്ന ശീർഷകത്തിൽ 45 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകുന്നതിനും കുടിശ്ശിക തീർക്കുന്നതിനും ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക വളരെ അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി പ്രകൃതിക്ഷോഭം നേരിടുന്നതിനുള്ള കരുതൽ നടപടി എന്ന ശീർഷകത്തിൽ 50 കോടി രൂപ അധികം വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

കുട്ടനാട്ടിൽ സ്ഥാപിച്ചിട്ടുള്ള ഇന്റർനാഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗ് സെന്റർ ഫോർ ബിലോ സീ ലെവൽ ഫാമിംഗ് എന്ന സ്ഥാപനത്തിന്റെ നൂതന പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുന്നതിനും ലിനീകരണം സംബന്ധിച്ച ഡേറ്റാ ബേസ് തയ്യാറാക്കുന്നതിനും കാര്യശേഷി വർദ്ധനവ് പരിപാടികൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി 'കടൽ നിരപ്പിൽനിന്നും താഴ്ന്ന പ്രദേശത്തെ കൃഷിക്കായുള്ള കുട്ടനാട് അന്തർദേശീയ ഗവേഷണ പരിശീലന കേന്ദ്രം' എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപ അധികം അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

2017-18-ൽ ഉത്സവകാലയളവുകളിൽ വിലസ്ഥിരതയ്ക്കായി പച്ചക്കറി വിപണിയിൽ ഇടപെടുന്നതിനും പഞ്ചായത്തുതലത്തിൽ പ്രത്യേകം പഴംപച്ചക്കറി വിപണികൾ സംഘടിപ്പിക്കുന്നതിനും കൂടാതെ ഹോർട്ടികോർപ്പ്, കേരഫെഡ്, വി.എഫ്.പി.സി.കെ തുടങ്ങിയ പൊതുമേഖല സ്ഥാപനങ്ങൾക്ക് കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിനും അധികതുക ആവശ്യമാണെന്ന് വിലയിരുത്തിയ സമിതി 'വിലസ്ഥിരതയ്ക്കുവേണ്ടി വിപണിയിൽ ഇടപെടൽ' എന്ന ശീർഷകത്തിൽ 60 കോടി രൂപ അധികം വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു

കൃഷി വകുപ്പിന്റെ മാർക്കറ്റിംഗ് വിംഗ് ശക്തിപ്പെടുത്തുന്നതിനും പുനഃസംഘടിപ്പിക്കുന്നതിനും കർഷക ചന്തകൾ സ്ഥാപിക്കുന്നതിനും 5 അഗ്രോ ബസാറുകൾ സ്ഥാപിക്കുന്നതിനും സംഘമൈത്രികളുടെ ശാക്തീകരണത്തിനും പച്ചക്കറികളും പഴവർഗ്ഗങ്ങളും കേടാകാതിരിക്കുന്നതിനായി കോൾഡ് സ്റ്റോറേജുകൾ നിർമ്മിക്കുന്നതിനും കോൾഡ് ചെയിൻ ശൃംഖല സൃഷ്ടിക്കൽ തുടങ്ങിയ വിപണി പരിഷ്കാര പ്രവർത്തനങ്ങൾക്കും തുക ആവശ്യമാണെന്ന് വിലയിരുത്തിയ സമിതി 'കേരള കാർഷിക വിപണന പദ്ധതി' എന്ന ശീർഷകത്തിൽ 10 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു

തൃശ്ശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ കോക്കനട്ട് അഗ്രോപാർക്കുകൾ, പാലക്കാട്, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിൽ നെല്ല് അധിഷ്ഠിത അഗ്രോ പാർക്കുകൾ, തൃശ്ശൂർ ജില്ലയിൽ തേനും നേന്ത്രക്കായയും അടിസ്ഥാനമായ അഗ്രോപാർക്ക്, ഇടുക്കി, വയനാട് ജില്ലകളിൽ സുഗന്ധവ്യഞ്ജന അഗ്രോപാർക്കുകൾ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിൽ റബ്ബർ അധിഷ്ഠിത വ്യവസായ പാർക്കുകൾ, തൃശ്ശൂർ ജില്ലയിലെ മാളയിൽ ചക്ക അടിസ്ഥാനമായ അഗ്രോപാർക്ക്, ഇടുക്കി ജില്ലയിലെ കാന്തല്ലൂരിൽ പച്ചക്കറി അടിസ്ഥാനമായ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ അഗ്രോപാർക്ക് എന്നിവയാണ് ലക്ഷ്യമിടുന്നത്. 2016-17-ലെ പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ച ടി പദ്ധതികൾക്ക് ആവശ്യമായ തുക ഈ ബജറ്റിൽ വകയിരുത്തിയിട്ടില്ലാത്തതിനാൽ 'മൂല്യവർദ്ധനവ്' എന്ന ശീർഷകത്തിൽ 30 കോടി രൂപ അധികം വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

RIDF XVI മുതൽ XXI വരെ 139.5981 കോടി രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ടെന്നും 2017-18 സാമ്പത്തികവർഷം നടപ്പാക്കുന്ന പദ്ധതികൾക്കായി 32 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്നതായും വിലയിരുത്തിയ സമിതി 'RIDF പദ്ധതികൾ' ശീർഷകത്തിൽ എന്ന 25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു

### മണ്ണ്-പര്യവേക്ഷണ- സംരക്ഷണ വകുപ്പ്

2016-17-ലെ പുതുക്കിയ ബജറ്റിൽ ഉൾപ്പെടുത്തിയിരുന്ന ആധുനിക വിവരസാങ്കേതികവിദ്യയുടെ സഹായത്താൽ നിലം നികത്തലുമായി ബന്ധപ്പെട്ട് ഭൂമിയുടെ തരംതിരിവ് സംബന്ധിച്ച ഡേറ്റാബാങ്ക് സൃഷ്ടിക്കുന്നതിന് വേണ്ട നടപടികൾ

ഉൾക്കൊള്ളുന്ന ഈ പദ്ധതിയ്ക്കായി ബഡ്ജറ്റിൽ വിഹിതം ഒന്നും അനുവദിച്ചിട്ടില്ലെന്ന് മനസ്സിലാക്കിയ സമിതി 'ഭൂമിയുടെ തരംതിരിവ് സംബന്ധിച്ച ഡാറ്റാബാങ്ക് സൃഷ്ടിക്കൽ' എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

## കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രം

പത്താം ശമ്പളകമ്മീഷൻ നടപ്പിലാക്കുന്നതിലേയ്ക്കും ഐ.എസ്.ആർ.ഒ.-യിൽനിന്നും സർക്കാർ നിയമിച്ച ഡയറക്ടർക്ക് കേന്ദ്രനിരക്കിലുള്ള ശമ്പളം നൽകുന്നതിനും പര്യാപ്തമായ ഇനത്തിൽ അനുവദിച്ചിരിക്കുന്ന വിഹിതം വളരെ അപര്യാപ്തമാണെന്ന് കണ്ടെത്തിയ സമിതി 'കേരള സംസ്ഥാന ബഹുദൂര ഗ്രഹണ പരിസ്ഥിതി കേന്ദ്രം (കെ.എസ്.ആർ.ഇ.സി.) (ധനസഹായം) സഹായധനം - ശമ്പളം' എന്ന ശീർഷകത്തിൽ 42 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

## കേരള കാർഷിക സർവ്വകലാശാല

കേരള പബ്ലിക് സർവീസ് കമ്മീഷൻ വഴി അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികകളിലായി നിയമിച്ച 127 പേരുടെ ശമ്പളവും അലവൻസുകളും കൂടാതെ പബ്ലിക് സർവീസ് കമ്മീഷൻ വഴി ഫാം, സാങ്കേതിക വിഭാഗങ്ങളിൽ 356 ജീവനക്കാരെ നിയമിക്കേണ്ടിവരുമ്പോൾ അവർക്കുള്ള ശമ്പളവും അലവൻസുകളും ഫാം തൊഴിലാളികളുടെ ശമ്പള പരിഷ്കരണം ജീവനക്കാരുടെ ശമ്പളപരിഷ്കരണ കുടിശ്ശിക, അദ്ധ്യാപകരുടെ കരിയർ അഡ്വാൻസ്മെന്റ് പ്രൊമോഷൻ കുടിശ്ശിക, അദ്ധ്യാപക നിയമനം, വിരമിക്കൽ ആനുകൂല്യങ്ങൾ, യു.ജി.സി. ശമ്പള പരിഷ്കരണം ഇതെല്ലാം നൽകുന്നതിനായി ICAR വിഹിതത്തിലുണ്ടാകുന്ന കുറവ്, പി.എഫ്. കുടിശ്ശിക ഇടങ്ങിയവയുള്ള ചെലവ് കണക്കിലെടുക്കുമ്പോൾ കേരള കാർഷിക സർവ്വകലാശാലക്ക് അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം വളരെ കുറവാണെന്ന് മനസ്സിലാക്കിയ സമിതി 'കേരള കാർഷിക സർവ്വകലാശാല സഹായധനം സഹായധനം ശമ്പളം' എന്ന ശീർഷകത്തിൽ 226.2235 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

മുൻവർഷങ്ങളിൽ ഭരണാനുമതി ലഭിച്ച പദ്ധതികൾക്ക് ഭരണാനുമതിയും ബഡ്ജറ്റ് വിഹിതവും ഉണ്ടായിട്ടും ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിലൂടെ അനുവദിച്ചപ്പോൾ തുകയിൽ വരുത്തിയ കുറവുമൂലം 2016-17-ലെ മിക്ക പദ്ധതികളും ടി വർഷം നടപ്പിലാക്കാനുള്ള പണം ലഭിച്ചിട്ടില്ലെന്നും ഒഴിവാക്കാനാവാത്ത മുൻ വർഷങ്ങളിലെ പല പദ്ധതികളും 2017-18-ൽ നടപ്പിലാക്കുന്നതിന് തുല്യമായ വിഹിതം അധികമായി അനുവദിക്കേണ്ടതാണെന്നും സമിതി വിലയിരുത്തി. ആയതിനാൽ 'കേരള കാർഷിക

സർവ്വകലാശാല സഹായധനം മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം എന്ന ശീർഷകത്തിൽ 13.31 കോടി രൂപയും കേരള കാർഷിക സർവ്വകലാശാല സഹായധനം സഹായധനം -ശമ്പളേതരം എന്ന ശീർഷകത്തിൽ 22.325 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു

<u>സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്</u>

ശമ്പളം, യാത്രാബത്ത, ഓഫീസ് ചെലവുകൾ, രണ്ടാംഘട്ട സർവ്വെ ജോലികളുടെ ഓണറേറിയം, 2016-17 സാമ്പത്തികവർഷത്തെ ഓണറേറിയം എന്നിവ നൽകുന്നതിന് ബഡ്ജറ്റിലെ വിഹിതം വളരെ തുച്ഛമാണെന്ന് വിലയിരുത്തിയ സമിതി 'കാർഷിക സെൻസസ് (100% കേന്ദ്രാവിഷ്കൃതം)' എന്ന ശീർഷകത്തിൽ 3.29 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു

<u>കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് & ഓഷൻ സ്റ്റഡീസ്</u>

കേരള കാർഷിക സർവ്വകലാശാലയിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് കുഫോസിൽ ജോലി ചെയ്തിരുന്ന 41 അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാർ റിട്ടയർ ചെയ്തിട്ടുണ്ട്. അതിൽ 2015 ഏപ്രിൽ വരെ റിട്ടയർ ചെയ്ത ജീവനക്കാരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ മാത്രമാണ് ഇതുവരെ നൽകാൻ സാധിച്ചിട്ടുള്ളത്. അതിനുശേഷമുള്ള 15 ജീവനക്കാരുടെ റിട്ടയർമെന്റ് ആനുകൂല്യവുമായി ബന്ധപ്പെട്ട് 435 ലക്ഷം രൂപയും അതുപോലെ 2017 ഏപ്രിൽ മുതൽ 2018 മാർച്ച് വരെ റിട്ടയർ ചെയ്യുന്ന അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ റിട്ടയർമെന്റ് ആനുകൂല്യത്തിനായി 287.5 ലക്ഷം രൂപയും 2017-18 സാമ്പത്തിക വർഷം കൊടുത്തു തീർക്കേണ്ടതായിട്ടുണ്ട്. കൂടാതെ യു.ജി.സി. 12 ബി സ്റ്റാറ്റസ് നേടുന്നതിനായി നിയമിക്കുന്ന അദ്ധ്യാപകർക്ക് 122.85 ലക്ഷം രൂപയും അധികമായി 2017-18 സാമ്പത്തിക വർഷം ആവശ്യമായി വരുന്നുണ്ട്. ഇതിനെല്ലാംകൂടി ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് കണ്ടെത്തിയ സമിതി 'കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് & ഓഷൻ സ്റ്റഡീസ് ' എന്ന ശീർഷകത്തിൽ 8.4567 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു

**ധനാഭ്യർത്ഥന നമ്പർ XXX - മത്സ്യം**

<u>കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ</u>

മുൻ വർഷങ്ങളിൽ സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷനിൽ നിന്നും മൂലധനം ലഭിക്കുന്നതിനായി 2013-14, 2014-15, 2015-16, 2016-17 വർഷങ്ങളിൽ 50 ലക്ഷം രൂപ

വിതം സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നുവെങ്കിലും തുക ലഭ്യമായിട്ടില്ല എന്ന് മനസ്സിലാക്കിയ സമിതി സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷനിൽ നിന്നും മൂലധനം ലഭ്യമാക്കുന്നതിന് സംസ്ഥാന വിഹിതം അത്യാവശ്യമായതിനാൽ മുൻവർഷങ്ങളിലെ സംസ്ഥാന വിഹിതമായ 2 കോടി രൂപയും കമ്പ്യൂട്ടറൈസേഷനും നൂതനസാങ്കേതിക വിദ്യാ വികസനത്തിനുമായി 75 ലക്ഷം രൂപയും ഉൾപ്പെടെ 2 കോടി 75 ലക്ഷം രൂപ കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ മുതൽമുടക്ക് എന്ന ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

ആർ.ഐ.ഡി.എഫ്. XVII-ന്റെ കീഴിൽ ഗോഡൗണുകളുടെ നിർമ്മാണത്തിനും നവീകരണത്തിനുമായി 119.44 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ടെങ്കിലും നാളിതുവരെ പദ്ധതികളുടെ നടത്തിപ്പിനായി 24.85 കോടി രൂപ മാത്രമാണ് സർക്കാരിൽനിന്നും ലഭ്യമായിട്ടുള്ളതെന്ന് മനസ്സിലാക്കിയ സമിതി പദ്ധതികളുടെ നടത്തിപ്പിനായി ടി ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലെന്ന് നിരീക്ഷിച്ച് ആർ.ഐ.ഡി.എഫ്. XVII-ന്റെ പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനായി 15 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു

## ധനാഭ്യർത്ഥന നമ്പർ XXXIX-വൈദ്യുത പദ്ധതികൾ

സാധാരണ ബയോഗ്യാസ് പ്ലാന്റും സാനിട്ടറി ടോയ്‌ലെറ്റ് പ്ലാന്റും സ്ഥാപിക്കുന്നതിനും നിർമ്മാണ പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്നവർക്ക് പരിശീലനവും ഗുണഭോക്താവിന് സാമ്പത്തികസഹായവും ലക്ഷ്യമിട്ടിരിക്കുന്ന പ്രസ്തുത പദ്ധതിയിൽ ഒരു പ്ലാന്റിന്റെ സബ്‌സിഡി നിരക്ക് ജനറൽ വിഭാഗത്തിന് 8000 രൂപയും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് 10000 രൂപയുമാണ്. നിലവിലെ സാഹചര്യത്തിൽ ടി തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 2017-18 സാമ്പത്തിക വർഷത്തിൽ 'ബയോഗ്യാസ് പ്ലാന്റുകൾക്കുള്ള സബ്‌സിഡിയിനത്തിലും വിവിധ പരിശീലനങ്ങൾ നടത്തുന്നതിനും ബയോഗ്യാസ് വികസനത്തിനുള്ള ദേശീയ പരിപാടി എന്ന ശീർഷകത്തിൽ 1.99 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

യോഗം വൈകുന്നേരം 3.50-ന് പിരിഞ്ഞു.

# 28-3-2017-ലെ യോഗനടപടിക്കുറിപ്പ്

കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ ഒരു യോഗം 2017 മാർച്ച് 28-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ സമിതി ചെയർമാന്റെ അസാന്നിദ്ധ്യത്തിൽ ചേർന്നു. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 184(3) പ്രകാരം, സമിതിയംഗങ്ങൾ തെരഞ്ഞെടുത്ത മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പുമന്ത്രിയും സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവുമായ ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ യോഗത്തിൽ അദ്ധ്യക്ഷം വഹിച്ചു. സമിതിയിലെ എക്സ്-ഒഫീഷ്യോ അംഗവും വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ.കെ.രാജുവും ഹാജരായിരുന്നു.

<u>ഹാജരായ അംഗങ്ങൾ</u> :

1. ശ്രീ. എ. പി. അനിൽ കുമാർ, എം.എൽ.എ.
2. ശ്രീ. ചിറ്റയം ഗോപകുമാർ, എം.എൽ.എ.
3. ശ്രീ. കെ. കുഞ്ഞിരാമൻ, എം.എൽ.എ.
4. ശ്രീ. എം. നൗഷാദ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീ. എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എസ്. ജയശ്രീ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീമതി ജയശ്രീ. എം., അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ശ്രീ. ജെയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യബന്ധനവും തുറമുഖവും വകുപ്പ്.
2. ശ്രീ. അനിൽ സേവ്യർ, സെക്രട്ടറി, അനിമൽ ഹസ്ബന്ററി & ഡയറി ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ്.
3. ശ്രീ. പി. കെ. അനിൽകുമാർ, ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്.
4. ഡോ. എൻ. എൻ. ശശി, ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്.

5. ഡോ. എസ്. കാർത്തികേയൻ, ഡയറക്ടർ, ഫിഷറീസ്.

6. ശ്രീ. ജോർജ്ജ്കുട്ടി ജേക്കബ്, ഡയറക്ടർ, ഡയറി ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ്.

7. ശ്രീ. റ്റി. കെ. സോമൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

8. ഡോ. ജോസ് ജയിംസ്, മാനേജിംഗ് ഡയറക്ടർ, കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ്.

9. ഡോ. വിനോദ് ജോൺ, മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്പ്മെന്റ് കോർപ്പറേഷൻ.

10. ഡോ. എ. എസ്. ബിജുലാൽ, മാനേജിംഗ് ഡയറക്ടർ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്.

11. ഡോ. ലോറൻസ് ഹാരോൾഡ്, മാനേജിംഗ് ഡയറക്ടർ, മത്സ്യഫെഡ്.

12. ശ്രീ. പി. സഹദേവൻ, എക്സിക്യൂട്ടീവ് ഡയറക്ടർ, ഫിർമ.

13. ശ്രീ. യു. എസ്. സജീവ്, എക്സിക്യൂട്ടീവ് ഡയറക്ടർ, ADAK

14. ഡോ. വി.എം.വിക്ടർ ജോർജ്ജ്, രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഫോർ ഫിഷറീസ് ആന്റ് ഓഷ്യൻ സയൻസ് (KUFOS)

15. ഡോ.കെ.എം.ശ്യാംമോഹൻ, ഫിനാൻസ് ഓഫീസർ, കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റി (KVASU.)

സമിതി, 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി ധനാഭ്യർത്ഥന നമ്പർ XXXI (മൃഗസംരക്ഷണം) XXXII (ക്ഷീര വികസനം), XXXIII (മത്സ്യബന്ധനം) എന്നിവ പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചുവടെചേർക്കുന്ന ശിപാർശകൾ നൽകാൻ തീരുമാനിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XXXI-മൃഗസംരക്ഷണം

മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിലെയും ഫാം ഇൻഫർമേഷൻ ബ്യൂറോയിലെയും വകുപ്പ് ഉദ്യോഗസ്ഥൻമാരുടെ ശമ്പളം, യാത്രാചെലവ്, ഓഫീസ് ചെലവ് എന്നിവയ്ക്കായ 'നടത്തിപ്പ് ' എന്ന ശീർഷകത്തിൽ മെഡിക്കൽ റീഇംബേഴ്സിന് വകയിരുത്തിയിരിക്കുന്ന തുക വളരെ അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി മെഡിക്കൽ റീഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 2 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

മൃഗസംരക്ഷണവകുപ്പിലെ ജില്ലാ ഓഫീസുകളിലെ ചെലവിനായി തുക വകയിരുത്തിയിരിക്കുന്ന 'ജില്ലാ ഭരണം' എന്ന ശീർഷകത്തിൽ ടൂർ ടി.എ.-യ്ക്ക്

നൽകിയിരിക്കുന്ന തുക വളരെ അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി ഉൾ ടി.എ. ഇനത്തിൽ 5 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു

'ആശുപത്രികളും ഡിസ്പെൻസറികളും' ശീർഷകത്തിൽ മെഡിക്കൽ റീഇംബേഴ്സ്മെന്റ് [01(4)] ഇനത്തിൽ 3 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

'കന്നുകാലി രോഗ നിയന്ത്രണ പ്രോജക്റ്റ്' ശീർഷകത്തിൽ ഇലക്ട്രിസിറ്റി ചാർജ്ജ് [05 (2)] ഇനത്തിൽ 2 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

വൈകിട്ട് 6 മണി മുതൽ രാവിലെ 6 മണിവരെ കർഷകർ അവരുടെ മൃഗങ്ങളെ ആശുപത്രിയിൽ കൊണ്ടുവരുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി കർഷകർക്ക് അവരുടെ വീടുകളിൽത്തന്നെ സേവനം ലഭ്യമാക്കുന്നതിനായി നിലവിലുള്ള രാത്രികാല അടിയന്തര മൃഗചികിത്സ നൽകിവരുന്ന ബ്ലോക്കുകൾക്ക് പുറമേ അധികമായി 67 ബ്ലോക്കുകളിൽ കൂടി രാത്രികാല അടിയന്തര മൃഗചികിത്സ ലഭ്യമാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ 'വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം' ശീർഷകത്തിൽ 4.3751 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

'ഊർജ്ജിത കന്നുകാലി വികസന പ്രോജക്ടുകൾ' ശീർഷകത്തിൽ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ 3 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

'ലൈവ് സ്റ്റോക്ക് ഫാമുകൾ' എന്ന ശീർഷകത്തിൽ വേജസിന് അനുവദിച്ച തുക വളരെ അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി ഈ ശീർഷകത്തിൽ വേജസ് ഇനത്തിൽ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു

'വർഗ്ഗസങ്കലനത്തിനുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ' ശീർഷകത്തിൽ വേജസ് ഇനത്തിൽ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

കന്നുകുട്ടികളുടെ ശാസ്ത്രീയ പരിപാലനം ലക്ഷ്യമിട്ട് രാഷ്ട്രീയ കൃഷി വികാസ് യോജനയുമായി സംയോജിപ്പിച്ചുകൊണ്ട് നടപ്പാക്കുന്ന ഗോവർദ്ധിനി പദ്ധതിയിൻ കീഴിൽ ഒരു ലക്ഷം കന്നുകുട്ടികൾക്ക് കൂടി ആനുകൂല്യം ലഭ്യമാക്കുന്നതിന് 'ആർ.കെ.വി.വൈ. സഹകരണത്തോടെയുള്ള ഗോവർദ്ധിനി പദ്ധതി' ശീർഷകത്തിൽ 40.58125 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

'കോഴിവളർത്തൽ കേന്ദ്രങ്ങൾ' ശീർഷകത്തിൽ വൈദ്യുതി ചാർജ്ജ് ഇനത്തിൽ 3 ലക്ഷം രൂപയും മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഇനത്തിൽ 2 ലക്ഷം രൂപയും ഉൾപ്പെടെ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

'സ്റ്റാറ്റിസ്റ്റിക്കൽ വിഭാഗം സ്ഥാപിക്കൽ' ശീർഷകത്തിൽ യാത്രാബത്ത ഇനത്തിൽ 2 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

<u>കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ</u>

വിവിധ കെപ്കോ പദ്ധതികൾക്കായി വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം വളരെ അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി 'കെപ്കോ ആശ്രയ' പദ്ധതിക്ക് 250 ലക്ഷം രൂപയും, 'കത്തുകൈകളിൽ കോഴിക്കുഞ്ഞ്' പദ്ധതിക്ക് 200 ലക്ഷം രൂപയും, വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ കണ്ടെത്തുക എന്ന ലക്ഷ്യത്തോടെയുള്ള 'കോഴി വളർത്തൽ ഗ്രാമങ്ങൾ' പദ്ധതിക്ക് 150 ലക്ഷം രൂപയും കൂടാതെ ഫാമുകളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനായി 200 ലക്ഷം രൂപയും ഉൾപ്പെടെ 'കെ.എസ്.പി.ഡി.സി.-യ്ക്ക് സഹായം' ശീർഷകത്തിൽ 8 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

<u>കേരള ഫീഡ്സ് ലിമിറ്റഡ്</u>

കേരള ഫീഡ്സ് ലിമിറ്റഡിന്റെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി വകയിരുത്തിയിരിക്കുന്ന ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ കേരള ഫീഡ്സ് ലിമിറ്റഡിന്റെ വിവിധ സ്ഥാപനങ്ങളായ ഇടുക്കി ജില്ലയിലെ അരിക്കുഴ പഞ്ചായത്തിലെ ഹൈടെക് കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിന് 6.5 കോടി രൂപയും, തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകര കാലിത്തീറ്റ നിർമ്മാണ യൂണിറ്റിന്റെ യന്ത്ര സാമഗ്രികളുടെ നവീകരണത്തിനായി 2.5 കോടി രൂപയും കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിലുള്ള കാലിത്തീറ്റ നിർമ്മാണ യൂണിറ്റിന്റെ വിപുലീകരണത്തിനായി 4 കോടി രൂപയും കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിലുള്ള ബൈപ്പാസ് പ്രോട്ടീൻ നിർമ്മാണ യൂണിറ്റിന് 2 കോടി രൂപയും, സർക്കാർ നയത്തിനനുസൃതമായി ക്ഷീരകർഷകർക്ക് കുറഞ്ഞ വിലയിൽ കാലിത്തീറ്റ ലഭ്യമാക്കുന്നതിലൂടെ സ്ഥാപനത്തിന് വരുന്ന അധിക ബാധ്യത നികത്തുന്നതിനുവേണ്ടി 40 കോടി രൂപയും, മലപ്പുറം ജില്ലയിലെ ആതവനാടിലുള്ള പ്രതിദിനം 10 മെട്രിക് ടൺ ഉത്പാദനശേഷിയുള്ള ധാതുലവണ മിശ്രിത നിർമ്മാണ യൂണിറ്റിന്റെ വിപുലീകരണത്തിനായി 35 ലക്ഷം രൂപയും, പാലക്കാട് ജില്ലയിലെ മുതലമടയിലുള്ള സമ്പുഷ്ടീകരിച്ച വൈക്കോൽകട്ട നിർമ്മാണ യൂണിറ്റിനുള്ള വിപുലീകരണ വിഹിതമായി 50 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 55.85 കോടി രൂപ 'കേരള ഫീഡ്സ് ലിമിറ്റഡിനുള്ള സഹായം' ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

കൂടാതെ സ്വകാര്യ കമ്പനിക്കാർ കൂടിയ തോതിൽ യൂറിയ ചേർത്ത് കാലിത്തീറ്റ നിർമ്മിക്കുന്നുണ്ടെങ്കിലും പായ്ക്കറ്റിൽ 'നോ യൂറിയ' എന്ന് എഴുതിയാണ് വിൽക്കുന്നത്. ഇപ്രകാരം ലേബൽ ചെയ്ത് വിൽക്കുമ്പോൾ കേരള ഫീഡ്സിന്റെ വിൽപ്പനയെയാണ് അത് ബാധിക്കുന്നതെന്നും അതിനെതിരെ കേരള ഫീഡ്സ് മുന്നോട്ടുവരണമെന്നും സമിതി നിർദ്ദേശിച്ചു.

<u>മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്</u>

'എം.പി.ഐ.-ക്ക് സഹായം' ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി ഇടയാറിലെ ഹൈടെക് സ്ലോട്ടർ ഹൗസ് നിർമ്മാണം പൂർത്തിയാക്കുന്നതിന് 1.5212 കോടി രൂപയും കൊല്ലം ജില്ലയിലെ ഏരൂരിൽ ആരംഭിക്കാനുദ്ദേശിക്കുന്ന മാംസ സംസ്കരണ യൂണിറ്റിന് 1.5 കോടി രൂപയും ഇടയാറിൽ എം.പി.ഐ. കാമ്പസിനുള്ളിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന റെന്ററിംഗ് പ്ലാന്റിന് 2 കോടി രൂപയും, ഇടയാറിലെ എം.പി.ഐ. കാമ്പസിൽ അത്യാധുനിക ബ്രീഡിംഗ് ഷെഡ് നിർമ്മാണത്തിന് 2 കോടി രൂപയും, ഇടയാർ എം.പി.ഐ. കാമ്പസിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ഓട്ടോമാറ്റിക് ഓപ്പൺ ബ്രോയിലർ ഫാമിന് 1.5 കോടി രൂപയും, സോസേജ് സംസ്കരണ സംവിധാനത്തിന് 1.15 കോടി രൂപയും, ശീതീകരണ സംവിധാനമുള്ള 4 റീഫർവാനുകൾ പ്രധാനപ്പെട്ട സിറ്റികളിൽ മൊബൈൽ സെയിൽസ് ഏർപ്പെടുത്താൻ മൊബൈൽ വാനുകൾ എന്നിവ വാങ്ങുന്നതിന് 2 കോടി രൂപയും, ചാലക്കുടി പരിയാരം വില്ലേജിൽ എം.പി.ഐ. യുടെ 16 ഏക്കർ സ്ഥലത്ത് ഒരു ഓപ്പൺ ലൈവ് സ്റ്റോക്ക് ഫാം കം ടെസ്റ്റിംഗ് സെന്റർ നടപ്പിലാക്കുന്നതിന് 3.5 കോടി രൂപയും ഭക്ഷ്യ സുരക്ഷ അവയർനെസ് പ്രോഗ്രാമിന് 71.88 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 15.89 കോടി രൂപ പ്രസ്തുത ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡിനുള്ള ആർ.ഐ.ഡി.എഫ്. വായ്പ ഇനത്തിൽ ആകെ 924 ലക്ഷം നബാർഡ് അനുവദിച്ചുവെങ്കിലും സർക്കാരിനു നൽകിയ തുക തിരിച്ചുനൽകാനുള്ള ഇനത്തിൽ 1.4091 കോടി രൂപയും പദ്ധതി വിഹിത വർദ്ധന 10% കൂട്ടിനൽകുന്ന തുകയായ 3.1020 കോടി രൂപയും ചേർത്ത് 4.5111 കോടി രൂപ ആവശ്യമാണെന്ന് മനസ്സിലാക്കിയ സമിതി ഇടയാറിലുള്ള ഫാക്ടറിയിൽ നിന്നും കശാപ്പുചെയ്ത മാംസം ഏരൂർ മാംസ സംസ്കരണ യൂണിറ്റിൽ ഭക്ഷണത്തിനു പാകമാക്കുന്ന റെഡി ടു സെർവ് ഉല്പന്നങ്ങളായി സംസ്കരിച്ച് പായ്ക്ക്ചെയ്ത് മാർക്കറ്റ് ചെയ്യുന്നതിന് 3.5 കോടി രൂപയും ഉൾപ്പെടെ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡിനുള്ള വായ്പകൾ (ആർ.ഐ.ഡി.എഫ്.) ശീർഷകത്തിൽ 8.0111 കോടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

<u>കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ്</u>

കന്നുകാലി പ്രജനനം ശക്തിപ്പെടുത്തുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനത്തിനായി 32 ലക്ഷം രൂപയും ഫീൽഡ് പെർഫോർമൻസ് റിക്കാർഡിംഗ് വഴി കന്നുകാലികളുടെ ജനിതക ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായുള്ള പദ്ധതിയ്ക്കായി 32 ലക്ഷം രൂപയും കുളത്തൂപ്പുഴയിലെ ഹൈടെക് ബുൾമദർ ഫാമിനോടനുബന്ധിച്ച് സാറ്റലൈറ്റ് ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്കായി 117.75 ലക്ഷം രൂപയും ചേർത്ത് കേരള ലൈവ് സ്റ്റോക്ക് ബോർഡിനുള്ള ധനസഹായം ശീർഷകത്തിൽ ആകെ 1.8175 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXXII-ക്ഷീരവികസന വകുപ്പ്

ബജറ്റിൽ 'ഡയറക്ടറേറ്റ്' എന്ന ശീർഷകത്തിൽ വിവിധ ഇനങ്ങളിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി ആയതിനാൽ യാത്രാബത്ത ഇനത്തിൽ 6.5 ലക്ഷം രൂപയും ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ ഇനത്തിൽ 6.4 ലക്ഷം രൂപയും, വാടക, കരം, നികുതി ഇനത്തിൽ 5000 രൂപയും ചെറുകിട മരാമത്തു പണികൾ ഇനത്തിൽ 2.4999 കോടി രൂപയും മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപണിയും ഇനത്തിൽ 2.26 ലക്ഷം രൂപയും മറ്റു ചിലവുകൾ-മറ്റിനം ഇനത്തിൽ 0.9 ലക്ഷം രൂപയും പി.ഒ.എൽ. ഇനത്തിൽ 0.95 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2.6705 കോടി രൂപ ടി ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്നും മോട്ടോർ വാഹനങ്ങൾ ഇനത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 55 ലക്ഷം രൂപ വകയിരുത്തണമെന്നും ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

ബജറ്റിൽ 'ജില്ലാഭരണം' ശീർഷകത്തിൽ വിവിധ ഇനങ്ങളിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ യാത്രാചെലവുകൾ യാത്രാബത്ത ഇനത്തിൽ 5 ലക്ഷം രൂപയും അവധി യാത്രാനുകൂല്യം ഇനത്തിൽ 1.9 ലക്ഷം രൂപയും ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ ഇനത്തിൽ 5.5 ലക്ഷം രൂപയും വാടക, കരം, നികുതി ഇനത്തിൽ 21 ലക്ഷം രൂപയും ചെറുകിട മരാമത്തു പണികൾ ഇനത്തിൽ 9.9999 കോടി രൂപയും മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപണികളും ഇനത്തിൽ 7.7 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 10.4109 കോടി രൂപ ജില്ലാ ഭരണം ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

152 ക്ഷീരവികസന യൂണിറ്റുകളിലെ ജീവനക്കാർക്ക് യാത്രാബത്ത കുടിശ്ശിക നൽകുവാനും റിട്ടയർ ചെയ്ത ജീവനക്കാർക്ക് യാത്ര ബത്ത കുടിശ്ശിക നൽകുവാനും 'യാത്ര ചെലവുകൾ-യാത്രാബത്ത' ഇനത്തിൽ 'വികസന പ്രവർത്തന ഘടകങ്ങൾ' ശീർഷകത്തിൽ 23 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

ക്ഷീരവികസനവകുപ്പ് നടപ്പിലാക്കുന്ന വിജ്ഞാന വ്യാപന പ്രവർത്തനത്തിനും ഉപദേശക സേവനങ്ങൾക്കുള്ള തുക വിനിയോഗിക്കുന്ന 'ഗ്രാമീണ ക്ഷീരവ്യവസായ വികസന ഉപദേശക പ്രവർത്തനങ്ങൾ' എന്ന ശീർഷകത്തിൽ 2017-18 വർഷം ക്ഷീരകർഷകർക്കും ഉരുക്കൾക്കും അപ്രതീക്ഷിതമായി ഉണ്ടാകുന്ന സാമ്പത്തിക നഷ്ടങ്ങൾക്കും ഫീൽഡ് സ്കൂളുകൾ സ്ഥാപിക്കുന്നതിനും കൂടാതെ പുതിയ ക്ഷീരവികസന സർവ്വീസ് യൂണിറ്റുകൾ ആരംഭിക്കുന്നതിനും വകുപ്പ് ഓഫീസുകളിൽ ജിയോ മാപ്പിംഗ്, ഇ-ഗവേർണൻസ് സംവിധാനം നടപ്പാക്കുന്നതിനും കന്നുകാലികൾക്കും കർഷകർക്കും സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനും അനുവദിച്ച തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ, ഗ്രാമീണ ക്ഷീരവ്യവസായ വികസന ഉപദേശക ശീർഷകത്തിൽ 5.4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യാൻ തീരുമാനിച്ചു.

വർഷം മുഴുവൻ കാലിത്തീറ്റ സബ്സിഡി കർഷകർക്ക് ലഭ്യമാക്കുമെന്ന് സർക്കാർ വാഗ്ദാനം ചെയ്തിരുന്നു. അപ്രകാരം കർഷകർ ക്ഷീര സംഘത്തിൽ അളക്കുന്ന ഓരോ ലിറ്റർ പാലിനും ഒരു രൂപ നിരക്കിൽ വർഷം മുഴുവൻ കാലിത്തീറ്റ സബ്സിഡി നൽകണമെങ്കിൽ ആകെ 61 കോടി രൂപയാണ് ആവശ്യമുള്ളതെന്നും ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്നത് തീരെ അപര്യാപ്തമാണെന്നും മനസ്സിലാക്കിയ സമിതി 3.5 ലക്ഷം കർഷകർക്ക് കാലിത്തീറ്റയ്ക്കുള്ള ധനസഹായം നൽകാനായി കാലിത്തീറ്റയ്ക്കുള്ള സബ്സിഡി ശീർഷകത്തിൽ 47 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

സംസ്ഥാനത്തെ ക്ഷീര സഹകരണ സംഘങ്ങൾ കേന്ദ്രീകരിച്ച് എസ്.എച്ച്.ജി/ സ്വയംസഹായക/വനിത ഗ്രൂപ്പ് രൂപീകരിച്ച് തീറ്റപ്പുൽകൃഷി വ്യാപകമാക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നതിനും, തരിശ് സ്ഥലങ്ങളിലും തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലും വ്യാവസായിക അടിസ്ഥാനത്തിൽ ക്ഷീരസംഘങ്ങളുടെ സഹകരണത്തോടെ പുൽകൃഷി പദ്ധതി വ്യാപിപ്പിക്കാനും ലക്ഷ്യമിട്ട് 12 കോടി രൂപയുടെ പ്രൊപ്പോസൽ ആണ് സമർപ്പിച്ചിരുന്നത്. എന്നാൽ അനുവദിച്ച തുക വളരെ കുറവാണെന്ന് കണ്ടെത്തിയ സമിതി 'കൃഷിക്കാരുടെ ഭൂമിയിലും ക്ഷീരോൽപ്പാദന സഹകരണ സംഘങ്ങളിലും കാലിത്തീറ്റ ഉൽപ്പാദനവും സൂക്ഷിക്കലും' ശീർഷകത്തിൽ 6 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

കേരള ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീരകർഷകരുടെ എണ്ണം വർദ്ധിപ്പിച്ചതിനാലും സാമൂഹിക സുരക്ഷാ പദ്ധതികൾക്കായി നൽകുന്ന ധനസഹായത്തുക വർദ്ധിപ്പിക്കേണ്ടതുള്ളതിനാലും ക്ഷീരകർഷക ക്ഷേമനിധി ബോർഡിന് ഇൻഷ്വറൻസ് പദ്ധതിക്ക് ധനസഹായം ശീർഷകത്തിൽ 65 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിനു തീരുമാനിച്ചു.

'കന്നുകാലിത്തീറ്റ കൃഷി വലിയതുറ സ്വീവേജ് ഫാം' ശീർഷകത്തിൽ വിവിധ ഇനങ്ങളിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി വാടക-കരം-നികുതി ഇനത്തിൽ 50,000 രൂപയും മറ്റു ചെലവുകൾ-മറ്റിനം ഇനത്തിൽ 1.05 ലക്ഷം രൂപയും മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും ഇനത്തിൽ 70,000 രൂപയും ഉൾപ്പെടെ ആകെ ഈ ശീർഷകത്തിൽ 2.25 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു

ക്ഷീരവികസന പരിശീലന കേന്ദ്രം ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി ഓഫീസ് ചെലവുകൾ- വെള്ളക്കരം ഇനത്തിൽ 3000 രൂപയും ഓഫീസ് ചെലവുകൾ-ടെലഫോൺ ചെലവ് ഇനത്തിൽ 75000 രൂപയും ഓഫീസ് ചെലവുകൾ-മറ്റിനങ്ങൾ ഇനത്തിൽ 75000 രൂപയും ചെറുകിട വാടക, കരം, നികുതി ഇനത്തിൽ 1 ലക്ഷം രൂപയും ചെറുകിട മരാമത്തു പണികൾ ഇനത്തിൽ 4.99 ലക്ഷം രൂപയും മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപണികൾ ഇനത്തിൽ 66,000 രൂപയും ഉൾപ്പെടെ ആകെ ഈ ശീർഷകത്തിൽ അധികമായി 8.18 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു

തെരഞ്ഞെടുത്ത അതിർത്തി ചെക്ക് പോസ്റ്റുകളിൽ പാൽഗുണനിലവാര പരിശോധനയ്ക്കായി സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിനും ദേശീയ അക്രഡിറ്റേഷൻ ലഭിച്ച സംസ്ഥാന ഡയറി ലാബിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി 'ഗുണനിയന്ത്രണ ലാബുകളുടെ ശക്തിപ്പെടുത്തൽ ശീർഷകത്തിൽ 4.59 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു

എഫ്.എസ്.എസ്.ഐ. ആക്ട് (ഭക്ഷ്യ സുരക്ഷ നിയമം) നിലവിൽവന്നപ്പോൾ ലാബുകളിൽ പാൽ ടെസ്റ്റ് ചെയ്യാനുള്ള വിദഗ്ധരില്ലായെന്നും ഇവർക്ക് നിലവിൽ പാൽ ടെസ്റ്റ് ചെയ്യാനുള്ള അധികാരമില്ല എന്നും കണ്ടെത്തിയ സമിതി ഫിഷറീസ്, ഭക്ഷ്യ സുരക്ഷ, ക്ഷീരവികസനം, വെറ്റിനറി എന്നീ വകുപ്പുകളുടെ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയ ശേഷം ആവശ്യമായ ശിപാർശകൾ ഉൾക്കൊള്ളിച്ച് സ്പെഷ്യൽ റിപ്പോർട്ടാക്കി സഭയിൽ സമർപ്പിക്കുന്നതിന് തീരുമാനിച്ചു

സംസ്ഥാനത്തെ പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് കൂടുതൽ ഡയറി ഫാമുകൾ സ്ഥാപിക്കുന്നതിനും ഉൽപ്പാദനശേഷി കൂടിയ കറവമാടുകളെ വാങ്ങുന്നതിനും കിടാരി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുമായി തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകളെ സംയോജിപ്പിച്ചുകൊണ്ട് ഡയറി സോൺ പദ്ധതി നടപ്പിലാക്കുവാനും കൂടുതൽ പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിലേക്കുമായി അധിക തുക

ആവശ്യമുണ്ടെന്ന് വിലയിരുത്തിയ സമിതി കരുതുന്നതിനാൽ 'മിൽക്ക്ഷെഡ് വികസന പദ്ധതി' ശീർഷകത്തിൽ 18.36 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

ക്ഷീരസംഘങ്ങളിൽ ആധുനികവൽക്കരണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനും ക്ഷീര സംഘങ്ങളിലൂടെ കർഷകർക്ക് സബ്സിഡി നിരക്കിൽ പച്ചപ്പുൽ, വൈക്കോൽ എന്നിവ എത്തിച്ചു നൽകുന്നതിനുമായി 'ക്ഷീരസഹകരണ സംഘങ്ങൾക്ക് സഹായം' ശീർഷകത്തിൽ 1.25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

മിൽമ ഡയറി പ്ലാന്റ്, കാലിത്തീറ്റ ഫാക്ടറി എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സഹകരണ ക്ഷീരവിപണന ഫെഡറേഷനുള്ള ധനസഹായം ശീർഷകത്തിൽ 5.345 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

ബ്രഹ്മഗിരി വികസന സൊസൈറ്റി വയനാട് മുഖേന ക്ഷീരവികസന/മൃഗസംരക്ഷണ പദ്ധതികൾ നടപ്പിലാക്കുന്നതിന് കഴിഞ്ഞ വർഷം അധികം ഗ്രാന്റ് 10 കോടി വകയിരുത്തിയിരുന്നെങ്കിലും 5 കോടി മാത്രമേ അനുവദിച്ചുള്ളൂ എന്നും ഈ വർഷം തുകയൊന്നും അനുവദിച്ചിട്ടില്ലായെന്നും മനസ്സിലാക്കിയ സമിതി 5 കോടി രൂപ 'വയനാട് ബ്രഹ്മഗിരി വികസന സൊസൈറ്റിക്ക് ധനസഹായം' ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

പുതിയ സർക്കാരിന്റെ നയപരമായ തീരുമാനപ്രകാരം പെൻഷൻ തുക 1100 രൂപയായി വർദ്ധിപ്പിക്കുമ്പോൾ കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡിനുണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത ലഘൂകരിക്കുന്നതിന് കേരള ക്ഷീരകർഷക ക്ഷേമനിധിക്ക് പെൻഷൻ നൽകുന്നതിനുള്ള വിഹിതം ശീർഷകത്തിൽ 20 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്ത കന്നുകാലികൾ ചത്തു പോകുകയും കറവപ്പശുക്കളുടെ പാലുൽപ്പാദനത്തിൽ കുറവുവരുകയും ചെയ്യുന്നതിന്റെ ഫലമായി കടക്കെണിയിലായി ജപ്തി നടപടികൾ അഭിമുഖീകരിക്കുന്ന ക്ഷീര കർഷകർക്ക് ധനസഹായം നൽകുന്നതിനായി കടക്കെണിയിലായ ക്ഷീര കർഷകർക്ക് ധനസഹായം ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി 7 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് തുക നൽകാനുള്ളതായി മനസ്സിലാക്കിയ സമിതി 'ക്ഷീരവകുപ്പിനുവേണ്ടി ഭൂമി ഏറ്റെടുക്കൽ' ശീർഷകത്തിൽ 2 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പർ XXXIII-മത്സ്യബന്ധനം

നിലവിലുള്ള സർക്കാർ ഫാമുകൾ, ഹാച്ചറികൾ, നഴ്സറികൾ അക്വേറിയങ്ങൾ എന്നിവയുടെ നടത്തിപ്പ്, സംരക്ഷണം, ഉത്പ്പാദന ശേഷി വർദ്ധിപ്പിക്കൽ, പ്രജനന മത്സ്യത്തിന്റെ സംരക്ഷണം, പ്രജനന പ്രവർത്തനങ്ങൾ, മത്സ്യവിത്ത് പരിപാലനം, ഉപകരണ ചെലവ് എന്നിവയും കൂടാതെ 2016-17-ലെ ബജറ്റ് അവലോകനത്തിന്റെ അടിസ്ഥാനത്തിൽ ആരംഭിച്ച പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും അനുവദിച്ച തുക അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി നഴ്സറികൾ സ്ഥാപിക്കൽ ശീർഷകത്തിൽ 4 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു

ഉൾനാടൻ/കടൽ മത്സ്യബന്ധനത്തിന്റെ വിവരശേഖരണവുമായി ബന്ധപ്പെട്ട ജീവനക്കാരുടെ ശമ്പളം, യാത്രാബത്ത, മറ്റു ചെലവുകൾ എന്നിവയ്ക്കായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി കണ്ടെത്തി ആയതിനാൽ 'മത്സ്യത്തൊഴിലാളികൾക്ക് വേണ്ടിയുള്ള വിവരശേഖരണം' ശീർഷകത്തിൽ 42 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

നിലവിലുള്ള പ്രദേശങ്ങളിലെ അക്വാകൾച്ചർ സാദ്ധ്യതകളുടെ പൂർണമായ വിനിയോഗം, സ്വാഭാവിക തെരഞ്ഞെടുപ്പിലൂടെയുള്ള ജനിതകമാറ്റം വരുത്തിയ വിത്തുകളുടെ ഉപയോഗം, പോഷകങ്ങളുടെയും, രോഗങ്ങളുടെയും മാനേജ്മെന്റ്, നൂതന അക്വാകൾച്ചർ സമ്പ്രദായങ്ങളുടെ ഉപയോഗം, പുനഃചംക്രമണ അക്വാകൾച്ചർ, തനത് മത്സ്യങ്ങളുടെ പോളികൾച്ചർ/മോണോകൾച്ചർ, സംയോജിത ഫാമിംഗ്, കൊഞ്ച്, ചെമ്മീൻ, കക്ക, എഡിബിൾ ചിപ്പി, മുത്തുച്ചിപ്പി, ചെളി ഞണ്ട്, ലോബ്സ്റ്റർ എന്നിവയുടെ ഫാമിംഗ്, അലങ്കാര മത്സ്യങ്ങളുടെയും അതിനനുബന്ധ വസ്തുക്കളുടെയും വലിയതോതിലുള്ള ഉത്പാദനവും അതിന്റെ വിപണനവും തുടങ്ങിയ മത്സ്യകൃഷി ഉല്പാദനത്തിലെ പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിന് അക്വാകൾച്ചർ ഡവലപ്പ്മെന്റ് ശീർഷകത്തിൽ 5 കോടി അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു.

സംസ്ഥാനത്തെ പരമ്പരാഗത മത്സ്യബന്ധനത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനായി സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണം ചെയ്യുന്നതിന് വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് നിരീക്ഷിച്ച സമിതി മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ വിതരണം ശീർഷകത്തിൽ 67 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് സമിതി തീരുമാനിച്ചു

മത്സ്യഫെഡിലെ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിലെ മത്സ്യത്തൊഴിലാളികൾക്ക് അവരുടെ മത്സ്യവിപണന സൗകര്യങ്ങൾ വിപുലമാക്കുന്നതിന് ആവശ്യമായ വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നതെങ്കിലും മുൻവർഷത്തിലെ സബ്സിഡികൾ മത്സ്യത്തൊഴിലാളികൾക്ക്

ലഭ്യമാക്കാനുണ്ടെന്ന് വിലയിരുത്തിയ സമിതി ആയതിനാൽ സംയോജിത മത്സ്യബന്ധന വികസന പദ്ധതി (100% എൻ.സി.ഡി.സി. സഹായം) (സംസ്ഥാന വിഹിതം) ശീർഷകത്തിൽ 18.7983 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

സംസ്ഥാനത്തെ 2,37,500 മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യസുരക്ഷ ഉറപ്പാക്കുന്നതിനായി നടപ്പിലാക്കുന്ന മത്സ്യത്തൊഴിലാളി ഇൻഷ്വറൻസ് പദ്ധതിയുടെ ഇൻഷ്വറൻസ് തുക 5 ലക്ഷം രൂപയിൽ നിന്നും 10 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ ഇതിനായി 8.55 കോടി രൂപ ആവശ്യമായി വരുമെന്ന് മനസ്സിലാക്കിയ സമിതി 'മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ഇൻഷ്വറൻസ്' ശീർഷകത്തിൽ 3.55 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിന് തീരുമാനിച്ചു.

സപ്ലൈകോ/കൺസ്യൂമർഫെഡ് പ്രവർത്തിക്കുന്ന പ്രദേശങ്ങൾ ഒഴികെയുള്ള പ്രദേശങ്ങളിൽ തീരമൈത്രി സൂപ്പർ മാർക്കറ്റുകളിലൂടെ മാവേലി ഇനത്തിൽപ്പെട്ട അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനുവേണ്ടി തീരമൈത്രി സൂപ്പർ മാർക്കറ്റ് ശീർഷകത്തിൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നതിനും തീരുമാനിച്ചു.

ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ഉൾപ്പെട്ടിരുന്ന മുനമ്പം, ശക്തികുളങ്ങര, പുതിയാപ്പ എന്നിവിടങ്ങളിലെ പ്രീപ്രൊസസ്സിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനായി 'മത്സ്യമാർക്കറ്റുകൾ, വാല്യൂ അഡീഷൻ, വിളവെടുപ്പ് പൂർവ്വപ്രവർത്തനങ്ങൾ എന്നിവയുടെ നവീകരണം' ശീർഷകത്തിൽ 7.5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിനും സമിതി തീരുമാനിച്ചു.

2017-18-ലെ നയപ്രഖ്യാപനത്തിൽ അലങ്കാര മത്സ്യവ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് ഒരു സമഗ്ര പദ്ധതി ആരംഭിക്കുമെന്നും ബഡ്ജറ്റ് പ്രസംഗത്തിന്റെ മറുപടിയിൽ 2 കോടി രൂപ വകയിരുത്തിയതായും പറഞ്ഞിരുന്നു എങ്കിലും ബജറ്റിൽ തുക വകയിരുത്തിയിട്ടില്ലായെന്ന് ചൂണ്ടിക്കാട്ടിയ സമിതി 'കേരള അക്വാവെൻച്വർ ഇന്റർനാഷണൽ ലിമിറ്റഡ്' ശീർഷകത്തിൽ 2 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിനും തീരുമാനിച്ചു.

മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിനും പഞ്ഞമാസ കാലയളവിൽ തൊഴിൽനഷ്ടം മൂലമുണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമായി 50% കേന്ദ്രസഹായത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതി പ്രകാരം ഓരോ വർഷവും ഓഗസ്റ്റ് മുതൽ ഏപ്രിൽ വരെയുള്ള 9 മാസങ്ങളിൽ തീരദേശ മത്സ്യത്തൊഴിലാളികളിൽ നിന്നും, ഒക്ടോബർ മുതൽ മെയ് വരെ 9 ഗഡുക്കളായി

ഉൾനാടൻ മത്സ്യത്തൊഴിലാളികളിൽ നിന്നും 1500 രൂപ വീതം ശേഖരിച്ച് ബാങ്കിൽ നിക്ഷേപിക്കുകയും സംസ്ഥാന വിഹിതമായി 1500 രൂപയും കേന്ദ്ര വിഹിതമായി 1500 രൂപയും ചേർത്ത് 4500 രൂപ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനാണ് ഈ പദ്ധതിക്ക് 2016-17-ൽ അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിനായി 2017-18-ൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി 'മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതിക്ക് അധിക സംസ്ഥാന വിഹിതം' ശീർഷകത്തിൽ 36.1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിനും തീരുമാനിച്ചു.

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന എല്ലാ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും നൽകുവാനുള്ള പെൻഷൻ കുടിശ്ശികയും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് 'മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലേയ്ക്കുള്ള സഹായം -മത്സ്യ അനുബന്ധ തൊഴിലാളികൾക്കുമുള്ള പെൻഷൻ' ശീർഷകത്തിൽ 50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിനും സമിതി തീരുമാനിച്ചു.

സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യ കുടിശ്ശിക നൽകുന്നതിന് രജിസ്റ്റർ ചെയ്ത 'മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യം' ശീർഷകത്തിൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിനും സമിതി തീരുമാനിച്ചു.

സംസ്ഥാനത്തെ 83000 അനുബന്ധ മത്സ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനായി 2.862 കോടി രൂപ ആവശ്യമാണെന്ന് കണ്ടെത്തിയ സമിതി, ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 'മത്സ്യബന്ധനവുമായി ബന്ധപ്പെട്ട മറ്റു തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കുള്ള ഇൻഷ്വറൻസ് പദ്ധതി' ശീർഷകത്തിൽ 1.362 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിനും തീരുമാനിച്ചു.

സെസ് സംബന്ധമായി കേസുകൾ തീർപ്പാക്കുന്നതിനായി 'കേരള മത്സ്യ-അനുബന്ധ തൊഴിലാളിക്ഷേമ സെസ് ആക്ട് 2007 പ്രകാരം പിരിച്ച സെസ് തുക കെ. എഫ്.ഡബ്ല്യൂ. ബോർഡിലേക്ക് മാറ്റുന്നത് 'എന്ന ശീർഷകത്തിൽ 15 ലക്ഷം അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിനും സമിതി തീരുമാനിച്ചു

മത്സ്യവിത്തുകളുടെ ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ പുതിയ മത്സ്യവിത്ത് ഫാമുകൾ/ഹാച്ചറികൾ/നഴ്സറികൾ എന്നിവയുടെ പൂർത്തീകരണത്തിനും നിലവിലുള്ള സർക്കാർ ഫാമുകളിൽ അധികം വിത്തുല്പാദന യൂണിറ്റുകളുടെ രൂപീകരണത്തിനും 2016-17 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രഖ്യാപനത്തിലെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും 'നഴ്സറികൾ

സ്ഥാപിക്കൽ' ശീർഷകത്തിൽ 9 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിനും സമിതി തീരുമാനിച്ചു.

ഐ.എഫ്.ഡി.പി. 2014-15, 2015-16 എന്നീ പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന വിഹിതമായി 13.2071 കോടി രൂപ അധികമായി ആവശ്യമുള്ളതിനാൽ 'സംയോജിത മത്സ്യബന്ധന വികസന പദ്ധതി (100% എൻ.സി.ഡി.സി. സഹായം)' ശീർഷകത്തിൽ 13.2071 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിനും സമിതി തീരുമാനിച്ചു.

കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം പദ്ധതിയ്ക്കുവേണ്ടി അനുവദിച്ചിട്ടുള്ള സബ്ഡിവിഷനിലെ 13 ജീവനക്കാരുടെ ശമ്പളം, മറ്റ് ബത്തകൾ ഉൾപ്പെടെയുള്ള എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ വഹിക്കുന്നതിന് 'കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം (50% കേന്ദ്രാവിഷ്കൃത പദ്ധതി)' എന്ന ശീർഷകത്തിൽ 67.49 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിനും സമിതി തീരുമാനിച്ചു.

ചേറ്റുവ മത്സ്യബന്ധന തുറമുഖം (75% കേന്ദ്രാവിഷ്കൃത പദ്ധതി) എന്ന പദ്ധതിയ്ക്കുവേണ്ടി അനുവദിച്ചിട്ടുള്ള സബ്ഡിവിഷനിലെ 9 ജീവനക്കാരുടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ വഹിക്കുന്നതിന് ഈ ശീർഷകത്തിൽ 59.65 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിനും സമിതി തീരുമാനിച്ചു.

'ചെറുവത്തൂർ മത്സ്യബന്ധന തുറമുഖം (75% കേന്ദ്രാവിഷ്കൃത പദ്ധതി)' പദ്ധതിയ്ക്കുവേണ്ടി അനുവദിച്ചിട്ടുള്ള സബ്ഡിവിഷനിലെ 10 ജീവനക്കാരുടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ വഹിക്കുന്നതിന് പ്രസ്തുത ശീർഷകത്തിൽ 44.93 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

നിലവിലുള്ള പെൻഡിംഗ് ബില്ലുകൾ നൽകുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച് ഡ്രഡ്ജിംഗ് പ്രവൃത്തികൾ ക്രമാനുസൃതമായി നടത്തേണ്ടതിനാൽ 'കടലോര മത്സ്യബന്ധന അടിസ്ഥാന സൗകര്യം മത്സ്യബന്ധനത്തിനുശേഷമുള്ള പ്രവർത്തനങ്ങൾ എന്നിവയുടെ വികസനത്തിനായുള്ള പദ്ധതി (50% കേന്ദ്രാവിഷ്കൃത പദ്ധതി)' ശീർഷകത്തിൽ 7.2 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിനും സമിതി തീരുമാനിച്ചു.

ബഡ്ജറ്റ് പ്രസംഗത്തിൽ പരാമർശിച്ചിട്ടുള്ള ഈ പദ്ധതിക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ലായെന്നത് ബോദ്ധ്യപ്പെട്ട സമിതി ചേത്തി മത്സ്യബന്ധന തുറമുഖം (സംസ്ഥാന പദ്ധതി) ശീർഷകത്തിൽ 10 ലക്ഷം രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിനും സമിതി തീരുമാനിച്ചു.

മുൻവർഷങ്ങളിൽ ഭരണാനുമതി ലഭിച്ച നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് മനസ്സിലാക്കിയ സമിതി 'ആർ.ഐ.ഡി.എഫ്. സഹായത്തിന്മേലുള്ള സംയോജിത തീരദേശ വികസന പദ്ധതി ശീർഷകത്തിൽ 40 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിനും സമിതി തീരുമാനിച്ചു.

ഓഷ്യനേറിയം പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ അന്തിമ ഘട്ടത്തിലായതിനാൽ ടി പദ്ധതി നടപ്പിലാക്കുന്നതിനായി 'ബയോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും ഓഷ്യനേറിയവും സ്ഥാപിക്കൽ' ശീർഷകത്തിൽ 5 കോടി രൂപ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിനും സമിതി തീരുമാനിച്ചു

അന്ധകാരനഴിപാലം നിർമ്മാണ പ്രവൃത്തിയുടെ 75% പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും 2017-18-ലെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല എന്ന് മനസ്സിലാക്കിയ സമിതി ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനായി 1.73 കോടി രൂപ 'ആലപ്പുഴ വടക്ക് അന്ധകാരനഴിപാലം നിർമ്മാണം' ശീർഷകത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുന്നതിനും സമിതി തീരുമാനിച്ചു.

താഴെപ്പറയുന്ന പദ്ധതികൾക്കായി പുതിയ ശീർഷകം അനുവദിച്ച് തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു

(1) <u>പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖം</u>

ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ പദ്ധതിക്ക് തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഇതിലേയ്ക്കായി 10 ലക്ഷം രൂപ.

(2) <u>ആർ. കെ. വി. വൈ. പദ്ധതിക്കുള്ള സംസ്ഥാന വിഹിതം</u>

കേന്ദ്ര സഹായപദ്ധതികളുടെ സ്റ്റേറ്റ് വിഹിതം വഹിക്കുന്നതിന് ബജറ്റ് തുക ആവശ്യമായതിനാൽ ഇതിലേയ്ക്കായി സബ്ഹെഡ് ഉണ്ടാക്കി 1000 രൂപ ടോക്കൺ പ്രൊവിഷൻ

(3) <u>എൻ. എഫ്. ഡി. സി. പദ്ധതികൾക്കായുള്ള സംസ്ഥാന വിഹിതം</u>

കേന്ദ്രസഹായ പദ്ധതികളുടെ സ്റ്റേറ്റ് വിഹിതം വഹിക്കുന്നതിന് ബജറ്റ് തുക ആവശ്യമായതിനാൽ ഇതിനായി സബ്ഹെഡ് ഉണ്ടാക്കി 1000 രൂപ ടോക്കൺ പ്രൊവിഷൻ

<u>മത്സ്യബന്ധന തുറമുഖത്തിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ</u>

നീണ്ടകര, ചെല്ലാനം, വൈപ്പിൻ മത്സ്യബന്ധന തുറമുഖങ്ങളിലെ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തികൾക്കായി 2017-18 സാമ്പത്തികവർഷം 15 കോടി രൂപ.

യോഗം ഉച്ചയ്ക്കുശേഷം 12.50-ന് പിരിഞ്ഞു.

* * * *

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്